മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 03 No. 26 | THE ONLINE OFFICIAL NEWS BULLETTIN | 2020 July 25

SEASON OF PENTECOST | **പെന്തിക്കോസ്തികാലം**

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
26 ♪7	27 ♪3	28 ♪7	29 ♪3	30 ♪7	31 ♪3	1 ♪7
8th Sunday after Pentecost	Comme. of Mar Shemavon Desthuno				734th Mem. Mar Gregorios Bar Hebraeus	Shunoyo Lent Begins (15 Day) Comme. of the Martyrs Marth Smooni & her 7 Children and Mar Eliazar, their teacher 8th Mem. of Poulose Mar Pachomios OIC (Betheny Asram Perunad)



‘ഗോൾഡെൻ പേജസ്’ പ്രകാശനം ചെയ്തു

ദേവലോകം: പരുമല സെൻ്റ് ഗ്രീഗോറിയോസ് ഇൻ്റർനാഷണൽ കാൻസർ സെൻ്ററിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഗോൾഡൻ പേജസ് മാസികയുടെ പ്രകാശനം പ. കാതോലിക്കാ ബാവ ദേവലോകം അരമനയിൽ വച്ച് നിർവ്വഹിച്ചു. മലങ്കര ഓർത്തഡോക്സ് സഭ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ ആദ്യപ്രതി ഏറ്റുവാങ്ങി. പരുമല ആശുപത്രി സി.ഇ.ഒ. ഫാ. എം. സി. പൗലോസ് സ്വാഗതം ആശംസിച്ചു. പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. തോമസ് പി. സഖറിയാ നന്ദി അറിയിച്ചു.



‘സുരക്ഷിതം നമ്മുടെ പരുമല’ ക്യാമ്പെയ്ൻ്റെ ഭാഗമായി പരുമല കടവിലെ ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് കോവിഡ്-19 സുരക്ഷ കിറ്റ് (മാസ്ക്, ഗ്ലൗസ്, സാനിറ്റൈസർ, ഫേസ് ഷീൽഡ്) വിതരണം ചെയ്തു. പരുമല ആശുപത്രി സി.ഇ.ഒ. ഫാ. എം. സി. പൗലോസ്, ഡോ. എബിൻ വർഗീസ് എന്നിവർ സുരക്ഷ കിറ്റ് ഉപയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

സഭാ സ്ഥാപനങ്ങൾ ക്വാറൻ്റൈൻ പ്രവർത്തനങ്ങൾക്കായി വിട്ടു നൽകും

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കീഴിലുള്ള സെമിനാരികൾ, എഞ്ചിനിയറിംഗ് കോളജുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ആശ്രമങ്ങൾ, ധ്യാനകേന്ദ്രങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ ഉൾപ്പടെ 12 സ്ഥാപനങ്ങൾ കോവിഡ്-19 ക്വാറൻ്റൈൻ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാറിന് വിട്ടുനൽകുവാനുള്ള സന്നദ്ധത പ. കാതോലിക്കാ ബാവാ മുഖ്യമന്ത്രിയെ അറിയിച്ചു.




സന്യാസ ജീവിതം സാമൂഹിക പ്രതിബദ്ധതയോടെ നയിക്കപ്പെടണം: മാർ ഗ്രിഗോറിയോസ്

റാന്നി: സന്യാസജീവിതം ആദ്ധ്യാത്മിക വിശുദ്ധിയോടുകൂടിയും കാലഘട്ടത്തിനനുസൃതമായ സാമൂഹിക പ്രതിബദ്ധതകൾ നിറവേറ്റിയും നയിക്കപ്പെടേണ്ടതാണ് എന്ന് ഹോളി ട്രിനിറ്റി ആശ്രമത്തിൻ്റെ സുവർണ്ണ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. ശക്തമായ ദൈവവിളി തിരിച്ചറിയുകയും ഭൗതികമായ നേട്ടങ്ങൾക്കുള്ള സാധ്യതകൾ ഉപേക്ഷിക്കുകയും ചെയ്ത് സ്വന്ത ജീവിതത്തെയും ആർജ്ജിതമായ സകലത്തെയും സഭയ്ക്ക് വേണ്ടി സമർപ്പിച്ച് മാതൃകയായി തീർന്ന പിതാവായിരുന്നു ഗീവർഗീസ് മാർ ദീയസ്ക്കോറോസ് എന്നും മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു.

ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ 21-ാം ഓർമ്മപെരുന്നാൾ പ്രമാണിച്ച് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ആശ്രമ ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് ചേർന്ന സുവർണ്ണ ജൂബിലി സമ്മേളനത്തിൽ ആശ്രമ സുപ്പീരിയറും നിലയ്ക്കൽ ഭദ്രാസനാധിപനുമായ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടപ്പിലാക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ചികിത്സാ സഹായം വിതരണം ചെയ്തുകൊണ്ട് റാന്നി എം.എൽ.എ രാജു എബ്രഹാം നിർവഹിച്ചു. ഫാ.മത്തായി ഒ.ഐ.സി, കെ. ടി. മാത്യൂസ് റമ്പാൻ, ഔഗേൻ റമ്പാൻ, ആശ്രമം സെക്രട്ടറി ഫാ. തോമസ് പി. തോമസ് എന്നിവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ



“ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു”


ഡോ. ഗീവർഗീസ് മാർ യൂലിയോസ്

പ്രിയ വിശ്വാസികളേ,

വി. പെന്തിക്കുസ്തി പെരുന്നാളിന് ശേഷം എട്ടാം ആഴ്ചയിൽ നാം എത്തുമ്പോൾ “ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്നു”വെന്ന സന്ദേശമാണ് കർത്താവിന്റെ സുവിശേഷം നമ്മെ അറിയിക്കുന്നത്.

ദൈവരാജ്യത്തിന്റെ മർമ്മമായ യേശുക്രിസ്തു വിതയ്ക്കപ്പെട്ട വയലായ പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനായി പ. സഭ ഒരുങ്ങുന്ന ശൂനോയോ നോമ്പു കാലത്ത് ഈ സന്ദേശത്തിന് പ്രത്യേക അർത്ഥമുണ്ടെന്ന് ഓർക്കണം. ഒപ്പം മറുരൂപമലയിൽ നമ്മുടെ കർത്താവ് മോശയോടും ഏലിയാവിനോടുമൊപ്പം തന്റെ മഹത്വപൂർണ്ണതയെ തന്റെ ശിഷ്യന്മാരെ കാണിച്ച് തന്റെ മനുഷ്യാവതാര വ്യാപാരത്തിന്റെ മർമ്മം അവരെ പഠിപ്പിക്കുന്ന സംഭവവും ഈ ആഴ്ചയിൽ വി. കൂടാരപെരുന്നാളിലൂടെ നാം ധ്യാനിക്കുന്നു.

ദൈവരാജ്യത്തിന്റെ മർമ്മം വി. പിതാക്കന്മാർക്ക് വെളിപ്പെടുത്തപ്പെട്ട സംഭവങ്ങളാണ് പഴയനിയമ വായനകളിലും ലേഖനങ്ങളിലെ ചരിത്ര ആഖ്യാനങ്ങളിലും വർണ്ണിക്കപ്പെടുന്നത്.



ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ വച്ച് മുൾപടർപ്പിന്റെ നടുവിൽ നിന്നു അഗ്നിജ്വാലയിൽ മോശയ്ക്കു പ്രത്യക്ഷപ്പെട്ടവൻ: ഇങ്ങോട്ടു അടുക്കരുത്; നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാകയാൽ കാലിൽ നിന്നു ചെരിപ്പ് അഴിച്ചു കളക എന്ന് കല്പിച്ച ശേഷം ദൈവത്തിന്റെ രക്ഷണ്യ പ്രവൃത്തിയുടെ മർമ്മം അവനെ അറിയിക്കുന്നു. മർമ്മത്തിന്റെ പൊരുളിനെ കുറിച്ച് ജനത്തോട് എന്തു പറയണം എന്ന മോശയുടെ ചോദ്യത്തിനും ആകുലതയ്ക്കും ലഭിക്കുന്ന ഉത്തരം: “ഞാനാകുന്നവൻ ഞാനാകുന്നു” എന്നാണല്ലോ. ഉള്ളവനും ഉണ്മയും ഉളവാകുന്നവനുമാകുന്നവൻ (ആൽഫയും ഒമേഗയും) അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണെന്നും അവന് ഉറപ്പു കൊടുക്കുന്നു (പുറപ്പാട് 3).

ഒരേസമയം മുൾപടർപ്പ് തീ പിടിച്ച് കത്തുന്നതും അതേസമയം മുൾപടർപ്പ് വെന്തുപോകാതിരിക്കുന്നതുമായ കാഴ്ച മോശയെ അമ്പരിപ്പിക്കുന്നുണ്ട്. “ദൈവത്തിന്റെ വചനമാകുന്ന രണ്ടാമത്തെ ഏക ക്നൂമ്മാ, തന്റെയും തന്റെ പിതാവിന്റെയും ജീവനുള്ള തന്റെ പരിശുദ്ധ റൂഹായുടെയും തിരുവിഷ്ടത്താൽ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന് ദൈവമാതാവായ പ. കന്യകമറിയാമിന്റെ ഉദരത്തിൽ വസിക്കുകയും തന്റെ മനുഷ്യസ്നേഹത്താൽ അവളിൽ നിന്നു ജഡം ധരിക്കുകയും ചെയ്തുവെന്നും കന്യകമറിയാമിന്റെ ഉദരത്തിൽ താൻ മുഴുവനായി വസിച്ചിരിക്കുമ്പോൾ തന്റെ ദൈവത്വത്തിന്റെ സിംഹാസനത്തിന്മേൽ താൻ ഇരുന്നിരുന്നു ”വെന്നുമുള്ള മർമ്മമാണ് എരിയാത്ത മുൾപടർപ്പിന്റെ നടുവിൽ എരിതീ കാണപ്പെടുന്നതിൽ നിന്നും വെളിവാകുന്നത്. ഒപ്പം തന്നെ കന്യകയുടെ വ്രതമുദ്രയ്ക്കും ഭംഗമുണ്ടായില്ല എന്നും പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നു.

ആദ്യം മുൾപടർപ്പിൽ സൂചിപ്പിക്കപ്പെട്ടതും കാലതികവിൽ കന്യകയിൽ നിന്നും ജാതം ചെയ്തതുമായ ആ ദിവ്യരഹസ്യമാണ് മറുരൂപമലയിൽ (താബോർ) മോശയുടെയും ഏലിയാവിന്റെയും മുന്നിൽ തേജസ്സിൽ വെളിവാക്കപ്പെടുന്നത്. “സുവാർത്ത ദൂതന്റെ കാൽ പർവ്വതത്തിൽ എത്ര മനോഹരം” എന്ന് യെശയ്യാ പ്രവാചകൻ ഈ പ്രത്യക്ഷതയെ സാക്ഷിക്കുന്നു (52:7).

അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വി. വംശവുമായ ദൈവജനത്തിന് മാത്രമേ ഈ രഹസ്യം (മർമ്മം) വെളിപ്പെടുകയുള്ളു എന്ന് വി. പത്രോസ് ശ്ലീഹായും (1 പത്രോസ് 2:6–10) പഠിപ്പിക്കുന്നു.

മറുരൂപപെരുന്നാളിന്റെ ഒരുക്കത്തിനായി എബ്രായ ലേഖകൻ ആഹ്വാനം ചെയ്യുന്ന വാക്കുകളും ശ്രദ്ധേയമാണ്. ദൈവപുത്രനായ യേശു ആകാശത്തിൽ കൂടി കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊണ്ട് ധൈര്യത്തോടെ അവന്റെ കൃപാസനത്തിനു അടുത്തു ചെല്ലുക എന്നും അവൻ നമ്മുടെ പാപത്തെ വഹിക്കുന്നവനും ബലഹീനതയെ ശക്തീകരിക്കുന്നവനുമാകയാൽ അവനിൽ തന്നെ ശരണപ്പെടുകയെന്നും അവൻ ആഹ്വാനം ചെയ്യുന്നു.

മർമ്മത്തെ സ്വീകരിച്ചവളാണ് വി. കന്യകമറിയാം. മർമ്മത്തെ അറിയുകയും സ്വീകരിക്കുകയും ചെയ്യണമെങ്കിൽ ആയതിനുള്ള ഒരുക്കവും വിശുദ്ധിയും ഏറെ ആവശ്യമെന്ന് വി. കന്യകമറിയാമിന്റെ ജീവിതം നമ്മോട് പറയുന്നുണ്ട്. ശൂനോയോ നോമ്പ് ദിനങ്ങളിലെ പ്രത്യേക പ്രാർത്ഥന ശ്രദ്ധിക്കുക: “മർത്തമറിയം ലോക ഇമ്പങ്ങളെ ഒക്കെയും വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച് സർവ്വ നന്മകളാലും അലങ്കരിക്കപ്പെട്ടതിനാൽ അവൾ ദൈവത്തിന്റെ മാതാവായി തീരുവാൻ തിരഞ്ഞെടുക്കപ്പെട്ടതുപോലെ കർത്താവേ, ഞങ്ങളും ലോക ഇമ്പങ്ങളെ വെടിഞ്ഞ് നോമ്പ്, നമസ്ക്കാരം മുതലായ നന്മകളാൽ അലങ്കരിക്കപ്പെട്ടവരും നിനക്കു വസിപ്പാൻ തക്ക വിശുദ്ധ ആലയങ്ങളും ആയിരിപ്പാൻ യോഗ്യരായിത്തീരണമേ.”

സ്ത്രീ മൂലം വന്ന നാശത്തെ സ്ത്രീ മൂലം തീർപ്പാനായിട്ടാണ് ദൈവിക രക്ഷണ്യ പദ്ധതിയിൽ മൊർത്ത് മറിയം തിരഞ്ഞെടുക്കപ്പെട്ടതെന്നും അവളുടെ മദ്ധ്യസ്ഥം പുത്രൻ തമ്പുരാൻ എല്ലായ്പോഴും കേട്ട് (കാനാവിലെ പോലെ) ലോകത്തിന്റെ കുറവുകളെ നീക്കിയെന്നും ഒടുവിൽ അവളുടെ മരണസമയത്ത് മാലാഖമാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പൂർവ്വ പിതാക്കന്മാരുടെയും കൂട്ടത്തോടു കൂടി അവൻ എഴുന്നള്ളി വന്ന് അവളുടെ ആത്മാവിനെ സ്വീകരിച്ചുവെന്നും പ്രാർത്ഥനകളിൽ കാണുന്നു. അവളുടെ ശരീരം പുത്രനെ വഹിച്ച ഉദരവും ഊട്ടിയ മുലകളും താലോലിച്ച കരങ്ങളും അവനെ ആദ്യം ദർശിച്ച കണ്ണുകളും കേട്ട കാതുകളും എല്ലാം ചേർന്നതാകയാൽ സർവ്വ ബഹുമാന ആദരവുകളോടും കൂടെ അത് ആകാശത്തിലേയ്ക്ക് ഉയർത്തപ്പെട്ടുവെന്നും പ. സഭയുടെ പാരമ്പര്യത്തിൽ കാണുന്നു.

മർമ്മത്തെ അറിയണമെങ്കിൽ താബോറിന്റെ അനുഭവം രുചിക്കണമെന്ന സന്ദേശമാണ് മറുരൂപപെരുന്നാളും നമുക്ക് നൽകുന്നത്: “കർത്താവേ, കീപ്പായെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു പോയതുപോലെ നിന്റെ അടുക്കലേയ്ക്കു ഞങ്ങളെ ആകർഷിക്കണമേ. മോശയും ഏലിയാവും എന്നപോലെ ഞങ്ങൾ എല്ലായ്പോഴും നിന്നോടു സംഭാഷണം ചെയ്യുമാറാകണമേ. ഉയരങ്ങളിലേയ്ക്ക് ഞങ്ങളുടെ ബോധങ്ങളെ ഉയർത്തണമേ” എന്നാണ് പ്രാർത്ഥന.

തന്റെ രണ്ടാമത്തെ വരവാകുന്ന കല്യാണവിരുന്നിൽ പ്രകാശവും വെണ്മ യുമുള്ള കല്യാണവസ്ത്രങ്ങൾ ധരിക്കുവാനും 'ഞാൻ പ്രീതിപ്പെട്ടിട്ടുള്ള എന്റെ വത്സല പുത്രൻ ഇവനാകുന്നു; എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, ഒരുക്കപ്പെട്ടിരിക്കുന്ന നിത്യാനന്ദത്തെ അവകാശമാക്കുവിൻ'' എന്നുള്ള സന്തോഷ ശബ്ദം കേൾക്കുവാനും ഞങ്ങൾക്ക് ഇടയാക്കണമേ എന്നും സ്വർഗ്ഗ രാജ്യത്തിലെ പ്രകാശ കൂടാരങ്ങളിൽ വിശ്വാസികളായ വാങ്ങിപ്പോയവരോടുള്ള സജീവ സംസർഗ്ഗത്തിൽ വസിക്കുന്ന അനുഭവം എല്ലായ്പോഴും ഞങ്ങളിൽ നിലനിർത്തണമേ എന്നും ഈ ദിവസങ്ങളിൽ പ. സഭ പ്രത്യേകം അപേക്ഷി ക്കുന്നു.

താബോറിന്റെ അനുഭവവും മുൾപടർപ്പിൽ മോശയ്ക്കുണ്ടായ അനുഭവവും പ. സഭയുടെ കൗദാശിക–ആരാധനാ ജീവിതത്തെ തന്നെയാണ് വെളിവാക്കു ന്നത് എന്നതിനാൽ പ. ദേവാലയ കൂദാശ, പട്ടംകൊട ശുശ്രൂഷ, വിവാഹ കൂദാശ, കബറടക്ക ശുശ്രൂഷ എന്നിങ്ങനെ മിക്കവാറും ആരാധനക്രമങ്ങളിൽ രക്ഷയുടെ മർമ്മം വെളിപ്പെടുന്ന ഈ സംഭവങ്ങൾ ശ്രേഷ്ഠമായ ധ്യാനചിന്ത കളായി പിതാക്കന്മാർ ഉപയോഗിക്കുന്നുണ്ട്.

പ. ശ്ലീഹന്മാരെപ്പോലെ 'ഇവൻ എന്റെ വാത്സല്യപുത്രനാകുന്നു' എന്ന് പിതാ വായ ദൈവം പുത്രനെ സാക്ഷിക്കുന്ന ശബ്ദം കേൾക്കുവാൻ ഞങ്ങൾക്കും ഭാഗ്യം തരണമേ എന്നും നാം പ്രാർത്ഥിക്കുന്നു. പിതാവിൽ നിന്നും "സർവ്വ ലോകങ്ങൾക്കും മുമ്പെ ജനിച്ച പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യ ദൈവത്തിൽ നിന്നുള്ള സത്യദൈവവും" തങ്ങളുടെ മുന്നിൽ മനുഷ്യാവതാരം ചെയ്ത യേശുവാകുന്ന എന്നതാണല്ലോ സുവിശേഷത്തിന്റെ മർമ്മം. ആ മർമ്മം വെളിവാകുന്നതിൽ പ. കന്യകമറിയാമിനും വി. ശ്ലീഹന്മാർക്കും നിബിയന്മാർക്കു മുള്ള സ്ഥാനവുമൊക്കെ ഏറെ വിശദീകരിക്കുന്ന വായനകളും പ്രാർത്ഥനക ളുമാണ് ഈ ആഴ്ചയിൽ കടന്നു വരുന്നത് എന്ന് സാരം.

നോമ്പ് ഒരുക്കത്തോടെ അനുഷ്ഠിക്കാൻ ദൈവം സഹായിക്കട്ടെ. ദൈവം അനുഗ്രഹിക്കട്ടെ.

❑

പാത്രിയർക്കീസ് വിഭാഗം വ്യാജ ആരോപണങ്ങൾ നടത്തുന്നു: മാർ ദിയസ്ക്കോറോസ്

കോട്ടയം: ഇടുക്കി ജില്ലയിൽ അങ്കമാലി ഭദ്രാസനത്തിൽപെട്ട മുള്ളരിങ്ങാട് സെന്റ് മേരീസ് ഗത്സീമോൻ ഓർത്തഡോക്സ് പള്ളിയിലെ വിധി നടത്തിപ്പു മായി ബന്ധപ്പെട്ട് വ്യാജ ആരോപണങ്ങളാണ് പാത്രിയർക്കീസ് വിഭാഗം നട ത്തുന്നതെന്ന് മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത. പള്ളി 1934-ലെ സഭാ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നുള്ള ഹൈക്കോടതി വിധി നടപ്പാക്കു വാൻ പോലീസ് സംരക്ഷണം നൽകണമെന്ന ഉത്തരവാണ് കഴിഞ്ഞയാഴ്ച ജില്ലാ കളക്റ്ററുടെയും പോലീസ് അധികാരികളുടെയും സഹകരണത്തോടെ പൂർത്തീകരിച്ചത്. എന്നാൽ വിധിനടത്തിപ്പ് പ്രക്രിയയ്ക്കിടയിൽ കൊറോണ രോഗം പരത്തുവാൻ ജില്ലാ ഭരണകൂടവും ഓർത്തഡോക്സ് സഭയും കാരണ ക്കാരായി എന്ന പാത്രിയർക്കീസ് വിഭാഗത്തിന്റെ ആരോപണം സത്യവിരുദ്ധ മാണ്.

കോവിഡ് 19 മാനദണ്ഡങ്ങൾ ലംഘിച്ച് കൂട്ടംകൂടിയത് പാത്രിയർക്കീസ് വിഭാ ഗമാണ്. അന്യമതത്തിൽ പെട്ടവരെപ്പോലും പ്രതിഷേധത്തിൽ പങ്കുചേർത്ത്, കൂട്ടംകൂടുവാൻ പ്രേരിപ്പിച്ച് നൂറിൽ അധികം പേർ ഒത്തുവന്നതിനാലാണ് രോഗ വ്യാപനമുണ്ടായത്. അതിന് അവർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒന്നിലധികം പ്രാവശ്യം മാനദണ്ഡങ്ങൾ ലംഘിച്ച് കൂട്ടം കൂടിയ പാത്രിയർക്കീസ് വിഭാഗമാണ് കോവിഡ് വ്യാപനത്തിന് കാരണക്കാരായത്. കോവിഡ് 19 മാനദണ്ഡങ്ങൾ പ്രകാരം ഓർത്തഡോക്സ് സഭാംഗങ്ങളായ 5 പേർ മാത്രമാണ് പള്ളിയിലെത്തിയത്.

പലവട്ടം ചർച്ചചെയ്ത്, കോടതിവിധി സമാധാനപരമായി നടപ്പാക്കാൻ സഹ കരിക്കണമെന്ന് കളക്ടർ ആവശ്യപ്പെട്ടിരുന്നതാണ്. ജൂൺ 30-നകം പള്ളിയുടെ താക്കോൽ യഥാർത്ഥ അവകാശികൾക്ക് തങ്ങൾ നൽകിക്കൊള്ളാം എന്ന് പറഞ്ഞിരുന്നതുമാണ് എങ്കിലും പാലിച്ചില്ല. ഈ മാസം 15-നകം വിധി നട പ്പാക്കിയിരിക്കണം എന്ന കോടതിയുടെ ശക്തമായ നിർദ്ദേശം അനുസരിക്കുക മാത്രമാണ് ജില്ലാഭരണകൂടം ചെയ്തത്. ഈ വസ്തുത മറച്ചുവച്ചുകൊണ്ടാണ്, ധീരമായ നിലപാടെടുത്ത് കോടതിവിധി നടപ്പാക്കാൻ ശ്രമിച്ച ഇടുക്കി ജില്ലാ കളക്ടർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും എതിരേ, പ്രക്ഷോഭണം അഴിച്ചു വിട്ടിരിക്കുന്നത്. മുള്ളരിങ്ങാട് പ്രദേശത്തുണ്ടായ കോവിഡ് വ്യാപനം, ഓർത്ത ഡോക്സ് സഭയെ മനപൂർവ്വം അപകീർത്തിപ്പെടുത്തുവാനായി നടത്തിയ ഗൂഡാ ലോചനയുടെ ഫലമാണോ എന്ന് പോലീസ് അന്വേഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.



The Northeast American Diocese of the Malankara Orthodox Syrian Church stands in solidarity with our fellow Orthodox Christians throughout the world, who grieve for Constantinople's Hagia Sophia.

Day of Mourning for Hagia Sophia - Friday, July 24, 2020

The Malankara Orthodox Syrian Church joins the world in protesting the decision to make one of the most historic masterpieces of Christendom, into a mosque. Hagia Sophia has been a sacred place of significant importance for the Orthodox Church, especially the Ecumenical Patriarchate of Constantinople.

The benevolence of the Turkish government has ensured this sacred place to be preserved as a museum for all generations, irrespective of faith to enjoy. The recent decision to convert Hagia Sophia from a museum into a mosque destroys the very message of tolerance which it stood for. The Northeast American Diocese joins the millions of Christians and other secular-minded people throughout the world, as we grieve over such a devastating decision. The Northeast American Diocese joins our brothers and sisters of the Greek Orthodox Archdiocese of America, and other Christian denominations, in observing a "Day of Mourning" on Friday, July 24, 2020. Our Diocesan clergy and faithful stand against this act of religious aggression and pray sober minds will prevail over such acts of aggression.

Our Church requests President Recep Tayyip Erdogan to reconsider his painful decision, and return to the status quo which Hagia Sophia remains as a museum. This is a place to celebrate religious pluralism in Turkey, and as a wonderful example to the world. The Malankara Church prays that this symbol of peace and co-existence will be permitted to continue, so all people can celebrate the rich history of Hagia Sophia.

- Metropolitan Zachariah Mar Nicholovos
Northeast American Diocese of the Malankara Orthodox Syrian Church
President of the Department of Ecumenical Relations - Malankara Orthodox Syrian Church

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

THE INDIAN ORTHODOX CHURCH

(The Malankara Orthodox Syrian Church)

Catholicate of the East

Diocese of Ahmedabad



'Gandhi Smriti'
St. Thomas Bishop's House
Naroda- Ahmedabad
Gujarat, India - 382 330

By His Grace,
Dr. Geevarghese Yulios Metropolitan

Kalpana No. 43/20

"യാചിക്കുന്നു - ഞങ്ങളോടൊപ്പം ഞങ്ങൾക്കായി പ്രാർത്ഥിക്കുക നീ
നൃപപതി സവിധം - ശമവും ശാന്തിയുമുലകെങ്ങും വാഴട്ടതിനാൽ
സദയം നീ-ക്കീടട്ടെ സകല നിവാ-സങ്ങളിൽ നി-ന്നരിശത്തിൻ ദണ്ഡം"
(ബുധനാഴ്ച സന്ധ്യാ നമസ്ക്കാരത്തിലെ ഈ അപേക്ഷ ഒന്നിച്ച് ചൊല്ലുക.)

കർത്താവിൽ വാത്സല്യമുള്ളവരേ,

2020-ാം ആണ്ട് ആരംഭം മുതൽ ലോകത്തെ സ്തംഭിപ്പിക്കുവാൻ തുടങ്ങിയ കോവിഡ്-19 എന്ന മഹാമാരിയും അതിന്റെ പാർശ്വഫലങ്ങളായി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന രോഗാവസ്ഥകൾ, മരണങ്ങൾ, യാത്രാക്ലേശം, ദാരിദ്ര്യം, ഒറ്റപ്പെടലുകൾ, നിരാശാബോധം തുടങ്ങിയ വൈതരണികൾ കൂടിവരുന്നതല്ലാതെ ആയവയ്ക്ക് ഒരു ശമനം ഉണ്ടാകുകയോ ഫലപ്രദമായ പ്രതിവിധി കണ്ടെത്തുവാൻ ആധുനിക മനുഷ്യനും അവന്റെ ശാസ്ത്ര, സാങ്കേതിക വിദ്യകൾക്കും ഇന്നുവരെയും സാധിക്കാതെ ലോകം ഇരുട്ടിൽ തപ്പുകയും ചെയ്തുകൊണ്ടിരിക്കുകയാണല്ലോ.

ലോകചരിത്രത്തിൽ മനുഷ്യസമൂഹത്തിന്റെ കണ്ടുപിടുത്തങ്ങളും അതിലൂടെ ഉണ്ടായ ശാസ്ത്ര, സാങ്കേതിക നേട്ടങ്ങളും ഏറെ പ്രശംസനീയങ്ങൾ ആണ്. എന്നാൽ പ്രകൃതിയോട് സമരസപ്പെട്ട് അതിനെ ആദരിച്ചുകൊണ്ടുള്ള വളർച്ചകൾ മാത്രമേ ആത്യന്തിക വിജയം നേടുകയുള്ളു എന്ന് നാം ഓർക്കണം. ശാസ്ത്രം പുരോഗമിച്ചതോടെ മനുഷ്യൻ 'അതിമാനുഷൻ' (Supperman) ആയി എന്നും 'ദൈവം മരിച്ചു' (Death of God) എന്നുമൊക്കെ കുറെ പേരെങ്കിലും നിഗളിച്ചു. 'പരമാണു കണുവിലും പരമമായ് വാഴുന്ന പരമ പ്രകാശത്തെ' നിഷേധിക്കുന്നവന് മനുഷ്യകുലത്തിന്റെ അന്തകനായി മാറുന്ന ഒരു അതിസൂക്ഷ്മാണുവിനെ നിയന്ത്രിക്കാനാകാതെ അവൻ നടുങ്ങി നട്ടംതിരിയുന്ന ദുരവസ്ഥയാണ് നാം കാണുന്നത്!

"താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിന് ദുഃഖമായി" (ഉല്പത്തി 6.6) എന്നും പ്രളയമെന്ന മഹാമാരിയിൽ "കരയിലുള്ള സകലത്തിലും മൂക്കിൽ ജീവശ്വാസം ഉള്ളതൊക്കെയും ചത്തു" (ഉല്പത്തി 7.22) എന്നും ആദ്യഗ്രന്ഥത്തിൽ തന്നെ നാം വായിക്കുന്നുവെങ്കിലും രക്ഷപ്പെട്ടു വീണ്ടും വളരുമ്പോൾ "വരുവീൻ നാം ആകാശത്തോളം എത്തുന്ന ഒരു ഗോപുരം പണിക; നമുക്ക് ഒരു പേരുണ്ടാക്കുക (ഉല്പത്തി 11.4) എന്ന വ്യർത്ഥ-മാത്സര്യ ബോധം മഹാമാരികളുടെ തുടർച്ചയ്ക്ക് ഹേതുകമാകുന്ന കാഴ്ചയും ചരിത്രത്തിൽ ആവർത്തിക്കപ്പെടുന്നു.

വാത്സല്യ മക്കളെ,

ദൈവത്തോട് മറുതലിക്കുവാനോ, സ്വയം നിഗളിക്കുവാനോ നമുക്ക് അവകാശമില്ല എന്ന പാഠം ഉൾക്കൊള്ളുവാനും തെറ്റുകൾ തിരുത്തുവാനും "സർവ്വശക്തിയുള്ള പിതാവായി സർവ്വത്തിന്റെയും സ്രഷ്ടാവായ സത്യ ഏകദൈവത്തിൽ വിശ്വസിക്കുവാനും" പ്രകൃതിയോട് നിരപ്പായി അതിനെ സൂക്ഷിക്കുവാനുമുള്ള ഉത്തരവാദിത്വം മനുഷ്യകുലം ഏറ്റെടുക്കുകയും ചെയ്യുമ്പോൾ ഈ മഹാമാരിക്കും അന്ത്യം ഉണ്ടാകും. "അവർ ദുർമാർഗ്ഗം വിട്ടുപിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ ദൈവം അനുതപിക്കുകയും അവരെ രക്ഷയിലേക്ക് നയിക്കുകയും ചെയ്തു" എന്ന് (യോന 3.10) നിനുവയരെ കുറിച്ചും നാം വായിക്കുന്നു. "മനുഷ്യർക്ക് അസാധ്യമാകുമ്പോൾ ദൈവം പ്രവർത്തിക്കുകയും സകലവും സാധ്യമാവുകയും" (വി. മത്തായി 19.26) ചെയ്യുമെന്നും "രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല (യെശ. 59.1) എന്നും നമുക്ക് പ്രത്യാശയോടെ വിശ്വസിക്കാം.

വീണ്ടും പ്രിയരേ,

ആഗസ്റ്റ് മാസം ആദ്യ പകുതി പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിന്റെ ഒരുക്കമായി പരിശുദ്ധ സഭ ശൂനോയോ നോമ്പ് അനുഷ്ഠിക്കുന്ന ദിവസങ്ങളിലേക്ക് നാം വരുമ്പോൾ പൂർണ്ണ അനുതാപത്തോടും അതി സൂക്ഷ്മതയോടും വിനയത്തോടും സഹോദരപ്രീതിയോടും കൂടെ ദൈവത്തിന് ഹിതകരമായവിധം നോമ്പ് അനുഷ്ഠിച്ച് സർവ്വ ലോകത്തിന്റെയും സൗഖ്യത്തിനുവേണ്ടി പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട്അപേക്ഷിക്കുവാനും പ്രാർത്ഥിക്കുവാനും നിങ്ങളുടെ സ്നേഹത്തോട് നാം പ്രബോധിപ്പിക്കുന്നു. "നോമ്പാലും പ്രാർത്ഥനയാലും അല്ലാതെ" മറ്റൊരു മാർഗ്ഗത്തിലും ഈ ജാതി നമ്മിൽ നിന്നും വിട്ടുമാറുകയില്ല എന്ന നമ്മുടെ രക്ഷകന്റെ ജീവനുള്ള വചനത്തെ നാം ഗണ്യമാക്കാതെ പോകരുത്. എല്ലാ മഹാമാരികളിൽ നിന്നും നമ്മെ വീണ്ടെടുക്കുവാൻ ദൈവമാതാവായ വിശുദ്ധ കന്യക മൊർത്ത് മറിയം അമ്മയുടെ മാദ്ധ്യസ്ഥതത്തിന് സാധിക്കുമെന്ന് വി. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിലും എഫേസ്യരോട് നടത്തിയ പ്രബോധനത്തിലും പ്രത്യേകം പഠിപ്പിക്കുന്നുണ്ടല്ലോ.

വാത്സല്യ മക്കളെ,

നിങ്ങൾക്ക് അറിവുള്ളതുപോലെ കഴിഞ്ഞ മൂന്ന് മാസത്തിലേറെയായി മടക്കയാത്രയ്ക്ക് സൗകര്യമാകാതെ ബലഹീനനായ ഞാൻ നമ്മുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന ആസ്ഥാനമായ ഹൂസ്റ്റണിലെ 'ഊർശ്ലേം' അരമനയിൽ താമസിച്ച് ദൈവകൃപയാൽ ഇവിടുത്തെ വിശുദ്ധ ദേവാലയങ്ങളിൽ ആരാധന നടത്തി വരികയാണ്. വാങ്ങിപ്പു പെരുന്നാൾ ആഘോഷത്തോടെ ഈ മഹാമാരിയിൽ നിന്ന് നാം മുക്തി പ്രാപിക്കുമെന്നും ദൈവഹിത മായാൽ താമസിയാതെ നമ്മുടെ ഭദ്രാസനത്തിൽ എത്തിച്ചേരുവാൻ ഇടയാകുമെന്നും ദൈവത്തിൽ പ്രത്യാശിച്ചു കാത്തിരിക്കുന്നു. എന്നാൽ ലോകമെമ്പാടും, പ്രത്യേകിച്ച് ഭാരതത്തിലുടനീളവും, നമ്മുടെ മാതൃസംസ്ഥാനമായ കേരളത്തിലും കൊറോണ വൈറസിന്റെ വ്യാപനം കൂടിവരുന്ന വാർത്തകൾ നമ്മെയും ഏറെ ആശങ്കപ്പെടുത്തുന്നതിനാൽ സർവ്വവും പ്രാർത്ഥനയിൽ സമർപ്പിക്കുന്നു.

രാഷ്ട്രീയ സ്വാതന്ത്ര്യവും വ്യക്തി സ്വാതന്ത്ര്യവും ഉള്ള രാജ്യങ്ങളിൽ മാത്രമേ മതസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും ഉണ്ടാകൂ. ആഗസ്റ്റ് മാസം 15-ാം തീയതി നാം ദേശത്തിന്റെ സ്വാതന്ത്ര്യദിനമായി ആഘോഷിക്കുമ്പോൾ രാഷ്ട്രത്തെ ഓർത്ത് പ്രാർത്ഥിക്കുവാനും ദേശീയോദ്ഗ്രഥനത്തിനായി പ്രവർത്തിക്കുവാനും നമുക്ക് ഏറെ ഉത്തരവാദിത്വമുണ്ടെന്ന് നാം ഓർക്കണം.

"തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏക പിതാവിന്റെയും, തന്റെ കഷ്ടാനുഭവത്താൽ അതിനെ വീണ്ടെടുത്ത പരിശുദ്ധനായ ഏക പുത്രന്റെയും, സകലത്തെയും പൂർത്തിയാക്കുന്ന പരിശുദ്ധനായ ഏക റൂഹായുടേയും സാന്നിധ്യവും സഹവാസവും" എപ്പോഴും നമ്മോടു കൂടെ വ്യാപരിക്കട്ടെ. പ. ദൈവമാതാവിന്റെയും നമ്മുടെ അപ്പോസ്തോലനും കാവൽ പിതാവുമായ പ. മാർത്തോമ്മാ ശ്ലീഹായുടെയും ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ പരിപാലിച്ച നമ്മുടെ എല്ലാ പൂർവ്വ പിതാക്കന്മാരുടെയും വാങ്ങിപ്പോയവരുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കൂട്ടും കാവലുമായിരിക്കട്ടെ.

+Be with Him and be like Him+

By His Grace, Dr. Geevarghese Yulios
Metropolitan, Diocese of Ahmedabad

ലേഖനം

പരിശുദ്ധ സഹദേന്മാരുടെ ചരിത്രം

വിവർത്തനം:

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ

ഉറഹായുടെ എപ്പിസ്കോപ്പാ ആയിരുന്ന മാർ ബർസമിയായുടെ സാക്ഷി

മിശിഹാകാലം 105

മാർ ശർബീലിനെ കൊന്നതിന്റെ പിറ്റെ ദിവസം ന്യായാധിപതി തന്റെ കച്ചേരിയിൽ ഇരിക്കുമ്പോൾ പട്ടണത്തിലെ പ്രമാണികൾ ക്രിസ്ത്യാനികളുടെ തലവനായ ബർസമിയായെപ്പറ്റിയും അവൻ ശർബീലിനെയും പട്ടണത്തിന്റെ അധികാരികളായിരുന്ന അവിദായേയും നോബിനെയും ബർകൽബായെയും ഹഫ്സായിയെയും മറ്റു അനേകരെയും മനസ്സു തിരിപ്പിച്ചതിനെപ്പറ്റിയും അവനോടു കുരള പറഞ്ഞു.

ന്യായാധിപതി കേട്ട ഉടനെ അവരെയും തന്റെ ഉദ്യോഗസ്ഥന്മാരിൽ ചിലരെയും, പള്ളിയിൽനിന്നു ബർസമിയായെ പിടിച്ചുകൊണ്ടു വരുവാനായി പറഞ്ഞയച്ചു. അവർ അവനെ പള്ളിയിൽനിന്നു ന്യായാധിപതിയുടെ കച്ചേരിയിലേക്കു കൊണ്ടുപോയി. ബർസമിയാ, ശർബീലിനെ ശിഷ്യപ്പെടുത്തുകയും ഇവൻ പറഞ്ഞ സകലവും അവൻ കൈക്കൊണ്ടു അനുസരിക്കയും ഇവനിൽനിന്നു കേട്ടതിനുവേണ്ടി അവൻ മരിക്കയും ചെയ്ക നിമിത്തം ഞങ്ങളും ഇവന്റെ ശിഷ്യത്വത്തിൽ ചേർന്നതിനാൽ ഇവനോടുകൂടെ ഞങ്ങളും മരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു അനേകം ക്രിസ്ത്യാനികളും അവനോടുകൂടെ കരേറിപ്പോയി. പട്ടണത്തിലെ പ്രമാണികൾ പ്രവേശിച്ചു കല്പനപോലെ ബർസമിയാ കച്ചേരിയുടെ വാതുക്കൽ നിൽക്കുന്നു എന്നും ശർബീലിനോടുകൂടി ശിഷ്യപ്പെട്ട പട്ടണത്തിന്റെ ബഹുമാനപ്പെട്ട തലവന്മാർ ബർസമിയായുടെ അടുക്കൽനിന്നു ഇവൻ ഞങ്ങളുടെ ഗുരുവും ഭരണകാരനും ആകയാൽ ഇവനോടുകൂടെ ഞങ്ങളും മരിക്കുമെന്നു നിലവിളിക്കുന്നു എന്നും ന്യായാധിപതിയോടു പറഞ്ഞു. ന്യായാധിപതി അവരോടു നിങ്ങൾ പോയി ബർസമിയായോടുകൂടെ മരിക്കുമെന്നു നിലവിളിക്കുന്നവരുടെ പേരെല്ലാം എഴുതിക്കൊണ്ടു വരുവീൻ എന്നു പറഞ്ഞു. അവർ പേരെഴുതുവാൻ ചെന്നപ്പോൾ ജനം നാനാഭാഗത്തും നിന്നും കൊണ്ടു, ബർസമിയായോടുകൂടെ മിശിഹായ്ക്കുവേണ്ടി ഞങ്ങൾ എല്ലാവരും മരിക്കുന്നതിനാൽ എന്നെയും, എന്നെയും എന്നു അട്ടഹസിച്ചു. അട്ടഹസിച്ച മനുഷ്യർ പലരാകകൊണ്ടും ആരവം അധികമായതിനാലും അവർക്കു എഴുതുവാൻ പാടില്ലാത്തതുകൊണ്ടു ന്യായാധിപതിയുടെ അടുക്കൽ ചെന്നു, ജനം വളരെ ആകയാൽ എഴുതുന്ന കാര്യം പ്രയാസമെന്നു പറഞ്ഞു. വലിയ കൂട്ടവും ആരവവും നിമിത്തം പട്ടണത്തിൽ കലഹം ഉണ്ടാകാതെ അവന്റെ അടുക്കൽ കൂടിയിരിക്കുന്നവർ എല്ലാവരും പിരിഞ്ഞുപോകേണ്ടുന്നതിനായി അവനെ തടവിലാക്കുവാൻ ന്യായാധിപതി കല്പിച്ചു. അവനെ കാരാഗൃഹത്തിൽ ആക്കിയപ്പോൾ ശർബീലിനോടുകൂടി ശിഷ്യപ്പെട്ടവർ അവന്റെ അടുക്കൽ താമസിച്ചു.

വളരെ നാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം കാലത്തു ബർസമിയായെ വിസ്തരിപ്പാനായിട്ടു ന്യായാധിപതി കച്ചേരിയിലേക്കു പോയി അവനെ കൊണ്ടുവരുന്നതിനു കല്പിച്ചു.

ഇതാ അവൻ തിരുമുമ്പാകെ നിൽക്കുന്നു എന്നു പട്ടാളക്കാർ പറഞ്ഞു.

ന്യായാധിപതി: 'ക്രിസ്ത്യാനികളുടെ അധികാരിയും ഭരണകാരനും താൻ വന്ദിച്ചിരുന്ന ദേവന്മാരുടെ മഹാപുരോഹിതനായ ശർബീലിലെ ശിഷ്യപ്പെടുത്തിയവനും ആയ ബർസമിയാ നീ തന്നെയോ?'

ബർസമിയാ: 'അതെ ഞാൻ തന്നെ ആകുന്നു. അതിന്റെ സത്യത്തിനു വേണ്ടി ഞാൻ മരിപ്പാനും ഒരുങ്ങിയിരിക്കുന്നു'.

ന്യായാധിപതി: 'എല്ലാവരും ബലി കഴിക്കണമെന്നുള്ള രാജകല്പനയെ നീ ഭയപ്പെടാതെ, ദേവന്മാർക്കു ബലി കഴിച്ചു. ധൂപംവെച്ചിരുന്ന പുരോഹിതനായ ശർബീൽ വിശ്വസിച്ചിരുന്നതിനെ ഉപേക്ഷിക്കയും, വിശ്വസിക്കാതിരുന്ന മിശിഹായിൽ വിശ്വസിക്കയും ചെയ്‌വാൻ ഇടയാക്കിയതു എന്തുകൊണ്ടു?'

(1901-ൽ സുറിയാനിയിൽനിന്നു വിവർത്തനംചെയ്ത ഈ പുസ്തകം കോട്ടയം പഴയസെമിനാരിയിലെ മാർത്തോമ്മസ് അച്ചുകൂടത്തിലാണ് അച്ചടിച്ചത്. ആദ്യപതിപ്പ് 1000 കോപ്പി അടിച്ചു. ആറു ചക്രമായിരുന്നു വില. പഴയ മലയാളം ടൈപ്പിൽ 12 പോയിന്റിൽ അച്ചടിച്ച പുസ്തകത്തിനു 128 പേജുകൾ ഉണ്ടായിരുന്നു.)



ബർസമിയാ: 'ഞാൻ മനുഷ്യരുടെ ഇടയനാക്കപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനി മതത്തിലുള്ളവർക്കു മാത്രമല്ല, എന്നാലോ പുറജാതി ചെന്നായ്ക്കൾക്കു ഭക്ഷണമായിതീർന്നവരായി സത്യതൊഴുത്തിൽനിന്നു തെറ്റിയിരിക്കുന്നവർക്കുവേണ്ടിയുമാകുന്നു. ഞാൻ ശർബീലിനെ ശിഷ്യപ്പെടുത്തിയില്ലെങ്കിൽ അവന്റെ രക്തം എന്റെ കൈയിൽനിന്നു ചോദിക്കുമായിരുന്നു. അവൻ എന്നെ കേൾക്കാതെയിരിക്കുമായിരുന്നു എങ്കിലും അവന്റെ രക്തത്തിൽനിന്നു ഞാൻ നീതിയുള്ളവനായിത്തീർന്നേനെ'.

ന്യായാധിപതി: 'ശർബീലിനെ ശിഷ്യപ്പെടുത്തിയതു നീതന്നെ ആകുന്നു എന്നു ഇപ്പോൾ ഏറ്റുപറഞ്ഞിരിക്കുന്നു. അവന്റെ മരണത്തിനു നിന്നോടു ഞാൻ പ്രതിപകരം ചോദിക്കും. രാജകല്പനയെ ഉപേക്ഷിച്ചു നിന്റെ വചനങ്ങൾക്കു അവൻ അനുസരിച്ചതുകൊണ്ടു അവൻ കഠിന ഉപദ്രവങ്ങൾ സഹിച്ചു ദുഷ്മരണത്തിനു സംഗതിയായി. അതിനാൽ നീ അവനെക്കാൾ അധികമായി എന്റെ മുമ്പാകെ ശിക്ഷയ്ക്കു വിധിക്കപ്പെടും'.

ബർസമിയാ: 'മനുഷ്യനിർമ്മിതമായ സ്വരൂപങ്ങളെയും സാദൃശങ്ങളെയും വന്ദിക്കരുതെന്നു പറഞ്ഞിട്ടുള്ള ദൈവവചനത്തിനല്ലാതെ ശർബീൽ എന്റെ വചനങ്ങൾക്കല്ലാ ശിഷ്യപ്പെട്ടതു. ശർബീൽ മിശിഹാതമ്പുരാനിൽ ഏറ്റുപറഞ്ഞു മരിച്ചതുപോലെ മരിപ്പാനായിട്ടു ഞാനും ആഗ്രഹിക്കുന്നു. ഞാൻ മാത്രമല്ല. വിശുദ്ധസഭയിലെ സകല ക്രിസ്ത്യാനികളും, ഇതു നിമിത്തം ദൈവമുമ്പാകെ ജീവൻ കണ്ടെത്തുന്നു എന്നു അറിയുന്നതിനാൽ മരിപ്പാൻ ഒരുങ്ങിയിരിക്കുന്നു'.

ന്യായാധിപതി: 'നിന്റെ ശിഷ്യനായ ശർബീലിനെപ്പോലെ അവന്റെ ശിക്ഷകളെക്കാൾ നിന്റെ ശിക്ഷകൾ കഠിനമാകാതെ ഇരിക്കേണ്ടതിനു ഇപ്രകാരമുള്ള ഉത്തരം എന്നോടു നീ പറയരുതു. എന്നാലോ ദേവന്മാർക്കു ബലി കഴിക്കാമെന്നു ഏറ്റുപറക'.

ബർസമിയാ: 'ദൈവത്തെ അറിയാതിരുന്ന ശർബീൽ ദൈവത്തെ അറിയേണ്ടുന്നതിനു ഞാനത്രെ അവനെ പഠിപ്പിച്ചത്. എന്നാൽ പൈതൽപ്രായം മുതൽ ദൈവത്തെ അറിഞ്ഞിരിക്കുന്നവനായ ഞാൻ ദൈവത്തെ ഉപേക്ഷിക്കണമെന്നൊ നീ പറയുന്നത്. ഇപ്രകാരം ഞാൻ ചെയ്യുന്നതിനു ദൈവം എനിക്കു സമ്മതിക്കാതിരിക്കട്ടെ'.

ന്യായാധിപതി: 'നിങ്ങൾ സകല സൃഷ്ടിയെയും മിശിഹായുടെ ഉപദേശത്തിലേക്കു ശിഷ്യപ്പെടുത്തിയിരിക്കുന്നു. കണ്ടാലും ദേവന്മാരെ വന്ദിച്ചിരുന്ന പലരും അവരെ ഉപേക്ഷിക്കുന്നു. ഇന്നു നിന്നെ കാണുന്ന സമീപസ്ഥന്മാരെയും നീ സഹിക്കുന്ന ഉപദ്രവങ്ങളെ കേൾക്കുന്ന ദൂരസ്ഥന്മാരെയും നിന്നാൽ ഞാൻ ഭ്രമിപ്പിക്കാതിരിക്കേണ്ടുന്നതിനു ഈ വിചാരങ്ങളെ ഉപേക്ഷിക്ക'.

ബർസമിയാ: 'ദൈവത്തെ അന്വേഷിക്കുന്നവർക്കു താൻ സഹായിക്കുന്നു എങ്കിൽ അവരെ ഭ്രമിപ്പിക്കുന്നവൻ ആരാകുന്നു. അല്ലെങ്കിൽ അവരിൽ പ്രബലപ്പെടുവാൻ കഴിയുന്ന ശക്തി ഏതാകുന്നു. അല്ലെങ്കിൽ അവരെ കൊല്ലുമെന്നു നീ കല്പിച്ചിട്ടുള്ള നിന്റെ ഭീഷണികൾ അവരോടു എന്തു ചെയ്യും. എന്തെന്നാൽ അവർ മരണത്തെ തങ്ങളുടെ മുമ്പാകെ വെച്ചു നിത്യവും അതിനായി നോക്കിപാർക്കുന്നവരാകുന്നു'.

ന്യായാധിപതി: 'എന്റെ കച്ചേരിയിൽ മിശിഹായുടെ ചരിത്രം പറയരുതു. നേരെ മറിച്ചു ദേവന്മാർക്കു ബലി കഴിക്കണമെന്നുള്ള രാജകല്പനയെ അനുസരിക്ക'.

ബർസമിയാ: 'നിന്റെ മുമ്പാകെ മിശിഹാതമ്പുരാന്റെ ചരിത്രം ഞങ്ങൾക്കു പറവാൻ പാടില്ലെങ്കിലും അവന്റെ വന്ദനവുകാരിൽ അവന്റെ കഷ്ടാനുഭവം ആകൃതിയാക്കപ്പെട്ടു പതിക്കപ്പെട്ടിരിക്കുന്നു. നീ രാജകല്പനയെ അനുസരിക്കുന്നതിൽ അപ്പുറമായി ക്രിസ്ത്യാനികൾ രാജാധിരാജാവായ മിശിഹാതമ്പുരാനെ അനുസരിക്കുന്നു'.

ന്യായാധിപതി: 'കണ്ടാലും നീ ഇന്നുവരെയും മിശിഹായെ അനുസരിച്ചു അവനെ വന്ദിച്ചിരുന്നു. ഇനിമേൽ രാജാക്കന്മാരെ അനുസരിച്ചു അവർ വന്ദിക്കുന്ന ദേവന്മാരെ വന്ദിക്കുക'.

ബർസമിയാ: 'ഞാൻ അതിൽ ജനിച്ചിരിക്കുന്നതിനെ ഉപേക്ഷിക്കണമെന്നു നിനക്കു എങ്ങനെ എന്നോടു പറയാം. 'നീ അതിൽ ജനിച്ച കാവ്യത്വത്തെ ഉപേക്ഷിക്കയും അതിൽനിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനിമതത്തെ വിശ്വസിക്കയും ചെയ്തതു എന്തുകൊണ്ടെന്നു' ശർബീലിനെ വിസ്തരിച്ചപ്പോൾ അവനോടു നീ പറഞ്ഞില്ലയോ. 'നീ ആരോടു ചേർന്നിരിക്കുന്നുവോ ആ ക്രിസ്ത്യാനികൾ തങ്ങൾ അതിൽ ജനിച്ചു നിലനിൽക്കുന്ന മാർഗ്ഗത്തെ ഉപേക്ഷിക്കയില്ല' എന്നു ഞാൻ നിന്റെ മുമ്പാകെ വരുന്നതിനു മുമ്പെ നീ ശർബീലിനോടു പറഞ്ഞു സാക്ഷിച്ചിരിക്കുന്നു. ആകയാൽ നീ പറഞ്ഞിട്ടുള്ള ആ വചനപ്രകാരംതന്നെ സ്ഥിരപ്പെട്ടിരിക്ക.

ന്യായാധിപതി: ' രാജകല്പനയ്ക്കു വിരോധമായി എതിർക്കയും രാജകല്പനയെ അനുസരിക്കുന്നവരെപ്പോലും തന്നോടുകൂടെ മത്സരിപ്പിക്കയും ചെയ്ത ബർസമിയ അടിക്കപ്പെടട്ടെ' (5 പേർ അവനെ അടിച്ചു). ന്യായാധിപതി അവനോടു, രാജകല്പനയെ ധിക്കരിച്ചു രാജാക്കന്മാരുടെ ദേവന്മാരെ അപമാനിക്കരുതെന്നു പറഞ്ഞു.

ബർസമിയാ: 'ഹെ! ന്യായാധിപതി നീയും നിനക്കു അധികാരം തന്നിട്ടുള്ള രാജാക്കന്മാരും ബുദ്ധിയില്ലാത്ത കുരുടന്മാരാകുന്നു. വെളിപ്പെട്ടിരിക്കുന്നതിനെ നിങ്ങൾ കാണുകയും തിരിച്ചറിയുകയും ചെയ്യുന്നില്ല. എന്തെന്നാൽ ഭൂമിയിൽ സകല സൃഷ്ടികളും ഉന്നതത്തിൽ മേലുള്ള ഈറേന്മാരും അവനെ വന്ദിക്കുമ്പോൾ ഞാൻ ഒരുത്തൻ മാത്രം അവനെ വന്ദിക്കുന്നതുപോലെ നീ അവനെ വന്ദിക്കരുതെന്നു നീ എന്നോടു പറയുന്നു'.

ന്യായാധിപതി: 'മനുഷ്യർ മിശിഹായിൽ വിശ്വസിക്കണമെന്നു നിങ്ങൾ അവരെ പഠിപ്പിച്ചു. എന്നാൽ മേലുള്ളവർ മിശിഹായെ വന്ദിക്കണമെന്നു അവരെ പഠിപ്പിച്ചതാരാകുന്നു?'

ബർസമിയാ: 'പിതാവിനെയും പുത്രനെയും വിശുദ്ധറൂഹായെയും വന്ദിക്കുന്ന മേലുള്ളവർ അത്രെ, മിശിഹാരാജാവിനുള്ള വന്ദന ജീവനുള്ളതാകുന്നു എന്നു താഴെയുള്ളവരോടു അറിയിച്ചു അവരെ പഠിപ്പിച്ചത്'.

ന്യായാധിപതി: ' നിങ്ങളുടെ പുസ്തകങ്ങളെയും നിങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നവയെയും ഉപേക്ഷിച്ചു രാജകല്പനയെ അനുസരിക്കുക. ബഹുമാനമുള്ള സൂര്യന്റെ പ്രകാശത്തിൽനിന്നു വാളാൽ നിങ്ങൾ സംഹരിക്കപ്പെടാതിരിക്കേണ്ടുന്നതിനു രാജകല്പനയെ ധിക്കരിക്കാതിരിക്ക'.

ബർസമിയാ: 'കടന്നുപോകുന്നതും നിലനിൽക്കാത്തതും ആയ പ്രകാശം സത്യപ്രകാശമല്ല. എന്നാൽ മിശിഹാതമ്പുരാന്റെ സത്യവന്ദനവുകാർക്ക് കാക്കപ്പെട്ടിരിക്കുന്നതായി, അതിന്റെ കതിരുകളുടെ അടുക്കൽ അന്ധകാരത്തിന്നു അടുത്തുവരുവാൻ പാടില്ലാത്തതായ സത്യപ്രകാശത്തിന്റെ ഒരു സാദൃശ്യമത്രേ ഇതു'.

ന്യായാധിപതി: 'കാണപ്പെടുന്ന പ്രകാശത്തെ നീ ഉപേക്ഷിക്കുകയും കാണപ്പെടാത്തതിനെ ഏറ്റുപറകയും ചെയ്യുന്നതിനാൽ നിന്നെ ഞാൻ കൊല്ലിക്കാതിരിപ്പാനായി നിന്നോടു ഞാൻ ചോദിച്ചതിനു ഉത്തരം പറയേണ്ടതിനു പകരം ചോദിക്കാത്തതിനു എന്റെ മുമ്പാകെ നീ ഉത്തരം പറയരുതു'.

ബർസമിയാ: 'നീ എന്നോടു ചോദിക്കുന്നതിനു ഉത്തരം പറയാതിരിപ്പാൻ കഴികയില്ല. നീ എന്നോടു ചോദിക്കാത്തതിനെപറ്റി എന്നു നീ എന്നോടു പറഞ്ഞല്ലോ. സൂര്യന്റെ പ്രകാശത്തെക്കുറിച്ചു നീ എന്നോടു പറഞ്ഞതിനാൽ നീ വന്ദിക്കയും ബഹുമാനിക്കയും ചെയ്യുന്ന സൂര്യന്റെ പ്രകാശത്തെക്കാൾ വിശേഷമായ ഒരു പ്രകാശം ഉന്നതത്തിലുണ്ടെന്നു നിന്റെ മുമ്പാകെ ഞാനും പറഞ്ഞു. നിന്റെ സ്രഷ്ടാവായ ദൈവത്തെ വന്ദിക്കുന്നതിനു പകരം നിന്നെപ്പോലെയുള്ള സൃഷ്ടിയെ നീ വന്ദിക്കുന്നതിനാൽ ഇതിനുവേണ്ടി നിന്നോടു പകരം ചോദിക്കപ്പെടും.

ന്യായാധിപതി: 'സൃഷ്ടികളുടെ പ്രകാശമാകുന്ന സൂര്യനെ നീ അപമാനിക്കയും രാജകല്പനയെ ധിക്കരിക്കയും രാജ്യത്തിന്റെ ഉടമസ്ഥന്മാർക്കും അധികാരികൾക്കും എതിരായി തർക്കിച്ചു നിൽക്കയുമരുത്'.

ബർസമിയാ: 'കാഴ്ചയില്ലാത്ത കുരുടന് സൂര്യന്റെ പ്രകാശം എന്തു ഉപകാരം ചെയ്യും? ശരീരക്കണ്ണുകൾ അവർക്കില്ലായ്കയാൽ അതിന്റെ വെളിച്ചം അവർ കാണുന്നില്ല. കുരുടന്മാർക്കു പ്രകാശം കാട്ടുവാൻ അതിനു കഴിയാത്തതിനാൽതന്നെ അതു ദൈവത്തിന്റെ സൃഷ്ടിയാകുന്നു എന്നു നീ അറിഞ്ഞുകൊൾക'.

ന്യായാധിപതി: 'നിനക്കു യോഗ്യമായിരിക്കുന്നതുപോലെ നിന്നെ ഞാൻ ഉപദ്രവിച്ചതിന്റെശേഷം ദേവന്മാരുടെ ബഹുമാനപ്പെട്ട പുരോഹിതനായ ശർബീലിനെ നീ ശിഷ്യപ്പെടുത്തിയതിനാൽ ദേവന്മാരെ നീ അവമാനിച്ചതും രാജകല്പനയെ നിങ്ങൾ ദുഷിക്കുന്നതും സ്ഥലത്തെ ന്യായാധിപതിമാരെ നിങ്ങൾ അശേഷം വകവെയ്ക്കാതെ റോമ്മാക്കാരുടെ അധികാരത്തിൽ ബർബ്രായക്കാരെപ്പോലെ താമസിക്കുന്നതും മറ്റും നിന്നെപ്പറ്റി ഞാൻ രാജാവിനു എഴുതും'.

ബർസമിയാ: 'നീ പറയുന്നവയാൽ എന്നെ നീ ഭയപ്പെടുത്തേണ്ട. ഇന്നു രാജാക്കൾ ഇവിടെ ഇല്ലെങ്കിലും രാജാക്കൾ നിനക്കു തന്നിട്ടുള്ളതായ അധികാരത്തിനു മുമ്പാകെ ഞാൻ നിൽക്കുന്നു. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായിരിക്കുന്ന ദൈവത്തിലും ഭൂമി മുഴുവന്റെയും രാജാവാകുന്ന തന്റെ പുത്രനായ യേശുമിശിഹായിലും ഞാൻ ഉപേക്ഷിക്കയില്ലെന്നു പറഞ്ഞതിനാൽ ഞാൻ വിധിക്കപ്പെടുന്നു'.

ന്യായാധിപതി: 'നീ രാജാധികാരത്തിൻ മുമ്പാകെ നിൽക്കയും വിധിക്കപ്പെടുകയും ചെയ്യുന്നതു സത്യമാകുന്നു എങ്കിൽ മത്സരക്കാരെപ്പോലെ മരണശിക്ഷ കൈക്കൊള്ളാതെ ഇരിക്കേണ്ടുന്നതിനു രാജാക്കന്മാരുടെ കല്പന അനുസരിച്ചു അവരുടെ പ്രമാണത്തിനു എതിരായി മത്സരിക്കാതിരിക്ക.

ബർസമിയാ: 'നീതിയായി രാജാക്കന്മാരോടു എതിർക്കുന്നവർ നിന്റെ വചനപ്രകാരം മരണത്തിനു പാത്രവാന്മാരാകുന്നു എങ്കിൽ രാജാധിരാജാവാകുന്ന ദൈവത്തോടു എതിർക്കുന്നവർക്കു വാൾകൊണ്ടുള്ള മരണശിക്ഷ എത്രയോ ചെറുതാകുന്നു'.

ന്യായാധിപതി: 'വ്യാഖ്യാനിപ്പാനായിട്ടല്ല നിന്നെ ഇവിടെ കൊണ്ടുവന്നതു നീ അനുഭവിക്കുന്ന ന്യായവിധി വ്യാഖ്യാനത്തിൽനിന്നു അകന്നിരിക്കുന്നതും

രാജാക്കന്മാരെ അവമാനിച്ചു അവരുടെ പ്രമാണങ്ങൾക്കു അനുസരിക്കാത്തവർക്കായി മരണശിക്ഷയ്ക്കു സമീപിച്ചിരിക്കുന്നതുമാകുന്നു'.

ബർസമിയാ: 'നിങ്ങൾക്കു ദൈവമില്ലായ്കയാൽ ദൈവവചനം കേൾപ്പാൻ നിങ്ങൾക്കു മനസ്സില്ല. വായുണ്ടായിട്ടും സംസാരിക്കാത്തവരായി യാതൊരു പ്രയോജനവുമില്ലാത്ത വിഗ്രഹങ്ങളെ സംസാരിക്കുന്നവയായി നിങ്ങൾ വക വെയ്ക്കുന്നു. ആയതു നിങ്ങൾ നിൽക്കുന്ന കാവ്യത്വത്തിന്റെ അന്ധകാരത്താൽ നിങ്ങളുടെ ബോധം കുരുടായതുകൊണ്ടാകുന്നു.

ന്യായാധിപതി: 'നിനക്കു സഹായിക്കാത്ത നിന്റെ സംസാരത്തെ ഉപേക്ഷിച്ചു കഠിനമായ ചീകലുകളും ഭയങ്കര ഉപദ്രവങ്ങളും നിന്റെമേൽ വരുന്നതിനു മുമ്പായി ദേവന്മാരെ വന്ദിച്ചുകൊൾക'.

ബർസമിയാ: 'നീ എന്നോടു ചോദിക്കുന്ന ചോദ്യങ്ങളെ ഉപേക്ഷിച്ചു നീ നിശ്ചയിച്ചിരിക്കുന്ന അടികളെയും ചീകലുകളെയും എന്റെമേൽ കല്പിക്ക. എന്തെന്നാൽ നിന്റെ ഞെരുക്കങ്ങൾ എനിക്കു സഹായിക്കുന്നതുപോലെ നിന്റെ വചനങ്ങൾ നിനക്കു സഹായിക്കയില്ല.

ന്യായാധിപതി: 'ബർസമിയാ തൂക്കിയിടപ്പെട്ടു ചീകപ്പെടട്ടെ'.

ഉടൻതന്നെ വൈസ്രോയി ആയ ലൂസിയാസിൽനിന്നു എഴുത്തുകൾ വന്നു. നാടുവാഴി കല്പിച്ച് ബർസമിയായെ ചീകുന്നതിനു മുമ്പു ഇറക്കി ന്യായസ്ഥലത്തുനിന്നു പുറത്തേക്കു അയച്ചു. സ്വാതന്ത്ര്യക്കാരും പ്രമാണികളും പ്രഭുക്കന്മാരും പട്ടണത്തിലെ മാന്യന്മാരും വൈസ്രോയി മുഖാന്തരമുള്ള രാജകല്പന കേൾപ്പാൻ വരുന്നതിനു ന്യായാധിപതി കല്പിച്ചു. ഓരോ ദേശങ്ങളിലെ ന്യായാധിപതിമാർക്കും രാജാവു ഇപ്രകാരം എഴുതിയിരിക്കുന്നതായി കണ്ടു. 'ക്രിസ്ത്യാനികളെ പീഡിപ്പിക്കണമെന്നു നാം കല്പിച്ചതിന്റെശേഷം നമ്മുടെ ആധിപത്യത്തിൻകീഴുള്ള രാജ്യങ്ങളിലെ നമ്മുടെ മന്ത്രിമാരിൽനിന്നു ക്രിസ്ത്യാനികൾ കുലയിൽനിന്നും ക്ഷുദ്രത്തിൽനിന്നും വ്യഭിചാരത്തിൽനിന്നും മോഷണത്തിൽനിന്നും കൈക്കൂലിയിൽനിന്നും ഓടിഒളിക്കുന്ന ജനമാകുന്നു എന്നു നാം അറിഞ്ഞിരിക്കുന്നു. നമ്മുടെ നിയമം ഇപ്രകാരമുള്ളവയെ പ്രവർത്തിക്കുന്നവരെ ശിക്ഷിക്കണമെന്നു മാത്രമാകുന്നു. അതുകൊണ്ടു നമ്മുടെ നീതി കല്പിക്കുന്നതെന്തെന്നാൽ വാളുകൊണ്ടുള്ള പീഡയെ അവരിൽനിന്നു നിറുത്തി, നമ്മുടെ ആധിപത്യത്തിൻകീഴു ആശ്വാസവും സമാധാനവും നടത്തപ്പെടണം. അവരുടെ മര്യാദപ്രകാരം ശുശ്രൂഷിക്കുന്നതിനു ആരും അവരെ വിരോധിക്കരുത്. നാം കരുണചെയ്യുന്നതു അവരോടല്ലാ. എന്നാലോ നമ്മുടെ രാജ്യത്തിന്റെ നിയമങ്ങളോടു ചേരുന്ന അവരുടെ നിയമങ്ങളോടത്രെ. നമ്മുടെ ഈ കല്പനയുടെശേഷം ആരെങ്കിലും അവരെ ഉപദ്രവിച്ചാൽ നമ്മുടെ കല്പനയെ ദുഷിക്കുന്നവരുടെ മേൽ വീഴേക്കുമെന്നു കല്പിക്കപ്പെട്ടിരിക്കുന്ന വാൾ നമ്മുടെ അനുഗ്രഹത്തിന്റെ ഈ കല്പനയെ ധിക്കരിക്കുന്നവന്റെ മേൽ വീഴേണമെന്നു നാം കല്പിക്കുന്നു'.

മഹാരാജാവിന്റെ ഈ അനുഗ്രഹകല്പന വായിച്ചപ്പോൾ പട്ടണമൊക്കെയും സന്തോഷിച്ചു. എല്ലാവർക്കും അടക്കവും ആശ്വാസവും ഉണ്ടായി. ന്യായാധിപതിയുടെ കല്പനപ്രകാരം പള്ളിയിലേക്കു പോകുന്നതിനു അവർ ബർസമിയായെ അഴിച്ചുവിടുകയും ചെയ്തു. വളരെ ക്രിസ്ത്യാനികളും പട്ടണക്കാരിൽ അനേകരും ന്യായസ്ഥലത്തിലേക്കു വന്നു. തങ്ങളുടെ മര്യാദപോലെ ബർസമിയായുടെ മുമ്പാകെ കീർത്തനങ്ങൾ ചൊല്ലി വളരെ ബഹുമാനത്തോടെ അവനെ കൈക്കൊണ്ടു, അവനു സമാധാനം കൊടുക്കയും ശർബീൽ സഹദായെപ്പോലെ പീഡിപ്പിക്കപ്പെട്ട മൌദ്യാന (ഏറ്റു പറഞ്ഞവൻ) എന്നു വിളിക്കയും ചെയ്തു. അവനോ ഞാൻ നിങ്ങളെപ്പോലെ പീഡിപ്പിക്കപ്പെട്ടവനാകുന്നു. എന്റെ പീഡകൾക്കും ശർബീലിന്റെയും അവന്റെ സഖികളുടെയും പീഡകൾക്കും യാതൊരു സാമ്യവും ഇല്ല എന്നു പറഞ്ഞു. എന്നാറെ അവർ അവനോടു മനസ്സിന്റെ നിശ്ചയം പ്രവൃത്തിപോലെതന്നെ ദൈവം കൈക്കൊള്ളുമെന്ന് നീ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ എന്നു പറഞ്ഞു. അവനും അവനോടുകൂടെയുണ്ടായിരുന്ന ജനമൊക്കെയും പള്ളിയിലേക്കു കടന്നു പ്രാർത്ഥിച്ചു. അവൻ ജനത്തെ അനുഗ്രഹിച്ച് അവരുടെ ഭവനങ്ങളിലേക്കു പറഞ്ഞയച്ചു. ദൈവം അവർക്കും സഭയ്ക്കുംവേണ്ടി ചെയ്ത രക്ഷയിൽ സന്തോഷിച്ചു അവനെ മഹത്ത്വപ്പെടുത്തിയുംകൊണ്ടു അവരുടെ ഭവനങ്ങളിലേക്കു അവർ പോകയും ചെയ്തു. ലൂസനിയാ ഈ ഉപദ്രവം ചെയ്തതിന്റെശേഷം ഏറെ താമസിയാതെ വേലയിൽനിന്നു ഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു.

(തുടരും)

കുമ്പസാരവും വി. കുർബാനയും

പ. ഗീവർഗീസ് രണ്ടാമൻ ബാവാ

നമ്മുടെ കർത്താവായ യേശുമിശിഹായുടെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം, തന്റെ ശരീരം മൂലം നമുക്കു രക്ഷ തരുന്നതിനായിട്ടാണ്. കർത്താവിന്റെ മദ്ധ്യസ്ഥത തൻറെ ശരീരം കൊണ്ടാണ്. 'എൻറെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. മനുഷ്യപുത്രന്റെ ശരീരം നിങ്ങൾ ഭക്ഷിക്കുകയും തന്റെ രക്തം നിങ്ങൾ കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവനില്ല', എന്നു കർത്താവു കല്പിച്ചതിനെ നാം ഓർക്കണം. വഞ്ചിക്കപ്പെടരുത്. എത്ര കുറഞ്ഞുപോയാലും നാൽപതാം ദിവസംതോറുമെങ്കിലും വി. കുർബാന അനുഭവിക്കണമെന്നാണ് സഭയുടെ നിയമം. ആദ്യകാലങ്ങളിൽ ആഴ്ചതോറും എല്ലാവരും വി. കുർബാന അനുഭവിച്ചിരുന്നു. എന്നാൽ ഈ കാലത്ത് കുർബാന അനുഭവിക്കുന്നതിൽ മനുഷ്യർ മടിയന്മാരായിരിക്കുന്നു. ഭക്ഷണം കൂടാതെ ഒരാൾക്കു ജീവിപ്പാൻ കഴിയാത്തവണ്ണം ഒരാത്മാവിനു കർത്താവിനെ ഭക്ഷിക്കാതെ ജീവിക്കാൻ കഴിയുന്നതല്ല. അതിനെ തടുക്കുന്നതിനും അയോഗ്യമായി ഭക്ഷിപ്പിക്കുന്നതിനും സാത്താൻ സദാ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അവൻറെ കെണിയിൽ നാം വീഴരുത്. കർത്താവിന്റെ രക്ഷയെ അഗണ്യമാക്കുകയും അരുത്. കർത്താവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്വാൻ കഴിയുന്നതല്ല. തന്നെ നാം ഉൾക്കൊള്ളുന്നില്ലെങ്കിൽ അവൻ നമ്മിൽ വ്യാപരിക്കുന്നില്ല. അതു കൂടാത്ത പള്ളിപ്രവർത്തനങ്ങളാണ് പള്ളിയിൽ കലഹവും വഴക്കും ഉണ്ടാക്കുന്നത്. ആകയാൽ ദൈവത്തിന്റെ ഇഷ്ടപ്രകാരം നിങ്ങൾ പ്രവർത്തിക്കണം. എല്ലാ നോമ്പുകളിലും ഭയഭക്തിയോടുകൂടെ നിങ്ങൾ കുമ്പസാരിച്ചു വി. കുർബാന കൈക്കൊള്ളണം. ഇത് ആബാലവൃദ്ധം ചെയ്യണം."

(പ. ഗീവർഗീസ് രണ്ടാമൻ ബാവാ 1935-ന് കൊല്ലം 1111 തുലാം 25-ാംനു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും അയച്ച കല്പനയിൽ നിന്നും)



മാതൃകയായ് കൽക്കത്ത ഭദ്രാസനവും ഭോപ്പാൽ കത്തീഡ്രലും

ഭോപ്പാൽ: മലങ്കര ഓർത്തഡോക്സ് സഭയുടെ ഭോപ്പാൽ, സെൻറ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിലെ മുതിർന്ന ഇടവകാംഗമായ ശ്രീ കെ ടി നൈനാൻ കൊവിഡ് രോഗബാധിതനായി നിര്യാതനായി. അദ്ദേഹത്തിന്റെ ഭൗതിക ശരീരം സഭയുടെ സംസ്കാര ശുശ്രൂഷകൾ എല്ലാം കൃത്യമായി പാലിച്ചുകൊണ്ട് ഇടവക വികാരിമാരായ ഡോ. ബിജു പാറക്കൽ അച്ചനും, ഫാ. ജോബിൻ പി. എബ്രഹാമും നേതൃത്വം നൽകി.

പൗരസ്ത്യ ആരാധന



സ്തൗമെൻകാലോസ്: നാം ഭംഗിയായി നിൽക്കണം

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

മുഖവുര

നമ്മുടെ ആരാധനയിൽ പ്രധാനസന്ദർഭങ്ങളെ മുൻകൂട്ടി അറിയിക്കുന്ന വിളംബരമാണ് സ്തൗമെൻകാലോസ്. ഇത് ഗ്രീക്കുഭാഷയിൽ 'സ്തോമെൻകാലോസ്' എന്നാണ് ഉച്ചരിക്കുന്നത്. നാം നല്ലവണ്ണം, ഭംഗിയായി, ശരിയായി നിൽക്കണം എന്നതാണ് ഈ ആഹ്വാനത്തിന്റെ അർത്ഥം. എഴുന്നേറ്റു നിൽക്കുക എന്നത് ബഹുമാനം കാണിക്കുവാനുള്ള ഏറ്റം ലളിതമായ ഒരു ശരീരഭാവമാണ്. നമ്മുടെ മാതാപിതാക്കളോ അദ്ധ്യാപകരോ നമ്മെക്കാൾ പ്രായമുള്ള ആരെങ്കിലുമോ നമ്മുടെ അടുത്തേക്കു വരുമ്പോൾ നാം ഇരിക്കുന്നിടത്തു നിന്ന് എഴുന്നേറ്റു നിൽക്കുന്ന ശീലം നമുക്കുണ്ട്. സാമൂഹ്യ, രാഷ്ട്രീയ, സാമുദായികരംഗങ്ങളിൽ പ്രവർത്തിക്കുന്ന ഉന്നതരായ വ്യക്തികളെ ആദരിക്കുവാൻ അവരുടെ മുമ്പിൽ നാം എഴുന്നേറ്റു നിൽക്കുന്നു. നാം ഇരിക്കുന്നിടത്തേക്ക് കയറി വരുന്നവർ ആരായാലും അവരെ സ്വീകരിക്കുവാൻ എഴുന്നേറ്റ് നിൽക്കുന്ന മര്യാദയും മാന്യതയും നാം പാലിക്കാറുണ്ട്. കൂടാതെ ഏതു രാജ്യത്തിന്റെയും ദേശീയഗാനം പാടുമ്പോഴും പ്രതിജ്ഞ എടുക്കുമ്പോഴും നാം നിവർന്നു നിൽക്കണം. ഇതു തന്നെ കാതോലിക്കാ മംഗളഗാനം പാടുമ്പോഴും സഭാ പ്രതിജ്ഞ എടുക്കുമ്പോഴും നാം ചെയ്യുന്നുണ്ട്. ഈ രീതി പുരാതന കാലം മുതലെ നിലനിന്നിരുന്നുവെന്ന് ലോകജനതയുടെ സംസ്ക്കാര പാരമ്പര്യ ഗവേഷകർ സമ്മതിക്കുന്നു. ഈ സമ്പ്രദായത്തിന് മനുഷ്യചരിത്രത്തോളം തന്നെ പൗരാണികത്വം ഉണ്ടെന്ന് അവർ പറയുന്നു. യഹൂദന്മാരുടെ പാരമ്പര്യ നിയമങ്ങൾ വിശദമാക്കുന്ന തൽമൂദ് (Talmud) എന്ന ഗ്രന്ഥത്തിൽ ഗലീലിയൻ റാബി യോസ്സേ (Rabbi Yosei the Galilean) പ്രായമുള്ളവർക്കെന്നപോലെ പ്രായത്തിൽ കുറഞ്ഞവനാണെങ്കിലും പണ്ഡിതനും ബഹുമാനം കൊടുക്കുവാൻ എഴുന്നേറ്റു നിൽക്കണമെന്ന് രേഖപ്പെടുത്തി "നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം ഞാൻ യഹോവ ആകുന്നു" (ലേവ്യ 19:32). ഈ വാക്യം ആണ് അദ്ദേഹത്തിന് ആധാരം.

A. ആരാധനയിലെ ശരീരഭാവചലനങ്ങൾ

ആരാധന കേവലം ഒരു ബൗദ്ധിക മാനസിക അഭ്യാസമല്ല, പ്രത്യുത സമ്പൂർണ്ണ വ്യക്തിത്വത്തിന്റെ ഭാവചലനങ്ങൾ അതിൽ ഉൾപ്പെടുന്നു. ശരീരവും മനസ്സും ആത്മാവും അതിൽ ചലനാത്മകമായിത്തീരുന്നു. ദേഹ-ദേഹി-ആത്മാവിന്റെ ഭാവചലനങ്ങൾ സംയുക്തമായി പ്രകടമാകുന്നതാണ് ദൈവാരാധനയെന്നുള്ളത് ഹൈന്ദവ, മുസ്ലിം, ബുദ്ധ, ജൈന, യഹൂദ, ക്രിസ്തീയ മതങ്ങളുൾപ്പെടുന്ന പൗരസ്ത്യ വീക്ഷണമാണ്. "പൗരസ്ത്യർ നിന്നുകൊണ്ട് ആരാധിക്കുന്ന പാരമ്പര്യമുള്ളവരാണ്. രാജാധിരാജനായ ദൈവത്തിന്റെ മുമ്പാകെയുള്ള ആദരവും ഭയഭക്തി ബഹുമാനങ്ങളും സൂചിപ്പിക്കുകയാണ് നില്പുകൊണ്ട് കാണിക്കുന്നത്. പ്രാർത്ഥനകളിലെ അപ്രധാനവേളകളിൽ വൃദ്ധന്മാർക്കും ക്ഷീണന്മാർക്കും രോഗികൾക്കും ഇരിക്കാമെന്നല്ലാതെ മറ്റുള്ളവർ നിൽക്കുക തന്നെയാണ് വേണ്ടത്. കൗമ എന്നു പറഞ്ഞാൽ നില്പ് എന്നും നിന്നുകൊണ്ടുള്ള പ്രാർത്ഥനയെന്നും അർത്ഥമാക്കുന്നു" (യൂഹാനോൻ മാർ സേവേറിയോസ്, ശുശ്രൂഷാസംവിധാന സഹായി, രണ്ടാം പതിപ്പ്, പുറം 20). എങ്കിലും ചില സന്ദർഭങ്ങളിൽ ആരാധനയുടെയിടയിൽ മുട്ടിന്മേൽ നിൽക്കുക (1 രാജാ. 8. 54; എഫേ 3. 14, 15; ഫിലി. 2. 9-10), കുരിശുവരയ്ക്കുക, കുമ്പിടുക, കൈകൾ നെഞ്ചത്ത് ഒതുക്കി നിൽക്കുക, തല കുനിച്ചു നിൽക്കുക, കൈകൾ വിടർത്തിപ്പിടിക്കുക, ദൃഷ്ടികൾ മേല്പോട്ടുയർത്തുക തുടങ്ങിയവയെല്ലാം നമ്മുടെ ശാരീരിക മാനസിക വ്യാപാരങ്ങളാണ്. "രണ്ടു കൈകളും ആവശ്യമായ പ്രവൃത്തികൾ ചെയ്യുവാനും പ്രാർത്ഥനയിൽ ദൈവത്തിങ്കലേക്ക് ഉയർത്തുവാനുമുള്ളതാണ്."[1] ബുദ്ധിയും യുക്തിയും ഓർമ്മയും വികാരവും ഇച്ഛാശക്തിയും എല്ലാം ഇവയിൽ പ്രകടമാവുന്നു. മിക്കവാറും എല്ലാ പൗരസ്ത്യ മതങ്ങളിലും നിലനിൽക്കുന്ന ആരാധന രീതിയാണ് കുമ്പിടൽ അഥവാ പ്രണാമം. പഴയ നിയമത്തിലും പുതിയനിയമത്തിലും അനേകർ ദൈവമുമ്പാകെയും മറ്റു ശ്രേഷ്ഠരായ ആളുകളുടെ മുമ്പാകെയും മുട്ടുകുത്തികുമ്പിട്ടു വണങ്ങുന്ന പാരമ്പര്യം നാം കാണുന്നുണ്ട്. അബ്രഹാം ദൂതന്മാരുടെ മുമ്പിലും (ഉല്പത്തി 18.2), മോശ ദൈവത്തിന്റെ മുമ്പിലും അനേകപ്രാവശ്യവും വിദ്വാന്മാർ യേശുകുഞ്ഞിന്റെ മുമ്പിലും വീണു വണങ്ങുന്നുണ്ട്. വിധേയത്വം, അനുതാപം, സമർപ്പണം എല്ലാം പ്രകടപ്പിക്കുവാൻ അവരവർ ആരാധിക്കുന്ന പരാശക്തിക്കു മുമ്പിൽ സമർപ്പിക്കുന്ന ശരീരപ്രക്രിയയാണിത്. നെഞ്ചും (ഉരസ്സ്) തലയും (ശിരസ്സ്) കണ്ണുകളും (ദൃഷ്ടി) മനസ്സും (Attention) വചനവും (Speech) പാദവും കൈയും മുട്ടും ചേർന്ന അഷ്ടാംഗപ്രണാമം എല്ലാ പൗരസ്ത്യമതങ്ങളിലും ഉണ്ട്. റോമൻ കാത്തോലിക്ക സഭയിൽ പട്ടത്വസമയത്തും സന്യാസിവ്രതസമയത്തും, ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിൽ സന്യാസിവ്രതസമയത്തു മാത്രവും ശരീരം മുഴുവൻ ഭൂമിയോടു ചേർത്തു കമിഴ്ന്നു കിടക്കുന്ന രീതി ഉണ്ട്. വി. അഗസ്തീനോസിന്റെ അമ്മ മോണിക്ക ഇപ്രകാരം നിലത്തു കമിഴ്ന്നു കിടന്ന് തന്റെ മകനുവേണ്ടി കരഞ്ഞു പ്രാർത്ഥിച്ച് നിലം മുഴുവനും നനച്ചു

എന്ന് ആഗസ്തീനോസ് പറയുന്നത് ഈ അഷ്ടാംഗപ്രണാമമാണ്.[2] കാൽപാദങ്ങളും മുട്ടുകളും കൈകളും താടിയും മൂക്കും ചെന്നിയും നിലത്തു സ്പർശിച്ചുള്ള ഷഷ്ടാംഗ പ്രണാമം എല്ലാ പൗരാണിക പൗരസ്ത്യമതങ്ങളിലും ക്രിസ്തീയസഭകളിൽ പ്രത്യേകിച്ചും ഉണ്ട്. ഇവ കൂടാതെ പഞ്ചാംഗപ്രണാമവും ഹിന്ദുമതത്തിലുണ്ട് (മുട്ടുകളും നെഞ്ചും താടിയും ചെന്നിയും നെറ്റിയും നിലത്തു സ്പർശിച്ചുള്ളത്). കാൽപാദങ്ങളും കാൽമുട്ടുകളും മുഷ്ടികളും നെറ്റിയും മൂക്കും താടിയും നിലത്തു സ്പർശിച്ചുകൊണ്ടുള്ള ഷഷ്ടാംഗപ്രണാമമാണ് നമ്മുടെ സഭയിൽ സാധാരണയായി കാണപ്പെടുന്നത്. പൂർണ്ണആളത്വം (ദേഹവും ദേഹിയും ആത്മാവും) ആരാധനയിൽ ഭാഗഭാക്കാകണം (റോമ. 12.1; 1 കോരി. 6.19–20).

B. നിന്നുകൊണ്ടുള്ള ആരാധന–പൊതുവീക്ഷണം

യഹൂദ ആരാധന മിക്കവാറും നിന്നുകൊണ്ടാണ് നിർവ്വഹിക്കുന്നത്. "തൽമൂദിൽ (Talmud), റാബിമാർ പ്രാർത്ഥനയെന്നു പറയുമ്പോൾ 'Amidah' എന്നതാണ് ഉദ്ദേശിക്കുന്നത്. ഈ അമീദാ എന്ന വാക്കിന്റെ അർത്ഥം തന്നെ നിന്നുകൊണ്ടുള്ള പ്രാർത്ഥനയെന്നതാണ്" (Joshua Rabin, Physical Movement in Jewish Prayer).

ലോകത്തെമ്പാടുമുള്ള ഓർത്തഡോക്സ് സഭകളുടെ ആരാധനയിൽ മുഴുവൻ സമയവും നിന്നുകൊണ്ട് സംബന്ധിക്കുന്നതാണ് ഏറ്റം പുരാതനമായ പാരമ്പര്യം. അത് ഒരു അലിഖിത നിയമമാണ്. ആരാധനയ്ക്കിടയിൽ ഇരിക്കുന്ന രീതി പൗരസ്ത്യമല്ല; വീടുകളിലായാലും പള്ളികളിലായാലും നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നത് പൗരാണിക പാരമ്പര്യം തന്നെ. പ്രാർത്ഥനയ്ക്കുള്ള ഏറ്റം പൗരാണിക പാരമ്പര്യം നിന്നുകൊണ്ട് കൈകൾ വിടർത്തി (സങ്കീ. 63. 4, 141. 2) സ്വർഗ്ഗത്തിലേക്ക് ഉയർത്തി പിടിച്ചും മുഖം കിഴക്കോട്ടു തിരിച്ചും ഉള്ളതായിരുന്നു. ആദിമസഭയിൽ വിശ്വാസികളും സ്നാനാർത്ഥികളും നിന്നുകൊണ്ട് പ്രാർത്ഥിച്ചിരുന്നു. വിശ്വാസികൾ കണ്ണുകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തിയും സ്നാനാർത്ഥികൾ ഭൂമിയിലേക്ക് തലകൾ കുനിച്ചും നിന്നിരുന്നു. ഇത് സൂചിപ്പിക്കുന്നത് "പിതാവാം ദൈവത്തിങ്കലേക്ക് പുത്രന്മാർ (മാമോദീസ്സാ ഏറ്റവർ) കണ്ണുകളുയർത്തുന്നതുപോലെ മാമോദീസ്സാ ഏല്ക്കാത്ത സ്നാനാർത്ഥികൾ അതിനുള്ള യോഗ്യത നേടിയിട്ടില്ല എന്നതാകുന്നു."[3] മുട്ടുകുത്തി നിവർന്നു നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നതും സാധാരണയാണ്. അത് ആ വ്യക്തിയുടെ ഭക്തിയിലധിഷ്ഠിതമായ ഒരു നിഷ്ടയായി നമുക്കു കണക്കാക്കാം. പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പള്ളികളിൽ, വി. മദ്ബഹായിൽ, ഇടവകമെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായി ഒരു അദ്ധ്യക്ഷപീഠം ഉണ്ടായിരിക്കും. അത് നമസ്ക്കാരമേശയുടെ അടുത്തും ഉണ്ടാവാം. മെത്രാപ്പോലീത്തായ്ക്കാണ് സഭയിൽ പഠിപ്പിക്കുവാനുള്ള ഏക അധികാരം. അദ്ദേഹം ഇരുന്നുകൊണ്ട് പഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പ്രതിനിധിയായി നിയോഗിക്കപ്പെടുന്നവർ സഭയിൽ നിന്നുകൊണ്ട് പഠിപ്പിക്കണം എന്നുമാണ് നമ്മുടെ പരമ്പരാഗതമായ രീതി. മറ്റ് ഇരിപ്പിടങ്ങളൊന്നും ഓർത്തഡോക്സ് പള്ളികളിൽ കാണാറില്ല. ബഞ്ചുകളും കസേരകളുമൊക്കെ പള്ളികളിൽ ഇടുന്നത് ഒരു പാശ്ചാത്യ രീതിയാണ്. എന്നാൽ രോഗികൾക്കും ക്ഷീണിതർക്കും വൃദ്ധരായവർക്കും വേണ്ടി ഇരിപ്പിടങ്ങൾ പള്ളികളിൽ ഇടുന്ന പതിവ് കുറഞ്ഞോരു കാലമായി നമ്മൾ കാണുന്നുണ്ട്. മുമ്പ് അവരൊക്കെ ആവശ്യമായിത്തോന്നുമ്പോൾ പള്ളിയിൽ തറയിൽ ഇരിക്കുകയായിരുന്നു പതിവ്. ഇരിക്കുമ്പോൾ ചിന്തകളും ഓർമ്മകളും കാടുകയറാനുള്ള സാദ്ധ്യത കൂടുതലാണ്. നിൽക്കുമ്പോൾ ആരാധനയിൽ സജീവമായി പ്രതിവാക്യങ്ങൾ പറയുവാനും ഗീതങ്ങളിൽ ഭാഗഭാക്കാകുവാനും അനുകൂല സാഹചര്യം കൂടുതലുണ്ട്. "പ്രാർത്ഥിപ്പാൻ നീ നിൽക്കുമ്പോൾ സന്താപത്തോടേകാഗ്രം ചിന്തകളെ കടിഞ്ഞാണിട്ട് ചിത്തത്തിൽ നിർത്തീടേണം" എന്ന് തിങ്കളാഴ്ച സൂത്താറ നമസ്ക്കാരത്തിൽ ഈ അനുകൂല സാഹചര്യത്തെ സൂചിപ്പിക്കുന്നു. ആരാധനയിൽ പ്രത്യേക സന്ദർഭങ്ങളിൽ അനുതാപത്തിന്റെ അടയാളമായി മുട്ടുകുത്തുന്നുണ്ടെങ്കിലും കുമ്പിട്ട് എഴുന്നേൽക്കുന്നത് പാപവീഴ്ചയുടെയും ക്രിസ്തുവിലുള്ള രക്ഷയിലുള്ള ഉയിർത്തെഴുന്നേൽപ്പിന്റെയും പ്രതീകമാണ്. നിന്നുകൊണ്ടുള്ളതാണ് ശേഷിക്കുന്ന മുഴുവൻ സമയങ്ങളിലെയും ആരാധന. ഈ പൗരാണിക പാരമ്പര്യത്തെക്കുറിച്ച് തെർത്തുല്യൻ (155–220 AD) രേഖപ്പെടുത്തുന്നു "കർത്തൃദിവസം (ഞായറാഴ്ച) മുട്ടുകുത്തി പ്രാർത്ഥിക്കുന്നതോ ഉപവസിക്കുന്നതോ നിയമവിരുദ്ധമാണ്. ഇതേ സ്വാതന്ത്ര്യം ഉയിർപ്പു മുതൽ പെന്തിക്കൊസ്തി വരെ നാം അനുഭവിക്കുന്നുണ്ട്."[4] ഈ നിയമം നിഖ്യാ സുന്നഹദോസിന്റെ 20–ാം കാനോനിൽ ആവർത്തിക്കുന്നു. "കർത്തൃ ദിവസവും പെന്തിക്കൊസ്തി നാളുകളിലും ചില ആളുകൾ മുട്ടുകുത്തുന്നതായി അറിയുന്നു. എല്ലാം ഐക്യരൂപമുള്ളതായി നടക്കണമെന്നതിനാൽ ദൈവത്തോടു പ്രാർത്ഥിക്കുന്നത് നിന്നുകൊണ്ടായിരിക്കണമെന്ന് സുന്നഹദോസിന് നല്ലതായി തോന്നുന്നു."[5] ഉയിർത്തെഴുന്നേൽപ്പിന്റെ രക്ഷാനുഭവം പാപത്തിൽ നിന്നും മരണത്തിൽനിന്നുമുള്ള സ്വാതന്ത്ര്യത്തിന്റെ അനുഭവമാണെന്നതാണ് നിൽക്കുന്നതിന്റെ പിന്നിലുള്ള സത്യം. 16–ാം നൂറ്റാണ്ടു വരെ എല്ലാ ക്രിസ്ത്യാനികളും നിന്നുകൊണ്ടാണ് ആരാധിച്ചിരുന്നത്. പ്രോട്ടസ്റ്റാന്റിസം കർതൃമേശയിലെ ശുശ്രൂഷയെക്കാൾ വേദപുസ്തക വ്യാഖ്യാന ശുശ്രൂഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയതോടെ അവരുടെ ആരാധനയിൽ 75% സമയവും ഇരുന്നുകൊണ്ട് പാട്ടുകൾ പാടുന്നതിനും വേദപുസ്തകം വായിക്കുന്നതിനും പ്രസംഗം നടത്തുന്നതിനുമായി മാറ്റി വച്ചു. ബാക്കി ഭാഗം മാത്രം വി. കുർബാന അനുഷ്ഠാനുത്തിനു പ്രാധാന്യം നൽകി. അപ്പോൾ മുതൽ ആരാധനയിൽ ഇരിപ്പിടങ്ങൾ പ്രത്യക്ഷപ്പെട്ടു. കർത്തൃശരീരങ്ങളുടെ അനുഭവത്തിലൂടെയുള്ള ആത്മീയ വളർച്ചയെക്കാൾ ബൗദ്ധിക തലത്തിലുള്ള ആത്മീയ പരിപോഷണത്തിന് പ്രാധാന്യം നൽകി. കർത്തൃശരീര രക്തങ്ങളുടെ ആരാധന യേശുക്രിസ്തുവിന്റെ "എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ" എന്ന ആഹ്വാനത്തിന്റെ കേവലം ശുഷ്ക്കമായ ഒരു അനുസ്മരണം മാത്രമായി. വചനത്തിന്റെ പഠനത്തിലൂടെയുള്ള ആത്മീയ വളർച്ചയ്ക്ക്, വചനം ജഡമായവന്റെ ശരീരരക്തങ്ങളുടെ അർപ്പണത്തിനും അനുഭവത്തിനും മേലായ ഒരു പ്രാധാന്യം ഉണ്ടായി. ഈ ഊന്നലിലുള്ള വ്യത്യാസം ഇന്നും പ്രോട്ടസ്റ്റണ്ടു സമൂഹങ്ങളിലെല്ലാം തുടർന്നു വരുന്നു. അപ്പവീഞ്ഞുകളുടെ സമർപ്പണത്തിന്റെ സ്ഥാനത്ത് നല്ല ഒരു പ്രസംഗത്തിന്റെ സ്ഥാനം കയറി വന്നു. ആയതിനാൽ ജനം മിക്ക സമയവും ഇരുന്നു കൊണ്ടു വേദവായനകളും പ്രസംഗവും പഠിക്കുവാൻ ശ്രമിക്കുന്നു. ആരാധന കേവലം ഒരു പഠന പരിപാടി ആയി. പള്ളികൾ സ്ക്കൂൾ മുറികളായി. ഈ ഊന്നലിലെ വ്യത്യാസം പള്ളികളുടെ നിർമ്മാണരീതിയിലും പ്രത്യക്ഷപെട്ടു; ഒപ്പം ഉള്ളിലെ ഇരിപ്പിട ക്രമീകരണത്തിലും. എന്നാൽ ഓർത്തഡോക്സ് സഭകൾ പഴയനിയമ പാരമ്പര്യം അനുസരിച്ചും (യെശ 6.2; 1 രാജ. 22.19; ദാനി 7.10; 2 ദിന 15.12; 6.2; 20.5; എസ്രാ 3.10; നെഹ. 9.4–5; 8.7; 1 ശമു 1.26), ക്രിസ്തു പഠിപ്പിച്ചതനുസരിച്ചും (മർക്കോ 9.25), ആദിമ സഭ ആചരിച്ചതനുസരിച്ചും (മത്താ. 6.5; ലൂക്കോ. 18.11, 13; 1 കോരി 6.19, 20), ആദിമ സഭാപിതാക്കന്മാരുടെ പാരമ്പര്യമനുസരിച്ചും നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നു[6].

C. നിന്നുകൊണ്ടുള്ള ആരാധനയുടെ അർത്ഥതലങ്ങൾ

1. സഭയുടെ ഏകത്വ സ്വഭാവം വെളിപ്പെടുത്തൽ

ആരാധനയിൽ ഒരുമിച്ചു നിൽക്കുന്നത് ഒരുമയുടെ സന്ദേശമാണ്. ഒരേ പാട്ടുകളും പ്രാർത്ഥനകളും ഒരുമിച്ചു നിന്നു പാടുന്നതും, ഒരേ വി. കുർബാനയുടെ പങ്കാളികളായിത്തീരുന്നതും സഭ ഏകമാണെന്ന വിശ്വാസപ്രമാണത്തിന്റെ ഭാവാവിഷ്ക്കാരമാണ്. സ്വർഗ്ഗത്തിൽ ദൈവസിംഹാസനത്തിനു ചുറ്റുമായി നിന്നുകൊണ്ട് ദൈവസ്തുതി അനവരതം നിർവ്വഹിക്കുന്ന സ്വർഗ്ഗീയ ദൂതന്മാരുടെ നിലയോട് ചേർന്നുകൊണ്ട് നാം ആരാധന നിർവ്വഹിക്കുന്നു (ലൂക്കോസ് 1.11; വെളി. 7.1; 8.2; 1 രാജാ. 22.19; സഖറിയ 3.1; 6.5; ലൂക്കോസ് 1.19). ആരാധനയെന്ന (Liturgy) ഗ്രീക്കു മൂലം ജനങ്ങൾ ഒരുമിച്ചു നിന്നുകൊണ്ടു നടത്തുന്ന ഒരു പ്രവർത്തനം അഥവാ ജോലി എന്നാണ്. പ. യുസ്ത്രീനോസ് പറയുന്നത്: "ഞായറാഴ്ച ഒരുമിച്ച് ഒരു സ്ഥലത്തു കൂടി വേദവായനകൾക്കുശേഷം ഒരുമിച്ച് എഴുന്നേറ്റ് നിന്ന് വി. കുർബ്ബാന അർപ്പിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. വരാത്തവർക്ക് ഒരു ഭാഗം ശെമ്മാശന്മാരുടെ കയ്യിൽ കൊടുത്തു വിടുന്നു. അദ്ധ്യക്ഷൻ പ്രാർത്ഥിക്കുന്നു. എല്ലാവരും ആമേൻ പറയുന്നു. അദ്ധ്യക്ഷൻ പണം ശേഖരിച്ച് അനാഥർ, വിധവമാർ, രോഗികൾ, വിദേശികൾ എന്നിവർക്കു നൽകുന്നു."[7] മാലാഖമാരുടെ സംഘത്തോടൊപ്പമുള്ള നമ്മുടെ ആരാധന നിന്നുകൊണ്ടായിരിക്കണമെന്ന് തെർത്തുല്യൻ വീണ്ടും രേഖപ്പെടുത്തുന്നു. "ദൈവസന്നിധിയിൽ അനേകം മാലാകമാർ ഭയത്തോടും വിറയലോടും കൂടി നിൽക്കുമ്പോൾ നാം ഇരുന്നുകൊണ്ട് ആരാധിക്കുന്നത് ശരിയല്ല; ഇരുന്നുകൊണ്ടു പ്രാർത്ഥിക്കുമ്പോൾ നാം അനിഷ്ടമായും അലക്ഷ്യമായും അലസമായും (അശ്രദ്ധമായി) പ്രാർത്ഥിക്കുന്നു എന്ന് തോന്നിക്കുന്നു."[8] കാലാതീതമായ സഭയുടെ ഏകതയെ പ്രസ്പ്ഷ്ടമാക്കുന്നതാണ് വി. കുർബ്ബാനയിൽ നാം ഒരുമിച്ചു നിന്നു കൊണ്ട് ആരാധിക്കുന്നതെന്ന് പ്രസിദ്ധ ബൈസന്റിയിൻ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനായ ജോർജജ് ഫ്ളൊറോവ്സ്ക്കിയും രേഖപ്പെടുത്തുന്നു.[9]

2. ഭയഭക്തി ബഹുമാനപ്രകടനം

ദൈവസാന്നിദ്ധ്യത്തോടുള്ള ബഹുമാനപ്രകടനമാണ് ദൈവവചനം വായിക്കുമ്പോൾ നാം എഴുന്നേറ്റു നിൽക്കുന്നത്. എസ്രായും നെഹമ്യാവും ന്യായപ്രമാണപുസ്തകങ്ങൾ നിവർത്തി വായിച്ചപ്പോൾ ജനം മണിക്കൂറുകളോളം നിന്നുകൊണ്ട് കേട്ടു (നെഹ. 8. 5,6). മുൾപ്പടർപ്പിന്നരികെ മോശ നിന്നുകൊണ്ട് ദൈവശബ്ദം കേട്ടു. കാലിൽ നിന്ന് ചെരിപ്പഴിച്ചു കളയുവാൻ മോശയോടു ദൈവം പറഞ്ഞത് ദൈവസാന്നിദ്ധ്യം വെളിപ്പെടുമ്പോൾ ബഹുമാനത്തോടെ അതു സ്വീകരിക്കണമെന്നുള്ളതു വെളിവാക്കുന്നു (പുറ 3.5). മോശ ദൈവത്തോട് സമാഗമന കൂടാരത്തിൽ വച്ചു സംസാരിച്ചപ്പോൾ ദൈവത്തിന്റെ തേജസ്സ് കൂടാരവാതിൽക്കൽ നിൽക്കുന്നത് ജനമെല്ലാം ഓരോരുത്തൻ തന്റെ കൂടാരവാതിൽക്കൽ നിന്നുകൊണ്ട് കണ്ടു (പുറ 33). അബ്രഹാം ദൈവദൂതന്മാരെ ശുശ്രൂഷിപ്പാനും സോദോമിനു വേണ്ടി മദ്ധ്യസ്ഥത അണയ്ക്കുവാനും ദൈവസന്നിധിയിൽ നിന്നു (ഉല്പ 18.8,22). യഹോവ തീയിൽ നിന്ന് അരുളിചെയ്തത് കേൾക്കുവാൻ യിസ്രായേൽ ജനം ഹോറേബ് പർവ്വതത്തിന്റെ അടിവാരത്തു വന്നു നിന്നു (ആവ. 4.10, 11). ജനത്തെ പഠിപ്പിക്കുവാനും ന്യായം വിധിപ്പാനും മോശ ഇരിക്കുന്നിടത്ത് ജനം വന്ന് ഭയഭക്തിയോടെ നിന്നിരുന്നു (പുറ 18. 3). ഇതു തന്നെ പുരോഹിതന്മാരും ന്യായാധിപന്മാരും ചെയ്തിരുന്നു (സംഖ്യാ 5.16, ആവ. 19.17). ദൈവസാന്നിദ്ധ്യവും പ്രപഞ്ചത്തിലുള്ള ദൈവത്തിന്റെ ഇടപെടലുകളും നാം തിരിച്ചറിയുന്നതിനും ദൈവതിരുമുമ്പാകെ ഭയഭക്തിയോടെ ബഹുമാനപൂർവ്വം നിൽക്കണം. ആരാധനയുടെ വിവിധ സന്ദർഭങ്ങളിൽ ഇതിനുള്ള ആഹ്വാനമാണ് "സ്തൗമെൻകാലോസ് ' അഥവാ നാം ഭംഗിയായി നിൽക്കണമെന്നത്. "യഹോവയുടെ നിയമപെട്ടകം ചുമന്ന പുരോഹിതന്മാർ യോർദ്ദാന്റെ നടുവിൽ ഉണങ്ങിയ നിലത്ത് ഉറച്ചു നിന്നു; യിസ്രായേൽ ജനമൊക്കെയും യോർദ്ദാൻ കടന്നു തീരുവോളം ഉണങ്ങിയ നിലത്തു കൂടിത്തന്നെ കടന്നുപോയി" (യോശു 3. 17). ദൈവസാന്നിദ്ധ്യം (നിയമപെട്ടകം) എപ്പോഴും കരുതലും കാവലുമാണെന്ന ബോധ്യം അവിടെ നിന്ന പുരോഹിതന്മാർ ജനത്തിനു നൽകിയ സന്ദേശമാണ്. ഇതേ ഭക്തി ദൈവസന്നിധിയിൽ നിന്നു കൊണ്ട് ദാനിയേൽ (ദാനി 10.11) പ്രകടിപ്പിക്കുകയും യിരമ്യാവ് ദൈവാലയത്തിൽ നിൽക്കുന്ന പുരോഹിതന്മാരെയും യിസ്രായേൽ ജനത്തെയും അറിയിക്കുകയും ചെയ്തു (28.5). നാം ദേവാലയത്തിലേക്കു പ്രവേശിക്കുമ്പോൾ പടിഞ്ഞാറെ വാതിൽക്കൽ ചുംബിച്ചു വണങ്ങി "ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്കു പ്രവേശിച്ച് എന്റെ നേർച്ച കാഴ്ചകളെ ഞാൻ നിനക്കു കഴിക്കും" (സങ്കീ. 66.13) എന്ന് ചൊല്ലുന്നു. ദൈവമഹത്വത്തിന്റെയും ദൈവരാജ്യത്തിന്റെയും അനുഭവത്തിലേക്കു പ്രവേശിക്കുക എന്ന ബോദ്ധ്യത്തിൽ നാം പ്രാർത്ഥനയോടെ പ്രവേശിക്കുന്നു. ദൈവസാന്നിദ്ധ്യം എപ്പോഴും ദേവാലയത്തിലുണ്ട്. അത് ബോദ്ധ്യമാവുമ്പോൾ ദൈവാലയത്തിൽ നിന്നു കൊണ്ടു മാത്രമേ പ്രാർത്ഥിക്കുവാൻ നമുക്ക് തോന്നുകയുള്ളൂ. പഴയനിയമം വായിക്കുമ്പോൾ മാത്രമെ നമുക്ക് ഇരിക്കുവാൻ അനുവാദമുള്ളൂ. അതും ഭിത്തിയിൽ ചാരാതെയും സംസാരിക്കാതെയും വായിക്കപ്പെടുന്നത് കേട്ട് ഗ്രഹിക്കുവാൻ ശ്രദ്ധിച്ചുകൊണ്ട് ഭക്തിപൂർവ്വം ഇരിക്കണം. പിന്നീട് വി. കുർബ്ബാനയിലോ മറ്റു വായനകളുടെ സമയത്തോ, മറ്റു കൂദാശകളുടെ സമയത്തോ ഇരിക്കുവാൻ നമുക്ക് അനുവാദമില്ല. അലക്സന്ത്രിയായിലെ വി. ക്ലീമിസ്(153–217 AD) പറയുന്നത് "ദൈവജ്ഞാനിയായ ഒരുവൻ പ്രാർത്ഥിക്കുന്നത് ദൈവദൂതന്മാരുടെ ഗണത്തിൽ നിന്നുകൊണ്ടാണ്. അവനും ആ ദൂതന്മാരിലൊരുവന്റെ പദവി ലഭിച്ചിട്ടുണ്ട്. അവൻ വിശുദ്ധിയുടെ വെളിയിലല്ല, അവൻ ഒറ്റയ്ക്ക് പ്രാർത്ഥിച്ചാലും അവൻ അവനോടൊപ്പം നിൽക്കുന്ന പരിശുദ്ധന്മാരുടെ സംഘത്തിൽ നിന്നുകൊണ്ടാണ്."[10] ദൈവാവബോധത്തിൽ വികാരങ്ങൾക്ക് അതീതമായി ജീവിക്കുവാൻ കഴിയുന്ന ഒരുവനെയാണ് ദൈവജ്ഞാനി (gnostic) എന്ന് വി. ക്ലീമിസ് വിളിക്കുന്നത്. ഇതിനെക്കാൾ വിശദമായ ഒരു പ്രബോധനമാണ് ഇക്കാര്യത്തിൽ ഇതേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ലത്തീൻ ക്രിസ്ത്യൻ പാരമ്പര്യത്തിലെ എഴുത്തുകാരൻ തെർത്തുല്യനും (155–220 AD) രേഖപ്പെടുത്തിയിരിക്കുന്നത്. "നിങ്ങൾ ആരെ ഏറ്റം അധികം ബഹുമാനിക്കുന്നുവോ ആ ദൈവത്തിന്റെ കൺമുമ്പാകെ, അവന്റെ ദൃഷ്ടിക്കു താഴെ ഇരിക്കുകയെന്നുള്ളത് അനാദരവാണെന്നു മാത്രമല്ല എപ്പോഴും ദൈവദൂതന്മാർ നിന്നുകൊണ്ട് വാഴ്ത്തുന്ന ജീവനുള്ള ദൈവത്തിന്റെ ദൃഷ്ടിയിൽ ആ പ്രവർത്തി ഏറ്റം ദൈവനിഷേധവുമാണ്; പ്രാർത്ഥന നമുക്ക് അരോചകമാണെന്നു വെളിപ്പെടുത്തുന്ന ഒരു പ്രവർത്തിയുമാണ്."[11] ദൈവസാന്നിദ്ധ്യബോധമില്ലായ്മ, അലസത, അശ്രദ്ധ, ദൈവത്തോടും ആരാധനയോടുമുള്ള അനാദരവ്, ദൈവവിശ്വാസത്തിന്റെ കുറവ് ഇവയെല്ലാം ഇരുന്നുകൊണ്ടുള്ള ആരാധനയിൽ സൂചിപ്പിക്കുന്നു. ഇതോടൊപ്പം പ. സിപ്രിയൻ (200–258) ഓർമ്മിപ്പിക്കുന്നതും ശ്രദ്ധേയം; "പ്രിയ സഹോദരങ്ങളേ, നമ്മൾ പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോൾ നമ്മുടെ ഹൃദയത്തിന്റെ പരിപൂർണ്ണ ശ്രദ്ധയോടും ഏകാഗ്ര മനസ്സോടും ഉണർവ്വോടും കൂടെ ആയിരിക്കണം നിൽക്കേണ്ടത്. ഉപവാസവും ദാനദർമ്മങ്ങളും പ്രാർത്ഥനയുടെ രണ്ടു ചിറകുകളാണ്."[12] ദൈവസാന്നിദ്ധ്യബോധവും ദൈവത്തോടുള്ള ഭയഭക്തിപ്രകടനവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ തന്നെ.

3. ക്രിസ്തുവിൽ ചരിക്കുക

നിന്നുകൊണ്ടു പ്രാർത്ഥിക്കുമ്പോൾ നാം ക്രിസ്തുവിൽ ചരിക്കുന്ന അനുഭവം ഉണ്ട്. ആരാധനയിലെ സുവിശേഷ ഭാഗം വായിക്കുമ്പോൾ നാം എല്ലാവരും എഴുന്നേറ്റു നിൽക്കണമെന്നത് എല്ലാ സഭാവിഭാഗങ്ങളിലും പൗരാണികമായി നില നിൽക്കുന്ന ഒരു പാരമ്പര്യമാണ്. ക്രിസ്തുവിന്റെ സുവിശേഷം ഹൃദയങ്ങളിൽ ഉൾക്കൊണ്ട് നമ്മുടെ ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും അപഗ്രഥിച്ച് മനസ്സ് ക്രിസ്തുവിനോടൊപ്പം ചലനാത്മകതയിൽ ആയിത്തീരുന്ന നിമിഷമാണ് ഇത്. നാം ക്രിസ്തുവിനോട് സംഭാഷിക്കുന്ന നിമിഷം. ദൈവരാജ്യത്തെക്കുറിച്ച് കേൾക്കുക മാത്രമല്ല അതിൽ പങ്കാളികളായിത്തീരുകയാണ്. ക്രിസ്തുവിന്റെ ജീവിതത്തോട് താദാത്മ്യം പ്രാപിക്കുവാനുള്ള ഒരുക്കത്തിന്റെ ചലനാത്മകത ഈ നിൽപ്പിലുണ്ട്. ക്രിസ്തു തന്റെ വചനങ്ങൾ മുഖാന്തിരം നമ്മിലേക്കും നാം ക്രിസ്തുവിലേക്കും നടന്നടുക്കുന്ന സന്ദർഭം. എസ്രാ, ന്യായപ്രമാണപുസ്തകം സകല യിസ്രായേൽ ജനത്തിനും മീതെ വിടർത്തി വായിച്ചപ്പോൾ മണിക്കൂറുകളോളം ജനമെല്ലാം എഴുന്നേറ്റു നിന്നു. എസ്രാ മഹാ ദൈവമായ യഹോവയെ സ്തുതിച്ചു; ജനമൊക്കെയും കൈ ഉയർത്തി ആമേൻ എന്ന് പ്രതിവചനം പറഞ്ഞ് വണങ്ങി സാഷ്ടാംഗം വീണു യഹോവയെ നമസ്ക്കരിച്ചു (നെഹ. 8. 5,6). ദൈവവചന കേൾവിയിലുള്ള ചലനം. യഹോവ അവരിലേക്കും അവർ യഹോവയിലേക്കും പരസ്പരം നടന്നടുക്കുന്ന അനുഭവം. നിന്നുകൊണ്ട് സുവിശേഷം കേൾക്കുന്ന നമുക്കും ഉണ്ടാകേണ്ട ഭാവചലനം. നമ്മുടെ ആരാധനയിൽ നാം നില്ക്കുമ്പോൾ വായിക്കുകയും പാടുകയും ചെയ്യുന്ന ഭാഗങ്ങളിൽക്കൂടി ശ്രദ്ധാപൂർവ്വം നമ്മുടെ മനസ്സു ചലിക്കുമ്പോൾ ആരാധനയിലെ ദൈവത്മാപ്രേരിതമായ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ ചലനാത്മകത സൃഷ്ടിക്കുകയും വികാരവിചാരങ്ങളുടെ ഭാവമാറ്റങ്ങൾ ഉണ്ടാവുകയും ചെയ്യും. ഇത് ക്രിസ്തുവിലുള്ള നമ്മുടെ ആത്മധൈര്യത്തിനും അനുതാപത്തിനും പുതിയ ജീവിതശൈലിക്കുള്ള തീരുമാനമെടുക്കുന്നതിനും ഒക്കെ ഇടയാക്കുന്നു. ഇത് നിന്നുകൊണ്ടുള്ള ആരാധനയിലെ ചലനാത്മകതയാണ്. ഇത് സാധിക്കണമെങ്കിൽ ആരാധനയിൽ ചാഞ്ഞും ചരിഞ്ഞും നിൽക്കാതെയും ആരാധനക്രമങ്ങളിലെ വാക്കുകളിൽക്കൂടെ കണ്ണുകൾ ശ്രദ്ധാപൂർവ്വം ചലിപ്പിക്കുകയും ചെയ്യണം. ആയതിനാൽ അത്യാവശ്യമായി മനഃപാഠമാക്കേണ്ടവ ഒഴിച്ച് ബാക്കി എല്ലാ പ്രാർത്ഥനകളും പുസ്തകങ്ങളിൽ നോക്കി വായിച്ചു പ്രാർത്ഥിക്കണമെന്ന് വൈദികർക്കും അത്മായർക്കും ഒരുപോലെ ബോദ്ധ്യമാവണം. മനഃപാഠം ആവർത്തിക്കുമ്പോൾ മനസ്സു കാടുകയറി യാത്ര ചെയ്യുവാൻ സാദ്ധ്യതയുണ്ട്. ആരാധനയുടെ ചലനാത്മകത നഷ്ടപ്പെടും.

പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറി യാത്രയിൽ, അഥേനയിലെ അരയോഗപ മദ്ധ്യേചെയ്ത പ്രസംഗത്തിൽ, അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത് (അപ്പോ. 17. 28) എന്ന പ്രസ്താവന ദൈവം നമുക്കു സമീപസ്ഥനാണെന്നും അല്ലാതെ അജ്ഞാതനായ ദൈവമല്ലെന്നും, ക്രിസ്തുവിലൂടെയാണ് അദൃശ്യനായ ദൈവം ദൃശ്യനായതെന്നും സമർത്ഥിക്കുന്നതിനുവേണ്ടിയായിരുന്നു. ക്രിസ്തുവിൽ ചരിക്കുകയെന്നത് വി. പൗലൂസ് ശ്ലീഹാ പല പ്രാവശ്യം ആവർത്തിക്കുന്നുണ്ട് (കൊലോ 2.6; എഫേ. 2.10; 2 കൊരി 5.7; റോമ. 6.4). ഇവിടെയെല്ലാം നമ്മുടെ ജീവിതത്തിലെ പ്രയാണം ക്രിസ്തുവിനോടുകൂടെ ആയിരിക്കണമെന്നും ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ സ്വാംശീകരിക്കണമെന്നുമാണ് ഉദ്ദേശിക്കുന്നത്. അപ്രകാരം നമ്മുടെ കുറവുകൾ കണ്ടുപിടിച്ച് ഈ ദൈവസ്വാഭാവ യാഥാർത്ഥീകരണത്തിനുള്ള ഒരു ചലനം ആരാധനയിൽ നിന്നുകൊണ്ടു സംബന്ധിക്കുമ്പോൾ നമ്മിലുണ്ടാവും. ഇവിടെയാണ് ദൈവസാദൃശത്തിലേക്കുള്ള വളർച്ചയുടെ രൂപാന്തരീകരണ പ്രക്രിയ സമാരംഭിക്കുന്നത്. "ദൈവമായ നീ മൂലം നിർമ്മിക്കപ്പെട്ട പുതിയ മനുഷ്യന്റെ ജീവിതത്തിൽ പുതുതായി ഞങ്ങൾ ചരിക്കുന്നു." (പുതുഞായറാഴ്ച, സന്ധ്യയുടെ സെദറാ, പുറം 35). ആത്മാവിനെ അനുസരിച്ചു നടക്കുക

യെന്നത് (ഗലാ. 5.16,25) ആരാധനയിൽ നിന്നും ആരംഭിച്ച് ജീവിതത്തിൽ ആവിഷ്ക്കരിക്കുന്നു. വി. കുർബ്ബാനയുടെ സമാപനാശീർവാദത്തിൽ സമാധാനത്തോടെ പോകുവാൻ നമ്മെ ശക്തരാക്കുന്നത് ഈ ചലനാത്മക നിലയാണ്. ക്രിസ്തു ലോകാവസാനത്തോളം നമ്മുടെകൂടെ ഉണ്ടായിരിക്കുമെന്ന വാഗ്ദാനത്തിന്റെ ഉറപ്പിൽ സകലജാതികളെയും ക്രിസ്തു ശിഷ്യരാക്കുവാനുള്ള നമ്മുടെ പുറപ്പാട് (മത്താ. 28. 18–20) ആരാധനയുടെ ഈ നിലയിൽ നിന്നും ഉണ്ടാവണം.

4. രക്ഷയുടെ ഉറപ്പും വിളംബരവും

"യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധ സ്ഥലത്തു ആർ നില്ക്കും? വെടിപ്പുള്ള കയ്യും നിർമ്മലഹൃദയവും ഉള്ളവൻ. വ്യാജത്തിനു മനസ്സുവെക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ" (സങ്കീ. 24. 3,4). ക്രിസ്തു നൽകിയ രക്ഷയാൽ നാം നിർമ്മലരും വെടിപ്പുള്ളവരും ആയിത്തീർന്ന ധൈര്യമാണ് നമ്മെ ക്രിസുവിന്റെ സാന്നിദ്ധ്യത്തിൽ ആത്മധൈര്യത്തോടെ നിൽക്കുവാൻ ഒരുക്കുന്നത്. "നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നത് ദൈവസന്നിധിയിലുള്ള നമ്മുടെ ആത്മധൈര്യത്തെ കാണിക്കുന്നു."[13] "യഹോവ എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി" (സങ്കീ. 40.2). "യഹോവ എന്റെ കാലുകളെ മാൻപേടക്കാൽകൾക്കു തുല്യമാക്കി; എന്റെ ഗിരികളിൽ എന്നെ നിൽക്കുമാറാക്കി" (സങ്കീ. 18.33). "അവർ കുനിഞ്ഞു വീണുപോയി, എന്നാൽ ഞങ്ങൾ എഴുന്നേറ്റു നിവർന്നു നിൽക്കുന്നു" (സങ്കീ. 20.8). ഈ സങ്കീർത്തനഭാഗങ്ങളെല്ലാം ക്രിസ്തുശാസ്ത്ര പ്രവചനങ്ങളാണ്. ദൈവസിംഹാസനത്തിനു മുമ്പാകെ നിൽക്കുവാൻ നമുക്ക് ഒരു ഉറപ്പുണ്ട് (വെളി. 20.12). അത് ക്രിസ്തു നൽകുന്ന രക്ഷയുടെ ഉറപ്പാണ്. ആയതിനാൽ വി. പൗലൂസ് ശ്ലീഹാ പറയുന്നു, "നാം നിൽക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനം ലഭിച്ചിരിക്കുന്നു. നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു" (റോമ. 5. 2). വി. മാമ്മോദീസ്സായിൽകൂടി ഒരു പുതിയ ബന്ധത്തിലേക്കു നാം വന്നിരിക്കുന്നു. പഴയ ഉടമ്പടിപോലെ തന്നെ (ആവ. 9.12), വിശ്വാസത്തിൽക്കൂടി വി. മാമോദീസ്സാ മൂലം സഭയിൽ നമുക്കു ലഭിച്ചിരിക്കുന്ന രക്ഷയുടെയും കരുതലിന്റെയും ഉറപ്പ് മൂലമാണ് ആരാധനയിൽ നമുക്ക് നിവർന്നു നിൽക്കുവാൻ കഴിയുന്നത്. വി. പൗലോസ് ശ്ലീഹാ ഈ ഉറപ്പ് അനേക സന്ദർഭങ്ങളിൽ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമ. 11.20; 1 കോരി. 10. 12,13; 15. 1,2; 2 കോരി. 1.21; ഗലാ. 5.1; ഫിലി. 4.1; കൊലോ. 4.12; 2 തെസ്സ. 2.15). യഹോവയുടെ രക്ഷാസന്ദേശം അരകെട്ടി എഴുന്നേറ്റു നിന്നു യിസ്രായേൽ ജനത്തോട് അറിയിക്കണമെന്ന് യഹോവ യിരമ്യാ പ്രവാചകനോടു പറഞ്ഞു (യിര. 1.17). ഒരു പ്രവാചകൻ കുഷ്യനുള്ള ചാരുകസേരയിൽ ഇരുന്നുകൊണ്ടല്ല വിളംബരം ചെയ്യേണ്ടത്. നാമും പ്രവാചകന്മാരാണ്. ദൈവരക്ഷയെ വിളംബരം ചെയ്യുന്നവരാണ്. ലോകത്തിനു ജീവനും രക്ഷയും ഘോഷിക്കുന്ന യേശുവിന്റെ സുവിശേഷം നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര കാലത്ത് നടന്ന ഒരു സംഭവമായിട്ടാണ് പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുമ്പോൾ അറിയിക്കുന്നത്. അത് ക്രിസ്തുവിൽകൂടി നമുക്ക് ലഭിച്ച രക്ഷാസംഭവത്തിന്റെ പ്രഘോഷണമാണ്. ആയതിനാൽ ഏവൻഗേലിയോൻ വായിക്കുമ്പോൾ നാം എല്ലാവരും എഴുന്നേറ്റ് നിന്ന് ആ സംഭവം അപ്രകാരം സംഭവിച്ചു എന്ന് വിശ്വസിച്ച് ഏറ്റുപറയുന്നു. ക്രിസ്തുവിന്റെ വചനം നമ്മൾ ഹൃദയത്തിലേക്ക് സ്വാംശീകരിക്കുന്നു. അവയിലുള്ള നമ്മുടെ വിശ്വാസത്തെ കുരിശു വരച്ച് നാം സ്വീകരിക്കുന്നു. ദൈവതേജസ്സ് കാണുവാൻ ആഗ്രഹിച്ച മോശയെ പാറമേൽ നിർത്തി, പാറയുടെ വിള്ളലിൽ നിർത്തി മറച്ച് ദൈവതേജസ്സ് കടന്നു പോയതുപോലെ (പുറ. 33.18–23) ജീവനും ചൈതന്യമുള്ളതുമായ ദൈവവചനത്തിൽക്കൂടി നമ്മോടു സംസാരിക്കുന്ന ദൈവതേജസ്സ് കാണുവാൻ നാം നിവർന്നു നിൽക്കണം. ദൈവതേജസ്സ് ദേവാലയത്തിൽക്കണ്ടു എഴുന്നേറ്റ് നിന്ന് ദൈവത്തെ സ്തുതിച്ച യിസ്രായേൽ ജനം (പുറ. 33.10; 1 ദിന 23.30, നെഹ 9.5) യഹോവയുടെ രക്ഷയെയും കരുതലിനെയും പ്രഖ്യാപിക്കുകയായിരുന്നു. "നോമ്പാലും ഉപവാസത്താലും പ്രാർത്ഥനയാലും ദാനധർമ്മങ്ങളാലും ദൈവവചനപാരായണത്തിലും കൂടി നമ്മുടെ ആത്മാവിനെ സുരക്ഷിതമാക്കണം. തുടർന്നുള്ള ജീവിതം ക്രിസ്തുവിന്റെ വചനപ്രകാരം മാമോദീസ്സായിൽക്കൂടി ലഭിച്ചിരിക്കുന്ന രക്ഷ അനുഭവിക്കലാകണം."[14] ക്രിസ്തുവിലുള്ള നമ്മുടെ രക്ഷയെക്കുറിച്ച് ഉറപ്പും വിശ്വാസവുമുള്ളപ്പോൾ ക്രിസ്തുവിന്റെ മുമ്പാകെ ആരാധനയിൽ നാം നിൽക്കുന്നതു ആ രക്ഷാവിളംബരം നാം നിർവ്വഹിക്കുന്നതിന്റെ പ്രതീകമാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ തിരുമുറിവുകളിൽ സ്പർശിച്ച തോമ്മാ ശ്ലീഹായുടെ വിശ്വാസഉറപ്പും തുടർന്ന് എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന പ്രഖ്യാപനവും നടത്തിയതുപോലെ തന്നെ, ഉയിർത്തെഴുന്നേറ്റ യേശു ഒരാഴ്ച മുമ്പ് ശ്ലീഹന്മാർക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ടപ്പോൾ എല്ലാ ശ്ലീഹന്മാരും കർത്താവിനെ കണ്ടുസ്പർശിച്ച് വിശ്വാസസ്ഥിരത പ്രാപിച്ചു എന്നും, കർത്താവിന്റെ മുറിവുകളിലുള്ള സ്പർശനത്താൽ തോമ്മാശ്ലീഹായുടെ ഇരട്ട വിരലുകൾ അത്ഭുതകരമായി വേർപെട്ടു എന്നും സഭയുടെ പാരമ്പര്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (സെദറാകൾ–പുതുഞായറാഴ്ച രാത്രി ഒന്നാം കൗമാ, ഉയിർപ്പിനുശേഷം രണ്ടാം ഞായറാഴ്ച രാത്രി ഒന്നാം കൗമായുടെ പ്രുമിയോൻ, ഉയിർപ്പിനു ശേഷം നാലാം ഞായറാഴ്ച രാത്രി ഒന്നാം കൗമായുടെ സെദറായും പ്രഭാതത്തിന്റെ സെദറായും, തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാളിന്റെ സന്ധ്യാ, മൂന്നാം മണി സെദറാകൾ). വിശ്വാസത്തിന്റെ ഉറപ്പും വിളംബരവും കർത്താവിന്റെ സന്നിധിയിൽ നിന്നുകൊണ്ട് ആരാധിക്കുന്നതു വഴി നമുക്ക് അനുഭവവേദ്യമാകുന്നു.

5. പോരാട്ടത്തിനുള്ള ഒരുക്കം

വി. മാമോദീസ്സായോടുകൂടി ക്രിസ്തുവിന്റെ ഭടന്മാരുടെ എണ്ണത്തിൽ ചേർക്കപ്പെട്ടിരിക്കുന്ന നമുക്ക് മുന്നോട്ടുള്ള ജീവിതത്തിന്റെ ഒരുക്കമാണ് നിന്നുകൊണ്ടുള്ള ആരാധന. "സ്വർഗ്ഗത്തിലെ സൈന്യത്തിന്റെ കൂട്ടത്തിൽ പേരു ചേർക്കപ്പെട്ടവരായ നമുക്ക് സ്വർഗ്ഗീയ കിരീടം പ്രാപിക്കുവാനുള്ള യോഗ്യതയും ലഭിച്ചിട്ടുണ്ട്."[15] "നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്നു പഴയ പാതകളെ നോക്കി ചോദിച്ചു അതിൽ നടപ്പിൻ" (യിര. 6.16). നല്ല പാത തിരഞ്ഞെടുക്കുന്നത് അതിൽ മുന്നോട്ടു നടക്കുന്നതിനാണ്. ക്രിസ്തു സൗഖ്യമാക്കുമ്പോൾ "നീ എഴുന്നേറ്റ് നടക്ക" എന്നും അന്ത്യശാസനത്തിൽ ശിഷ്യന്മാരോടു "നിങ്ങൾ പോകുവിൻ" എന്ന് പറയുന്നതും മുന്നോട്ടുള്ള നമ്മുടെ പ്രയാണത്തെ സൂചിപ്പിക്കുന്നു. എഴുന്നേൽക്കാതെ നടക്കുവാൻ സാധിക്കയില്ല. ലോകസേവനത്തിനായുള്ള യാത്രയ്ക്ക് സമാധാനത്താലെ പോകുവിൻ എന്ന് വി. കുർബ്ബാനയുടെ അന്ത്യത്തിലെ ആശീർവാദത്തിൽ പറയുമ്പോഴും ഈ യാത്ര ഇടുങ്ങിയ പാതയിൽക്കൂടെ ആണെന്നുള്ളത് ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ ആണ് ക്രിസ്തു ശിഷ്യന്മാരെ അയച്ചത് (മത്താ. 10.16). ആയതിനാൽ പ. പൗലൂസ് ശ്ലീഹാ "പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപ്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ" (എഫേ. 6.11) എന്ന് നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ സർവ്വായുധവർഗ്ഗം ധരിക്കുന്നതിനു വേണ്ടിയാണ് നാം ആരാധനയിൽ നിൽക്കുന്നത്. ആരാധനയിൽ നിന്നു പുറത്തിറങ്ങുമ്പോൾ നമുക്ക് നേരേ വരുന്ന പിശാചിന്റെ തന്ത്രങ്ങളാകുന്ന പാപപ്രേരണകളെ എതിർത്തു നിൽക്കുവാൻ ആരാധനയിൽ നിന്നുള്ള അനുഗ്രഹവും ദൈവകൃപയും ലഭിക്കണം. വി. കൂദാശകളിൽക്കൂടി നമുക്ക് ലഭിക്കുന്ന പരിശുദ്ധാത്മ ശക്തി പ്രാപിക്കുവാനാണ് പട്ടാളക്യാമ്പിൽ പരിശീലനത്തിനെന്നപോലെ നാം ആരാധനയിൽ നിൽക്കുന്നത്. വി. കുർബ്ബാനയിലും മറ്റെല്ലാ കൂദാശകളിലും ദൈവകൃപയിലുള്ള ശാക്തീകരണമാണു നമുക്ക് ലഭിക്കുന്നത്. ആയതിനാൽ എല്ലാ കൂദാശകളിലും നാം നിന്നുകൊണ്ടാണ് സംബന്ധിക്കുന്നത്. പട്ടംകൊടയിൽ ദൈവമുമ്പാകെയുള്ള അനുതാപത്തിന്റെയും വിധേയത്വത്തിന്റെയും വിനയത്തിന്റെയും പ്രതീകമായി മുട്ടുകുത്തി നിൽക്കുന്ന സമയമുണ്ട്. രോഗികളുടെ തൈലാഭിഷേകത്തിൽ രോഗിയുടെ ആരോഗ്യാവസ്ഥയനുസരിച്ച് നിൽക്കുകയോ, ഇരിക്കുകയോ, കിടക്കുകയോ ചെയ്യാം. മുതിർന്നവർ മാമോദീസ്സാ നിന്നുകൊണ്ടാണല്ലോ സ്വീകരിക്കുന്നത്. മാമോദീസ്സാ സമയത്ത് ദൈവീക പടയാളികളുടെ കൂട്ടത്തിൽ എണ്ണപ്പെടുവാനും സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ട ആദ്യജാതന്മാരുടെ സഭയിൽ അംഗമായിത്തീരുവാൻ (എബ്രാ. 12.23) മാമോദീസ്സാ റജിസ്റ്ററിൽ സ്നാനാർത്ഥികളുടെ പേരെഴുതുന്നതും ഈ പോരാട്ടത്തിനുള്ള സജ്ജമാക്കൽ ആണ്.

ക്രിസ്തീയ സർവ്വായുധ വർഗ്ഗത്തിന്റെ പ്രതീകമാണ് വി. കുരിശ്. ക്രിസ്തുവിൽക്കൂടി നമുക്ക് ദൈവം തരുന്ന രക്ഷയുടെ ആയുധമെന്നാണല്ലോ കുരിശിനെ വിശേഷിപ്പിക്കുന്നത്. കുരിശ് നമുക്ക് വലിയ സംരക്ഷണ കോട്ടയായതുകൊണ്ടാണ് അതിപുരാതനകാലം മുതൽ കുരിശു വരയ്ക്കുന്നത് സഭയുടെ പാരമ്പര്യമായത്.[16] വി. ത്രിത്വനാമം ഉച്ചരിക്കുമ്പോഴും ത്രിത്വത്തിലെ ഏതൊരു ആളത്വത്തിന്റെ നാമം ഉച്ചരിക്കുമ്പോഴും കുരിശു വരയ്ക്കണമെന്നുള്ളതാണ് നമ്മുടെ പാരമ്പര്യം. ബൈസന്റയിൻ ഓർത്തഡോക്സ് സഭയിൽ വിശുദ്ധന്മാരുടെ പേരുകൾ പറയുമ്പോഴും കുരിശു വരയ്ക്കാറുണ്ട്. പരിശുദ്ധന്മാരുടെ പരിശുദ്ധത ദൈവത്തിൽ നിന്ന് ലഭിക്കുന്നതാണെന്ന് വി. യാക്കോബിന്റെ തക്സായിൽ അഞ്ചാം തുബ്ദേനു ശേഷം ചൊല്ലുന്ന പട്ടക്കാരന്റെ പ്രാർത്ഥനയിൽ

രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. നമ്മുടെ ഏത് ആരാധനയും ആരംഭിക്കുന്നതും അവസാനിക്കുന്നതും കുരിശുവരയിലാണല്ലോ. ഇതെല്ലാം നാം നിന്നുകൊണ്ട് നിർവ്വഹിക്കുന്നത് ഈ സർവ്വായുധവർഗ്ഗം എടുത്തുകൊണ്ട് മുന്നണി പോരാട്ടത്തിന് നമ്മെത്തന്നെ ഒരുക്കുന്ന ഒരു പ്രക്രിയയാണ്. മേൽപ്പട്ടക്കാരും പട്ടക്കാരും മറ്റുള്ളവരെ വാഴ്ത്തുന്നതും കൂദാശകളുടെയും ശുശ്രൂഷകളുടെയും പൂർത്തീകരണത്തിനായി വാഴ്വ് നടത്തുന്നതും കുരിശാകൃതിയിലാണ്. മാമോദീസ്സായിലും കശ്ശീശാപട്ടം കൊടയിലും കാർമ്മികൻ ഊതുന്നതും കുരിശാകൃതിയിലാണ്. അത് നിന്നുകൊണ്ട് നാം സ്വീകരിക്കുന്നത് പോരാട്ടത്തിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായിട്ടാകുന്നു.

6. പ്രാർത്ഥനയും ആശീർവാദവും

i. **പ്രാർത്ഥനയിൽ നന്ദിയും സ്തോത്രവും അർപ്പിക്കുവാൻ നിവർന്നു നിൽക്കണം.** രാവിലെയും വൈകുന്നേരവും യഹോവയെ വാഴ്ത്തി സ്തുതിക്കേണ്ടതിന് ലേവ്യർ ഒരുങ്ങി നിൽക്കണമെന്നത് യഹോവയുടെ കല്പനയാണ് (1 ദിന 23.30). ശലോമോൻ രാജാവ് പണി കഴിപ്പിച്ച ദേവാലയ പ്രതിഷ്ഠാ സമയത്ത് "പുരോഹിതന്മാർ തങ്ങളുടെ ഉദ്യോഗം അനുസരിച്ചും ലേവ്യർ: അവന്റെ ദയ എന്നേക്കുമുള്ളത് എന്നിങ്ങനെ അവർ മുഖാന്തിരം ദാവീദ് സ്തോത്രം ചെയ്ത സമയത്ത് യഹോവയെ സ്തുതിപ്പാൻ ദാവീദ് രാജാവ് ഉണ്ടാക്കിയ യഹോവയുടെ വാദ്യമേളങ്ങളോടെ നിന്നു; യിസ്രായേൽ ഒക്കെയും നില്ക്കേ പുരോഹിതന്മാർ അവരുടെ മുമ്പിൽ കാഹളം ഊതി" (2 ദിന. 7.6). "രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമേ നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ വിശുദ്ധ മന്ദിരത്തിലേക്ക് കൈ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ" (സങ്കീ. 134.1, 2). ആരാധനയുടെ ആദ്യപടി സ്തുതിയും സ്തോത്രവും അർപ്പിക്കലാണ്.

ഭയഭക്തിയോടെ കർത്താവിനെ നമുക്ക് സ്തോത്രം ചെയ്യാമെന്നുള്ളത് വി. കുർബ്ബാനയിൽ ഓർമ്മിപ്പിക്കുന്നു. എല്ലാ ആരാധനയും നിന്നുകൊണ്ട് ത്രിത്വസ്തുതി അർപ്പിച്ച് ആരംഭിക്കുന്നു. ത്രിത്വസ്തുതി നിന്നു കൊണ്ടാണ് നാം ഏത് യാമത്തിലും നിർവ്വഹിക്കുന്നത്. ത്രിത്വനാമത്തിൽ ആശീർവദിക്കുമ്പോഴും നാം നിവർന്നു നിൽക്കുന്നത് ത്രീയേകനായ ദൈവത്തിലുള്ള നമ്മുടെ സജീവ സ്തുതിയോടുകൂടിയ ഭാഗഭാഗിത്വമാണ്. ആശീർവദിക്കുന്ന പുരോഹിതനും ജനങ്ങൾ തിരിച്ച് ആശംസിക്കുന്നതും അതേ അനുഗ്രഹമാണ്. ആരാധനയുടെ സമൂഹമാനമാണ് ഇവിടെ പ്രകടമാവുന്നത്. രാജകീയ പുരോഹിതവർഗ്ഗത്തിന്റെ ഒരുമിച്ചു നിന്നുകൊണ്ടുള്ള ത്രിത്വസ്തുതി പരസ്പര പൂരകങ്ങളായിത്തീരുന്നു.

ii. **അനുതാപത്തിനുവേണ്ടിയും** ജനം നിൽക്കുന്ന പാരമ്പര്യമാണ് യഹൂദസഭയിൽ ഉണ്ടായിരുന്നത് (നെഹ. 9.2,3). ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യത്തിലും വി. കുമ്പസാരസമയത്ത് കുമ്പസാരപിതാവും പാപം ഏറ്റുപറയുന്ന ആളും നിൽക്കുന്ന പതിവാണ് ഉണ്ടായിരുന്നത്. ബൈസന്റയിൻ ഓർത്തഡോക്സ് സഭയിൽ ഇന്നും ഇതു തുടരുന്നു. റോമൻ കത്തോലിക്കാ സഭയിൽ വൈദികർ ഇരിക്കുകയും അനുതാപി മുട്ടുകുത്തി നിൽക്കയുമാണ്. രണ്ടുപേരും ഇരുന്നുകൊണ്ട് കുമ്പസാരം നടത്തുന്ന പതിവ് പിന്നീട് ഉണ്ടായി. ഇപ്പോൾ ഈ രീതി കുമ്പസാരത്തിന് മിക്കവാറും എല്ലാ സഭകളിലും കാണുന്നുണ്ട്. ബൈസന്റയിൻ സഭാ പാരമ്പര്യത്തിൽ, വൈദികൻ കുമ്പസാരിച്ച ആളിന്റെ തലയിൽ കൈവച്ച് പാപമോചന പ്രാർത്ഥന നടത്തുമ്പോൾ ഇരുവരും എഴുന്നേറ്റു നിൽക്കുന്നു. അനുതാപത്തിൽ പാപമോചനം പ്രാപിച്ച് സൗഖ്യമാകുന്നതിന് മുട്ടുകുത്തി പ്രാർത്ഥിക്കാവുന്നതാണ് എന്ന് ഒരിഗൻ പറയുന്നുണ്ട്. (Origen, On Prayer 31.1,2). ചുങ്കക്കാരനും സഖായിയും നിന്നു കൊണ്ട് അവരുടെ പാപം ദൈവതിരുമുമ്പാകെ പശ്ചാത്തപിച്ച് ഏറ്റുപറഞ്ഞു പാപമോചനം പ്രാപിച്ചു (ലൂക്കോ. 18.13; 19.8).

iii. പ്രാർത്ഥനയുടെ മറ്റൊരു ഭാഗമാണ് **മദ്ധ്യസ്ഥത.** അബ്രഹാം ദൈവസന്നിധിയിൽ നിന്നുകൊണ്ട് സോദോമിനു വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തി (ഉല്പ. 18. 22,23). മോശ അനേക പ്രാവശ്യം യിസ്രായേൽക്കാർക്ക് വേണ്ടി ദൈവസന്നിധിയിൽ നിന്നുകൊണ്ട് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നുണ്ട്. കവിണ്ണു വീണു പല പ്രാവശ്യം പശ്ചാത്താപസൂചകമായി ജനത്തിനുവേണ്ടി മോശ പ്രാർത്ഥിച്ചു. ദൈവം ദേശത്തെ നശിപ്പിക്കാതെ വണ്ണം മദ്ധ്യസ്ഥനായി ഒരുവനെ അന്വേഷിച്ചു എങ്കിലും ആരെയും കണ്ടില്ല എന്ന് യെഹെസ്ക്കേൽ പ്രവചനത്തിൽ പറയുന്നത് ജനത്തിനും ദൈവത്തിനും ഇടയിൽ നിന്നുകൊണ്ട് മദ്ധ്യസ്ഥത അണച്ച് അവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന പുരോഹിത ദൗത്യത്തെ സൂചിപ്പിക്കുന്നു (യെഹെ.22.30). തൈലാഭിഷേക ശുശ്രൂഷയിൽ പട്ടക്കാരൻ നിന്നുകൊണ്ട് രോഗിയുടെ തലമേൽ കൈവച്ചുകൊണ്ട് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നു. അതും മദ്ധ്യസ്ഥത തന്നെ. വി. കുർബ്ബാനയിലും മറ്റു ശുശ്രൂഷകളിലും (ഓശാന, മാമോദീസ്സാ, ദനഹാവെള്ളം വാഴ്വ്) പട്ടക്കാരൻ കൈകൾ മുകളിലേക്കു വിടർത്തി കണ്ണുകൾ ഉയർത്തി പ്രാർത്ഥിക്കുന്നതും മദ്ധ്യസ്ഥപ്രാർത്ഥനയാണ്. വി. വിവാഹകൂദാശയിലും കാർമ്മികൻ നിന്നുകൊണ്ട് മോതിര വാഴ്വും കിരീടവാഴ്വും നടത്തുന്നതും മദ്ധ്യസ്ഥതയുടെ ശുശ്രൂഷ തന്നെ. അപ്പവീഞ്ഞുകൾ സമർപ്പിച്ചുകൊണ്ട് ദർഗായിൽ ദീർഘസമയം നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നതും മദ്ധ്യസ്ഥത നിർവ്വഹിക്കയാണ്. പട്ടംകൊടയിലും പള്ളികൂദാശയിലും എല്ലാം കാർമ്മികൻ നിന്നുകൊണ്ട് കൈകൾ വിടർത്തി കണ്ണുകളുയർത്തി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. ചുരുക്കത്തിൽ പുരോഹിതൻ മദ്ധ്യസ്ഥ പ്രാർത്ഥന നിർവ്വഹിക്കുമ്പോഴെല്ലാം അവ നിന്നുകൊണ്ട് നടത്തുന്നു. പുരോഹിതന്റെ ഈ ശുശ്രൂഷ ദൈവം മോശയ്ക്കു കാട്ടിക്കൊടുത്ത ദൈവിക നിലയാണ്. ഇത് യഹൂദ ആരാധനയിലും തുടർന്നു ക്രിസ്തീയ ആരാധനയിലും കൂടി തുടർന്നു വരുന്നു.

iv. പുരോഹിതൻ **ജനത്തെ ആശീർവദിക്കുന്നത്** നിന്നുകൊണ്ടാണ്. ദൈവാനുഗ്രഹം വിശ്വാസികൾക്കു കൈമാറിക്കൊടുക്കുന്ന പ്രതീകമാണല്ലോ ആശീർവാദം. മോശ മഹാപുരോഹിതൻ എന്ന നിലയിൽ അഹരോനും പുത്രന്മാർക്കും പൗരോഹിത്യ അഭിഷേകം കൊടുക്കുകയും (പുറ.40.13–16), ജനത്തെ അനുഗ്രഹിക്കുകയും ചെയ്തു (പുറ 30.42; ആവ. 33. 1–29). പൗരോഹിത്യ ശുശ്രൂഷയിൽ മേൽപട്ടക്കാരൻ ഇന്നും നിന്ന്ക്കൊണ്ട് സ്ഥാനാർത്ഥികളെ പരിശുദ്ധാത്മാഭിഷേകം നടത്തുകയും മുദ്രയിടുകയും (മാമോദീസ്സായിലും) പൗരോഹിത്യ വസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്യുന്നു. ദൈവീക അനുഗ്രഹത്തിന്റെ കൈമാറ്റം നടത്തുന്ന പ്രതീകമാണ് മോശയുടെ കാലം മുതൽ ഇന്നുവരെ തുടരുന്ന ഈ ശുശ്രൂഷകൾ. "അക്കാലത്തു യഹോവ ലേവിഗോത്രത്തെ യഹോവയുടെ നിയമപെട്ടകം ചുമപ്പാനും ഇന്നുവരെ നടന്നു വരുന്നതുപോലെ യഹോവയുടെ സന്നിധിയിൽ നിന്നു ശുശ്രൂഷ ചെയ്വാനും അവന്റെ നാമത്തിൽ അനുഗ്രഹിപ്പാനും വേർതിരിച്ചു" (ആവ. 10.8). ശുശ്രൂഷകളുടെ ഇടയ്ക്കും സമാപനത്തിലും കാർമ്മികൻ നിന്നുകൊണ്ട് വിശ്വാസികളെ ആശീർവദിക്കുന്നതും പഴയനിയമ കാലം മുതൽ ഇന്നുവരെ സഭയിലും തുടരുന്നു. ദാവീദ് രാജാവ് നിയമപെട്ടകത്തിനു മുമ്പിൽ യാഗാർപ്പണശേഷം ജനത്തെ അനുഗ്രഹിച്ച് ആശീർവദിച്ചു (1 ദിന. 16.1–3) ശലോമോൻ രാജാവ് ദേവാലയ പ്രതിഷ്ഠക്കുശേഷം യാഗപീഠത്തിനു മുമ്പിൽ മുഴങ്കാൽ കുത്തിയിരുന്നിടുത്തു നിന്നും എഴുന്നേറ്റു നിന്നുകൊണ്ട് യിസ്രായേൽ ജനം മുഴുവനെയും ആശീർവദിച്ചു (1 രാജാ. 8.14, 54,55; 2 ദിന. 6.3, 4). ഹെസക്കിയാ രാജാവിന്റെ കാലത്തു നടന്ന അപൂർവ്വമായ പെസഹാ പെരുന്നാളിന്റെ അവസാനം ലേവ്യപുരോഹിതന്മാർ എഴുന്നേറ്റു നിന്നു ജനത്തെ ആശീർവദിച്ചു (2 ദിന. 30.24). അതുപോലെ തന്നെ എസ്രാ ന്യായപ്രമാണം വായിക്കുവാൻ നിന്നപ്പോൾ ജനം എഴുന്നേറ്റു നിവർന്നു നിൽക്കയും എസ്രാ ജനത്തെ ആശീർവദിക്കയും ചെയ്തു. യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ കൈകൾ ഉയർത്തി ശിഷ്യന്മാരെ ആശീർവദിച്ചു (ലൂക്കോസ് 24.50). പുരോഹിതൻ നിന്നുകൊണ്ട് ആശീർവദിക്കുന്നതും വിശ്വാസികൾ ആ സമയത്ത് എഴുന്നേറ്റു നിൽക്കുന്നതും യഹൂദ ക്രിസ്തീയ ആരാധനകളുടെ അടിസ്ഥാന തത്വമാണ്.

7. വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവൻ

നിത്യജീവൻ ദൈവത്തിന്റെ ദാനമാണ്. ക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ അനുഭവത്തിൽക്കൂടി വിശ്വാസികൾക്ക് അത് ലഭിക്കുന്നു (യോഹ. 6.54). ഇത് വിശ്വാസിയുടെ ഈ ലോകജീവിതത്തിൽ ആരംഭിക്കുകയും മരണാനന്തരം തുടരുന്നതുമായ അനുഭവം തന്നെ. ആയതിനാൽ "മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു"വെന്ന് വിശ്വാസപ്രമാണത്തിൽ എല്ലാ യാമപ്രാർത്ഥനകളുടെയും ശുശ്രൂഷകളുടെയും സമാപനമായി ചൊല്ലുന്നു. വിശ്വാസപ്രമാണം സഭയിൽ എഴുന്നേറ്റു നിന്നുചൊല്ലുന്നതാണ് പൗരാണിക കാലം മുതൽ ഉള്ള നമ്മുടെ പാരമ്പര്യം. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ത്രിയേക ദൈവത്തോടുകൂടിയുള്ള ജീവിതമാണ് നമ്മുടെ പ്രത്യാശ. ഇത് പ്രവചനങ്ങളുടെ നിവൃത്തിയാണ് (ഏശാ. 35. 1; 65. 17–18). വി. യോഹന്നാന്റെ ദർശനത്തിലും ഇത് വെളിവാകുന്നു (വെളി. 21. 1–5). പഴയനിയമത്തിൽത്തന്നെ ഈ ലോകജീവിതത്തെ തുടർന്നുള്ള ഒരു ജീവിതം ദൈവവിശ്വാസികൾക്കുള്ളതായി കാണുന്നുണ്ട് (സങ്കീ. 90.10; സഭ.12.7, 2 മക്കാ. 7.36, സങ്കീ.16. 8–11; 90.1–16; ദാനി. 12.2). പുതിയനിയമത്തിലും മരണാനന്തരമുള്ള നിത്യജീവൻ വിശ്വാസി

നമ്മുടെ ആരാധനക്രമങ്ങളിലെല്ലാം, നിന്നുകൊണ്ടുള്ള ആരാധന നിത്യതയിലുള്ള നിലക്കാത്ത അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. വി. കുർബ്ബാനയിൽ, വി. യോഹന്നാൻ ശ്ലീഹായുടെ സെദറായിൽ ,"കർത്താവേ! പരിശുദ്ധാത്മാവു പറന്നു വന്ന് നിന്റെ രഹസ്യങ്ങളുടെ മേൽ ആവസിക്കുന്നതായ ഈ സമയത്ത് ഞാനും അദൃശ്യമായി ആത്മീകചിറകുകളാൽ നിന്റെ വിശിഷ്ടമായ നിവാസസ്ഥാനത്തേക്ക് പറന്നെത്തുമാറാകണമെ" എന്ന പ്രാർത്ഥന നിത്യതയിലേക്കു അനുനയിക്കപ്പെടുന്ന അനുഭവമാണ്. വാങ്ങിപ്പോയ ആചാര്യന്മാരുടെയും മറ്റെല്ലാവരുടെയും ഓർമ്മയിലെ പ്രുമിയോനുകളിൽ നിത്യതയുടെ പ്രകാശലോകത്തേക്ക് ആനയിക്കപ്പെടുവാനുള്ള പ്രാർത്ഥനകൾ ഉൾപ്പെടുത്തിയിരിക്കുന്നു. നിലയ്ക്കാത്ത യാത്രയും ക്ഷീണിച്ചു പോകാതെ മാലാഖമാരുടെ വൃന്ദത്തോടൊപ്പമുള്ള ആരാധനയുടെ നില്പും നമ്മുടെ യുഗാന്ത്യ വീക്ഷണമാണ്. അതിന്റെ ആവിഷ്ക്കാരവും മുന്നാസ്വാദനവും നമ്മുടെ ആരാധനയിൽ പ്രകടമാക്കുന്ന സന്തോഷത്തിന്റെ ഭാവാനുഷ്ടാനമാണ് നിന്നുകൊണ്ടുള്ള പ്രാർത്ഥന.

കൾക്കു ക്രിസ്തു നൽകുന്ന ദാനമായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു (യോഹ. 3.16, 36; 4.14; 5.24; 6.27, 40, 47; 12 .50; അപ്പൊ.13.46; റോമ. 6.22; ഗലാ. 6.8; 1 തീമോ 1.16). നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു എന്ന വി. പത്രോസ് ശ്ലീഹ പ്രബോധിപ്പിക്കുന്നു (2 പത്രോ. 3.13). വി. പൗലൂസിന്റെ വിവരണത്തിൽ കർത്താവിന്റെ രണ്ടാം വരിവിൽ ഒരു പുതിയ വലിയ ദിവസം സമാരംഭിക്കുന്നു എന്ന് കാണുന്നു. ദ്രവത്വമുള്ളതെല്ലാം അദ്രവത്വത്തേയും മർത്യമായ സർവ്വതും അമർത്യതയെയും പ്രാപിക്കുന്നു എന്നും (1 കോരി. 15.53), സൃഷ്ടി മുഴുവനും രൂപാന്തരീകരണവും തേജസ്വീകരണവും സംഭവിക്കുന്നു എന്നും (റോമ. 8. 18–25) ഇതിന് ആധാരമായി പൗലൂസ് ശ്ലീഹ വിവരിക്കുന്നു. ദൈവത്തിന്റെ വലിയദിവസം എന്നത് ഒരു വിശ്വാസിയുടെ ആത്യന്തിക പ്രത്യാശ ആയി പഴയ നിയമത്തിലും (ആമോ. 5.18, 20; യോവേൽ 1.15; 2.1, 11; 3.14; ഒബ. 15–21; സെഫ 1.7,8, 14; സഖറി. 14.1; മലാ. 4.1–6; ഏശാ. 2. 12; 13; 6–9, യിര. 26.9; 32.20; വിലാ. 2. 1–12; ഹെസ 13.5; 30.3) പുതിയനിയമത്തിലും (1 കോരി. 5.5; 2 കോരി. 1.14; 1 തെസ്സ. 5.2; 2 തെസ്സ 2.2; 2 പത്രോ. 3.10) രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവത്തിന്റെ ഈ വലിയ ദിവസമാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്. ഇത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായിരുന്നു. സൃഷ്ടിയുടെ പുതുക്കത്തിന്റെ എട്ടാംദിവസവുമാണ്. ഓശാന ഞായറാഴ്ച മുതലുള്ള ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ പരിസമാപ്തി 6–ാം ദിവസമുള്ള മരണവും അതു മൂലമുള്ള രക്ഷയുടെ പൂർത്തീകരണമായ എട്ടാം ദിവസമുള്ള ഉയിർത്തെഴുന്നേൽപ്പും ആണ്. ഇത് സൃഷ്ടിയുടെ പുതുക്കത്തിന്റെ ഏട്ടാം ദിവസമാണ്. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് രക്ഷയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള മാറ്റം സൃഷ്ടിക്കു സംഭവിച്ച ദിവസമാണ്. യഹോവയാം ദൈവവും അബ്രഹാമുമായി നടത്തിയ ആദ്യ ഉടമ്പടി എട്ടാം നാളിലുള്ള പരിഛേദന എന്ന പ്രതീകാത്മക ശുശ്രൂഷയിലൂടെ ആണ്. അത് ഈ എട്ടാം നാളിലെ ഉയിർത്തെഴുന്നേൽപ്പിന്റെ മുൻകുറിയായി സഭയുടെ പിതാക്കന്മാർ രേഖപ്പെടുത്തി.

"ഏഴെന്നുള്ളതിനാൽ നല്ലവരും ദുഷ്ടന്മാരും ശാബതു സ്വീകരിപ്പാനിരിക്കുന്നു അപ്പോൾ ഇഹത്തിലെ ഏഴെന്നുള്ളത് നീങ്ങിപ്പോകും. ആയതു എട്ടെന്നുള്ള പുതിയ ദിവസമാകും. അതു രാവും പകലുമെന്നില്ലാത്തതും സന്ധ്യയും ഉഷസ്സും ചേരാത്തതുമായ ആദ്യത്തെയും അവസാനത്തേതുമായ ഏക ദിവസമായിരിക്കും" (പുതുഞായറാഴ്ച, രാത്രി ഒന്നാം കൗമായുടെ സെദറ).

"ഉയിർപ്പിന്റെ ഞായറാഴ്ച രക്ഷാരഹസ്യം അടങ്ങിയതാകുന്നു. എട്ടാമത്തെയും ഒന്നാമത്തേതുമായ ഈ ദിവസം രക്ഷയെ പ്രതിഷ്ഠിച്ചു" (പുതുഞായറാഴ്ച, രാത്രി രണ്ടാം കൗമായുടെ സെദറ).

"ഒന്നാമത്തേതും എട്ടാമത്തേതുമായ ഈ ദിവസം എല്ലാ സൃഷ്ടിക്കും മാനുഷിക വചനത്തിനും ആലോചനയ്ക്കും അതീതമായ അതിന്റെ ഗതിക്ക് ആരംഭം നൽകി. ഉൽകൃഷ്ടമായ അതിന്റെ ക്രമീകരണത്തെക്കുറിച്ച് ശ്ലേമ്മോൻ ഉപമയായി പറഞ്ഞിട്ടുണ്ട്. ഏഴിനും എട്ടിനും ഓഹരി കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഇഹത്തിൽ ധാർമ്മിക ജീവിതം ചെയ്യുമ്പോൾ എട്ടാമത്തെ അന്ത്യനാളിൽ പരത്തിൽ പ്രതിഫലം സിദ്ധിക്കുന്നു. അവിടെ രാവും പകലുമെന്ന വ്യാത്യാസമില്ല. ഇന്നാകട്ടെ മശിഹാതമ്പുരാനേ! നീ ഇളകാത്ത കൂടാരമായ തിരുസഭയെ സ്ഥാപിച്ചു: എട്ട് എന്നത് എട്ടാംദിവസമുള്ള ചേലാ കർമ്മത്താൽ പൂർവ്വപിതാക്കന്മാർ പണ്ടു സൂചിപ്പിച്ചു" (ഉയിർപ്പിനു ശേഷം രണ്ടാം ഞായറാഴ്ച പ്രഭാതത്തിന്റെ സെദറ). "നീ മനുഷ്യരോടുള്ള പ്രീതിമൂലം ജഡം ധരിച്ച് മരിച്ച് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കയാൽ സകല സൃഷ്ടികളും സന്തോഷിച്ചു" (ഉയിർപ്പിനുശേഷം 6–ാം ഞായറാഴ്ച രാത്രി രണ്ടാം കൗമായുടെ സെദറാ). ഈ അർത്ഥത്തിൽ ഇത് സന്തോഷത്തിന്റെയും വിജയത്തിന്റെയും ദിവസമായതിനാൽ ഈ ദിവസവും പെന്തിക്കോസ്തിവരെയുള്ള കാലഘട്ടത്തിലും മുട്ടുകുത്താതെ എഴുന്നേറ്റു നിന്നു പ്രാർത്ഥിക്കുന്നു എന്ന് തെർത്തുല്യൻ പറഞ്ഞിരിക്കുന്നു (On Prayer Ch.xxiii). ഇതിനെക്കുറിച്ച് കൈസറിയയിലെ മാർ ബസ്സേലിയോസിന്റെ വിശദീകരണം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. കർത്താവിന്റെ ഉയിർപ്പിന്റെ വലിയദിവസം ഒന്നാം ദിവസമെന്നും എട്ടാം ദിവസമെന്നും ഉള്ള ആഘോഷ ദിവസത്തിന് നിത്യതയുടെ മാനവും ഉണ്ടെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.[17]

"അപ്രകാരം നാം എല്ലാവരും കിഴക്കോട്ടുനോക്കി പ്രാർത്ഥിക്കുന്നു. നാം നമ്മുടെ പഴയരാജ്യമായ പറുദീസ്സായെ നോക്കിക്കൊണ്ടാണ് (തിരിഞ്ഞുകൊണ്ട്) പ്രാർത്ഥിക്കുന്നതെന്ന് കുറച്ചു പേർക്കേ അറിയാവൂ. പറുദീസാ ദൈവം കിഴക്ക് ഏദനിൽ ആയിരുന്നുവല്ലോ നട്ടിരുന്നത് (ഉല്പ 2.8). ആഴ്ചയുടെ ഒന്നാം ദിവസം നാം നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു. നമുക്കു പലർക്കും അതിന്റെ കാരണം അറിയില്ല. ഉയിർപ്പിന്റെ ദിവസം (അനസ്റ്റാസിസ് എന്ന ഇതിന്റെ മൂല പദത്തിന് വീണ്ടും എഴുന്നേറ്റു നിൽക്കുക എന്ന് അർത്ഥം) ദൈവം നമുക്കു നൽകിയ കൃപയെ ഓർമ്മപ്പെടുത്തുവാൻ നാം എഴുന്നേറ്റു നിന്നു പ്രാർത്ഥിക്കുന്നു. ഇത് നാം ക്രിസ്തുവിനോടു കൂടി വീണ്ടും ഉയിർത്തെഴുന്നേറ്റ് (വി. മാമോദീസ്സായിൽ) ഉയരത്തിലുള്ളവയെ അന്വേഷിക്കുവാൻ ബാദ്ധ്യസ്ഥരായി (കൊലോ. 3.1) എന്നുള്ളതുകൊണ്ടുമാത്രമല്ല, പ്രത്യുത ഈ ദിവസം നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു യുഗത്തിന്റെ സാദൃശ്യം ആയതുകൊണ്ടുകൂടിയാണ്. ഇത് ദിവസങ്ങളുടെ ആരംഭം ആണെങ്കിലും മോശ ഇതിനെ ഒന്നാം ദിവസമെന്നല്ല 'ഒരു ദിവസം' എന്നാണ് വിളിച്ചത് (ഗ്രീക്ക്, എബ്രായ, സുറിയാനി വേദപുസ്തകത്തിൽ ഉല്പ. 1.5 'ഒരു ദിവസം' ; ഒന്നാം ദിവസമെന്നല്ല) അതായത് അവൻ (മോശ) പറയുന്നത്. "സന്ധ്യയായി, ഉഷസ്സുമായി 'ഒരു ദിവസം' എന്നാണ്. ഈ ഒരു ദിവസം തീർന്നുപോയി (രണ്ടാം ഒരു ദിവസം, മൂന്നാം ഒരു ദിവസം. .....). ഇപ്പോൾ 'ഒന്നും' എട്ടും (ദിവസങ്ങൾ) ഒന്നു തന്നെ. 'ഒന്നും' 'എട്ടും' എന്നത് സങ്കീർത്തനക്കാരൻ ചില സങ്കീർത്തനങ്ങളുടെ തലക്കെട്ടിൽ സൂചിപ്പിക്കുന്നതുപ്രകാരം (സങ്കീ. 6,12 ഇവയുടെ തലക്കെട്ടിൽ അഷ്ടമരാഗത്തിൽ – Schemintth-Eighth) ഇക്കാലഘട്ടത്തിനുശേഷം തുടർന്നുവരുന്ന കുറവോ സായാഹ്നമോ തുടർച്ചയോ ഇല്ലാത്തതും ഒരിക്കലും അവസാനിക്കാത്തതും പഴക്കമുള്ളതായിത്തീരാത്തതുമായ ഒരു യുഗത്തെക്കുറിച്ചാണ്. ഇപ്രകാരം അനിവാര്യമായി സഭ അതിന്റെ വളർത്തു പുത്രന്മാരെ പഠിപ്പിക്കുന്നത് ഈ ദിവസം നിന്നുകൊണ്ടു പ്രാർത്ഥിക്കുവാനാണ്. അതുകൊണ്ട് ലക്ഷ്യമാക്കുന്നത് ആ നിലയ്ക്കാത്ത ജീവിതത്തെക്കുറിച്ച് സ്വയം ഓർമ്മിപ്പിക്കുവാനും അതിലേക്കു ചെന്നെത്തുന്നതിനുള്ള നമ്മുടെ തയ്യാറെടുപ്പുകൾ ചെയ്യുന്നത് നാം അവഗണിക്കരുതെന്ന് എപ്പോഴും സ്വയം ഓർമ്മപ്പെടുത്തുവാനുമാണ്. മാത്രമല്ല എല്ലാ പെന്തിക്കൊസ്തിയും വരാനുള്ള ലോകത്തിലേക്കുള്ള നമ്മുടെ ഉയിർത്തെഴുന്നേൽപ്പിന്റെ ഓർമ്മപ്പെടുത്തലുമാണ്. കാരണം ആ ഒന്നും, ഒന്നാമത്തേതുമായ ദിവസം ഏഴ് ഏഴ് പ്രാവശ്യമാകുമ്പോൾ വി. പെന്തിക്കൊസ്തിയുടെ ഏഴു ആഴ്ചകൾ പൂർത്തീകരിക്കും. അപ്രകാരം ഒന്നിൽ ആരംഭിച്ച് ആ ഒന്നിൽത്തന്നെ അവസാനിക്കുന്ന പെന്തിക്കൊസ്തി അൻപതുദിവസത്തെ ഇടയ്ക്കുള്ള അമ്പതു ചംക്രമണങ്ങളിലൂടെ സാധിതമായി. ആയതിനാൽ ഇത് ഒരു നിത്യതയുടെ സാദൃശ്യമാണ്; ആരംഭം മുതൽ ഒരു വൃത്തമായി അതേ ബിന്ദുവിൽ അവസാനിക്കുന്ന പ്രക്രിയ. ഈ ദിവസം സഭയുടെ നിയമങ്ങൾ നമ്മെ പ്രാർത്ഥനയിൽ എഴുന്നേറ്റു നിൽക്കുവാൻ പഠിപ്പിക്കുന്നു. ഇതിൽക്കൂടി ഈ ലോകജീവിതത്തിൽ ഇനി ഒരിക്കലും ശ്രദ്ധ പതിപ്പിക്കാതെ വരുവാനുള്ള ലോകത്തിലെ ജീവിതത്തിന് ഊന്നൽ കൊടുക്കുവാനാണ് സൂചിപ്പിക്കുന്നത്. കൂടാതെ ഓരോ സമയവും നാം മുട്ടുകുത്തുകയും എഴുന്നേൽക്കുകയും ചെയ്യുമ്പോൾ നാം നമ്മുടെ പാപങ്ങൾ മൂലം ഭൂമിയിലേക്ക് (തറയിലേക്ക്) വീഴുകയും നമ്മുടെ സ്രഷ്ടാവിന്റെ കാരുണ്യാതിരേകത്താൽ സ്വർഗ്ഗത്തിലേക്കു തിരിച്ചു വിളിക്കപ്പെടുകയും ചെയ്യുന്നു എന്ന് പ്രകടമാക്കുന്നു."

വി. ബസ്സേലിയോസിന്റെ വളരെ അർത്ഥവത്തായ ഈ വിശദീകരണമാണ് ഉയിർപ്പു മുതൽ പെന്തിക്കൊസ്തിവരെയുള്ള ഞായറാഴ്ചകളിലെ സെദറാകളിലെ വേദശാസ്ത്രപ്രസ്താവനകളുടെ അടിസ്ഥാനം. ആദിയിൽ പിതാവാം ദൈവം ആദ്യദിവസം സൃഷ്ടി ആരംഭിച്ചു. ആറ് ദിവസങ്ങൾ കൊണ്ട് സൃഷ്ടി

പൂർത്തീകരിച്ചു. ഏഴാംദിവസം നിവൃത്തനായി ഏഴാംദിവസത്തെ അനുഗ്രഹിച്ചു (ഉല്പ.2.1-3). എട്ടാംദിവസം സൃഷ്ടി ആദ്യ ചംക്രമണം തുടങ്ങി. ആഴ്ച വട്ടത്തിന്റെ ഒന്നാംദിവസവും എട്ടാംദിവസവുമായ ഉയിർത്തെഴുന്നേൽപു ദിവസം യേശുക്രിസതു പാപത്തിനടിമപ്പെട്ട് വികലമായിത്തീർന്ന സൃഷ്ടിയെ പുതുക്കി തന്നിൽ ദ്രവത്തത്തിനും മരണത്തിനും അതീതമാക്കിത്തീർത്തു. വീണ്ടും അമ്പതു ദിവസത്തെ ഉയിർപ്പിന്റെ ചംക്രമണത്തിന്റെ പര്യവസാനത്തിൽ ഒന്നാം ദിവസവും എട്ടാംദിവസവുമായ പെന്തിക്കൊസ്തി ഞായറാഴ്ച പരിശുദ്ധാത്മാവ് സൃഷ്ടിയുടെ പുതുക്കത്തിന്റെ പൂർത്തീകരണം നിർവ്വഹിച്ചു. രക്ഷയുടെ അനുഭവം ക്രിസ്തുവിൽ നിന്ന് സഭ വഴിയായി പകർന്നുകൊടുക്കുന്നതുപോലെ പരിശുദ്ധാത്മദാനം സൃഷ്ടിമുഴുവനും പകർന്നുകൊടുക്കുവാൻ ദൈവം സജ്ജീകരിച്ചു. ഈ ഉയിർപ്പിന്റെ ശേഷമുള്ള 50 ദിവസം ഉയിർപ്പിന്റെ ചംക്രമണകാലമായതിനാൽ ഈ ദിവസങ്ങളിൽ മുട്ടുകുത്താതെ നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു. നിത്യതയുടെ സന്തോഷാഘോഷ കാലഘട്ടമാണ് ഇത്.

ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പുവരെ നിത്യത (Eternity) ഇല്ലായിരുന്നുവെന്നും ഉയിർത്തെഴുന്നേൽപ്പിലാണ് ആ നിത്യസന്തോഷം വിളംബരം ചെയ്തതെന്നും തെർത്തുല്യൻ പറയുന്നു.[18] ദൈവത്തിന്റെ 'ഇന്ന്' (സങ്കീ. 2.7) എന്നത് നിത്യതയെക്കുറിക്കുന്നുവെന്നും അതിന് ഭൂതകാലമോ ഭാവികാലമോ ഇല്ല എന്നും വി. ആഗസ്തീനോസ് രേഖപ്പെടുത്തുന്നു.[19] രാവും പകലും ഭൂത ഭാവികാലങ്ങളുമില്ലാത്ത നിത്യത നാം അനുഭവിക്കുകയും അതിന്റെ പൂർത്തീകരണത്തിനായി നാം വാഞ്ചയോടെ ഈ ലോകത്തിൽ കാത്തിരിക്കുകയും ചെയ്യുന്നു എന്ന് അദ്ദേഹം വീണ്ടും ഓർമ്മിപ്പിക്കുന്നു (On the Psalms, Ps.2.6). നിത്യതയാണ് നമ്മുടെ സങ്കേതസ്ഥാനമെന്നും സമയത്തിന്റെ വ്യത്യാസത്തിനതീതമായുള്ള ആ സ്ഥലത്ത് എന്നേക്കും വസിക്കുന്നതിനായി നാം പറന്നു പോകുമെന്നും 90—ാം സ്ങ്കീർത്തനം പത്താം വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് വി. ആഗസ്തീനോസ് നമ്മെ പ്രബോധിപ്പിക്കുന്നു (On Psalm XC, Prayers of Moses). ദൈവസന്നിധിയിൽ നിന്നുകൊണ്ട് അനവരതം സ്തുതി അർപ്പിക്കുന്ന മാലാഖമാരുടെ ഗായകസംഘത്തോട് ചേരുവാനാണ് നമുക്ക് നിത്യതയുടെ ശരീരം (ഉയിർപ്പിൽ രൂപാന്തരപ്പെടുന്ന) ലഭിക്കുന്നതെന്ന് യേരുശലേമിലെ വി. കൂറിലോസും നമ്മെ പഠിപ്പിക്കുന്നുണ്ട് (Catechetical letters, Lecture 1V). നിത്യതയെന്നുള്ളത് സമയമോ സമയത്തിന്റെ ഒരു ഭാഗമോ അല്ലെന്നും അത് അളക്കുവാൻ പാടില്ലാത്തതാണെന്നും സമയമെന്നത് സൂര്യന്റെ ഗതിയനുസരിച്ച് നമുക്ക് അനുഭവപ്പെടുന്നതുപോലെ നിത്യതയും ഒരു തരത്തിലുള്ള അവസാനിക്കാത്ത ചലനമാണെന്നും അത് ഉണ്മയോടൊപ്പം തുടരുന്നുവെന്നും നാസ്സിയാൻസിലെ വി. ഗ്രീഗോറിയോസ് പഠിപ്പിച്ചു (On the Theophany V111).

ഉപസംഹാരം

നമ്മുടെ ആരാധനക്രമങ്ങളിലെല്ലാം , നിന്നുകൊണ്ടുള്ള ആരാധന നിത്യതയിലുള്ള നിലക്കാത്ത അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. വി. കുർബ്ബാനയിൽ, വി. യോഹന്നാൻ ശ്ലീഹായുടെ സെദറായിൽ ,"കർത്താവേ! പരിശുദ്ധാത്മാവു പറന്നു വന്ന് നിന്റെ രഹസ്യങ്ങളുടെ മേൽ ആവസിക്കുന്നതായ ഈ സമയത്ത് ഞാനും അദൃശ്യമായി ആത്മീകചിറകുകളാൽ നിന്റെ വിശിഷ്ടമായ നിവാസസ്ഥാനത്തേക്ക് പറന്നെത്തുമാറാകണമെ" എന്ന പ്രാർത്ഥന നിത്യതയിലേക്കു അനുനയിക്കപ്പെടുന്ന അനുഭവമാണ്. വാങ്ങിപ്പോയ ആചാര്യന്മാരുടെയും മറ്റെല്ലാവരുടെയും ഓർമ്മയിലെ പ്രുമിയോനുകളിൽ നിത്യതയുടെ പ്രകാശലോകത്തേക്ക് ആനയിക്കപ്പെടുവാനുള്ള പ്രാർത്ഥനകൾ ഉൾപ്പെടുത്തിയിരിക്കുന്നു. നിലയ്ക്കാത്ത യാത്രയും ക്ഷീണിച്ചു പോകാതെ മാലാഖമാരുടെ വൃന്ദത്തോടൊപ്പമുള്ള ആരാധനയുടെ നില്പും നമ്മുടെ യുഗാന്ത്യവീക്ഷണമാണ്. അതിന്റെ ആവിഷ്ക്കാരവും മുന്നാസ്വാദനവും നമ്മുടെ ആരാധനയിൽ പ്രകടമാക്കുന്ന സന്തോഷത്തിന്റെ ഭാവാനുഷ്ടാനമാണ് നിന്നുകൊണ്ടുള്ള പ്രാർത്ഥന. "ഏറ്റവും കരുണയുള്ളവനായ ദൈവമേ! നീ എഴുന്നള്ളുന്ന ആ വലിയ ദിവസത്തിൽ നിന്റെ വലത്തു ഭാഗത്തു ഞങ്ങളെ നിർത്തണമെ" എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. നമ്മുടെ വാങ്ങിപ്പോയ മാതാപിതാക്കളേയും സഹോദരീ സഹോദരങ്ങളേയും ദൈവത്തിന്റെ വലത്ത്ഭാഗത്ത് പരിശുദ്ധന്മാരുടെ നിരയിൽ നിർത്തണമേ എന്ന പ്രാർത്ഥന സഭയുടെ മനസ്സ് വ്യക്തമാക്കുന്നു. കർത്താവിന്റെ രണ്ടാം വരവിലുള്ള നമ്മുടെ നിലയുടെ മുന്നാസ്വാദനമാണ് ആരാധനയിൽ നാം നിന്നുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ ലഭിക്കുന്നത് ("നിൻ വരവിങ്കൽ നിന്റെ വലത്തായ് ഞങ്ങളെ നിർത്തണമെ നാഥാ ത്രിത്വത്തെ ഏറ്റുപറഞ്ഞ മൃതന്മാരെ"). ക്രിസ്തുവിന്റെ വലഭാഗത്ത് പരിശുദ്ധന്മാരുടെ നിരയിൽ നമ്മുടെ വാങ്ങിപ്പോയവരെ നിർത്തണമെ എന്ന് കാനോനിക നമസ്ക്കാരങ്ങളിലെ യാമപ്രാർത്ഥനയിൽ വാങ്ങിപ്പോയവരെ ഓർമ്മിക്കുന്നിടത്ത് പല പ്രാവശ്യം നാം ചൊല്ലാറുണ്ട്. നീതിസൂര്യനായ ക്രിസ്തുവിന്റെ ദിവ്യശോഭയുടെ പ്രഭാവലയത്തിൽ പകലും രാവുമില്ലാത്ത നിത്യദിവസത്തിന്റെ മുന്നാസ്വാദനത്തിൽ ആരാധനയിൽ നമുക്ക് നിവർന്നു നിൽക്കാം; നമുക്ക് ഭയഭക്തി ബഹുമാനത്തോടെ നിൽക്കാം; ക്രിസ്തുവുമായി നമ്മുടെ മനസ്സിനെ കോർത്തിണക്കി നിൽക്കാം; രക്ഷയുടെ ഉറപ്പും വിളംബരവും പ്രകടമാക്കുവാൻ നിൽക്കാം; തിന്മയോടുള്ള പോരാട്ടത്തിനായി നിൽക്കാം; സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ നിൽക്കാം; പശ്ചാത്തപിച്ചുകൊണ്ടു നിൽക്കാം; മദ്ധ്യസ്ഥത സമർപ്പിച്ചുകൊണ്ടു നിൽക്കാം; ആശീർവാദം സ്വീകരിക്കുവാനും നേരുവാനും നിൽക്കാം; വിശുദ്ധിയെ പൂർത്തീകരിച്ചുകൊണ്ട് വരുവാനുള്ള ലോകത്തിന്റെ മുന്നാസ്വാദനത്തിൽ നിൽക്കാം. "നിൻ വരവിൻ വൻപുലരിയതിൽ ഞങ്ങളെ നിർത്തണമെ വലമായ്." സ്തൗമെൻകാലോസ്!!!

1. St. Athansius, Against the Heathens, NPNF. Vol 4 P. 6
2. Confession of Augustine Books iii chapter xi NPNF Vol 1, P. 66, 67, 84
3. Dictionary of Christian Antiquities, Vol. 2, P. 1684, London, 1880
4. De Corona, Chapter iii, ANF, Vol.3. P. 195
5. NPNF Vol 3. P. 42
6. Apostolic Constitutions, 2. 7. 59, ANF Vol. 7 P. 423
7. Justin Martyr, First Apology, Chapter 67, ANF, Vol 1, P. 185 ff
8. On Prayer, 16, ANF vol 3 p. 1534
9. George Florovsky; Bible, Church, Tradition, An Eastern Orthodox View, Vol 1 Chpter iv P. 45, 65
10. Stromata,vii. 7,ANF, Vol. 2, P. 545
11. On Prayer, Ch. xvi; ANF. Vol iii, P. 686
12. On the Lord's Prayer, 31,32, ANF Vol 5, P. 455
13. St. Augustine, Sermon on the Mount, Ch v. 17, NPNF. Vol 6 P. 39-40
14. St. Cyril of Jerusalem (318-386), Catechetical Lecture, iv NPNF. Vol. 7 P. 37
15. St. Cyril of Jerusalem, Catechetical Lecture iv, NPNF Vol 7, P. 37
16. Tertullian, De Corona, Chapters iii, ANF Vol 3, P. 94, 103
17. St. Basil (329-378) On the Spirit, Ch. 27.66 NPNF, Vol. 8 ,P. 42
18. On the Ressurection of the Flesh, Chapters LV111
19. On the gospel of St. John, Tract XXX1, Ch, V11.5



രാമമംഗലം പഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കിഴുമുറി ഇടവകയുടെ കൈത്താങ്ങ്

കിഴുമുറി: സെന്റ്. ജോർജ് ഓർത്തഡോക്സ് പള്ളിയുടെ ഉടമസ്ഥതയിലുള്ള ജോർജ്ജിയൻ സെന്റർ ക്വാറന്റൈൻ ക്യാംപിനായി വിട്ടുനൽകി. പള്ളി വികാരി ഫാ. ജിൻസ് കെ. ജോൺ പഞ്ചായത്ത് സെക്രട്ടറിക്ക് സെന്ററിന്റെ താക്കോൽ ഔപചാരികമായി കൈമാറി. പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. മിനി കുമാരി, വാർഡ് മെംബർ ശോഭന സുരേന്ദ്രൻ, പള്ളി ട്രസ്റ്റി പോൾ ടി. ഐസക്ക്, സെക്രട്ടറി ബേബി പോൾ, ഹെൽത്ത് ഡിപാർട്ട്മെന്റ് അധികൃതർ എന്നിവർ സമീപം.

വചനജീവിതത്തിന്റെ പാഠഭേദങ്ങൾ

(പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായർ)

വി. മർക്കോസ് 4:1–20

(വി. മത്തായി 13.1–20, വി. ലൂക്കോസ് 8.5–15)



ഫാ. യോഹന്നാൻ കെ. (സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ സരളമായ രീതിയിൽ തന്റെ ജനങ്ങളോട് പ്രസ്താവിക്കുവാനും തന്റെ ജീവിതം വഴി അത് കാണിച്ചുകൊടുക്കുവാനുമാണ് ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയിൽ കൂടി ശ്രദ്ധ ചെലുത്തിയത്. തന്നെ സമീപിക്കുന്ന ജനങ്ങളുടെ ജീവിതരീതികളും അവർ ജീവിച്ചിരുന്ന ചുറ്റുപാടുകളുടെ വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകളും, സംസ്ക്കാര വൈവിധ്യങ്ങളുമെല്ലാം, ദൈവരാജ്യ പ്രഘോഷണത്തിനായി ക്രിസ്തു തെരഞ്ഞെടുത്തു. വേദ പണ്ഡിതരുടെ അഭിപ്രായത്തിൽ സുവിശേഷങ്ങളിൽ മുഴുവനായി ഏകദേശം 37 ഉപമകൾ ക്രിസ്തു പറയുന്നതായി കാണുന്നു. സമവീക്ഷണ സുവിശേഷങ്ങളായ വി. മത്തായി, വി. മർക്കോസ്, വി. ലൂക്കോസ് എന്നിവയിലാണ് ഇവ നാം കാണുന്നത്. വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഉപമകളായുള്ള ക്രിസ്തുവിന്റെ പ്രഘോഷണം വിവരിക്കുന്നില്ല (William Barry, Catholic Encyclopedia).

ചെറിയ കഥകളിലൂടെ, സത്യവും നീതിനിഷ്ഠവുമായ വലിയ ഒരു ആശയം മറ്റുള്ളവരിലേക്ക് പങ്കുവയ്ക്കുന്ന രീതിയ്ക്കാണ് ഉപമകൾ എന്ന് പറയുന്നത്. സംവദിക്കപ്പെട്ട കഥകളിലൂടെ ആശയം ഉൾക്കൊള്ളുവാൻ ശ്രോതാവിന് സാധിച്ചില്ലെങ്കിൽ അത് കടങ്കഥകളായി മാറുന്നു. വി. ഗ്രന്ഥത്തിൽ ഇത്തരത്തിലുള്ള ആശയ സംവേദനങ്ങൾ അനേകങ്ങളായിട്ടുണ്ട് (ന്യായാധിപന്മാർ 14.14. ഇത് ഒരു കടംകഥയാണ്. ശിംശോന്റെ ഈ കടങ്കഥയ്ക്ക് ഉത്തരം നൽകുവാൻ ഫെലിസ്ത്യർക്ക് കഴിയുന്നില്ല. 2 ശമുവേൽ 12.1- 4. നാഥാൻ പ്രവാചകൻ ദാവീദിനോടു പറയുന്ന കഥ. അതിന്റെ അവസാനം ദാവീദിന് കഥയുടെ പൊരുൾ മനസ്സിലാകുന്നു. തനിക്ക് ചുറ്റും കൂടിയിരിക്കുന്ന ജനക്കൂട്ടത്തോട് ഒരു പടകിൽ കയറി യിരുന്നാണ് അവൻ ദൈവരാജ്യത്തിന്റെ മർമ്മങ്ങളെപ്പറ്റി പറയുന്നത്. 'കേൾപ്പീൻ' എന്ന ശക്തമായ ആജ്ഞാസ്വഭാവമുള്ള ഭാഷയാണ് ക്രിസ്തു ഉപയോഗിക്കുന്നത്; കൂടാതെ ഉപമയുടെ അന്ത്യത്തിൽ 'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ' എന്ന ആലങ്കാരിക ഭാഷയും ഉപയോഗിക്കുന്നു (4.3, 9). അപ്പോൾ ഈ ഉപമകൾ വെറും കേൾവി മാത്രമല്ല; മറിച്ച് അതിന്റെ അർത്ഥവും ഉദ്ദേശ്യവും സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും കൂടി വേണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. എല്ലാവരും ചെവിയുള്ളവരെങ്കിലും, യഥാർത്ഥ കേൾവിക്കാരല്ല എന്ന്, പലർക്കും തങ്ങൾ കേട്ടത് ഒരു കടങ്കഥയായി മാത്രം അവശേഷിക്കുന്നു എന്നതും ഈ ഉപമ കാണിച്ചു തരുന്നു.

'വിതക്കാരന്റെ ഉപമ' എന്ന തലക്കെട്ടിൽ ഇന്ന് നാം വായിച്ചു കേട്ട ഉപമ ക്രിസ്തു പറഞ്ഞ ഉപമകളിൽ ശക്തവും, അർത്ഥവത്തായതുമായ ഒന്നാണ്. സമവീക്ഷണ സുവിശേഷങ്ങളിലെല്ലാം തന്നെ ഈ ഉപമയെപ്പറ്റി വിവരിക്കുന്നുണ്ട് (വി. മത്തായി 13.3 - 9, വി. മർക്കോസ് 4.3 - 9, വി. ലൂക്കോസ് 8.5 - 8). എന്തുകൊണ്ട് ക്രിസ്തു ഉപമകളാൽ പ്രസ്താവിച്ചു എന്ന് സുവിശേഷകൻ എടുത്തു കാട്ടുന്നു (4.34 - 35, മത്തായി 13.34 - 35, സങ്കീർത്തനം 78.2). ഒരു വിത ക്കാരന്റെ ജോലിയോട് ബന്ധപ്പെട്ട അനുബന്ധ സംഭവങ്ങളാണ് ദൈവ രാജ്യത്തിന്റെ മർമ്മങ്ങളെ ഗ്രഹിപ്പിക്കുവാൻ ക്രിസ്തു ഉപയോഗിച്ചത്. അതിൽക്കൂടി ഇന്ന് നമുക്ക് ലഭിക്കുന്ന സദ്വിചാരങ്ങൾ എന്തെന്ന് പരിശോധിക്കാം.

1. ഉത്തരവാദിത്വബോധമുള്ള യഥാർത്ഥ കർഷകന്റെ ആത്മസമർപ്പണം ഒരു ക്രിസ്തു ശിഷ്യനുണ്ടായിരിക്കണം

പാലസ്തീനിൽ ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളിൽ പ്രധാനമായവയാണ് കാർഷികവൃത്തി, മൃഗപരിപാലനം, മത്സ്യബന്ധനം എന്നിവ. അതിപുരാതന കാലം മുതൽക്കുതന്നെ കാർഷികവൃത്തി പ്രധാനപ്പെട്ട ഒരു ജീവിതമാർഗ്ഗമായി വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നു (ഉല്പത്തി 4.2, പുറപ്പാട് 23.16, 34.22, ലേവ്യ 23.15 - 22). ഇസ്രായേലിന്റെ എല്ലാ ഗോത്രങ്ങൾക്കും, ലേവ്യർക്കൊഴികെ, പ്രത്യേക വാസസ്ഥലവും കൃഷിസ്ഥലവും ഉണ്ടായിരുന്നു. തങ്ങളുടെ വയലുകൾ കൃഷിയോഗ്യമാക്കുവാനും, അതിൽ നിന്ന് നൂറു മേനി വിളവെടുപ്പ് ലഭിക്കുവാനുമായി കർഷകർ അധ്വാനിക്കുമായിരുന്നു (1 രാജാക്കന്മാർ 21, ഉത്തമഗീതം 7.13, സങ്കീർത്തനം 126.5 - 6). തരിശുനിലങ്ങളെ, കിളച്ചു ഒരുക്കി വളക്കൂറുള്ളതാക്കി കൃഷിയോഗ്യമാക്കിത്തീർക്കുവാൻ അവർ ശ്രദ്ധിക്കുമായിരുന്നു. പ്രകൃതിയുടെ ഋതുഭേദങ്ങൾ മനസ്സിലാക്കി അതിനനുസൃതമായി കൃഷി ചെയ്യുവാൻ ഒരു യഥാർത്ഥ കർഷകൻ യത്നിക്കുന്നു. തന്റെ നിലത്തെ അതിനായി ഒരുക്കുന്നു. ഇത്തരത്തിലുള്ള ആത്മസമർപ്പണം ഒരു ക്രിസ്തുശിഷ്യന് ഉണ്ടായിരിക്കണം. തന്നെ ഏല്പിക്കുന്ന ഉത്തരവാദിത്വങ്ങളും നിക്ഷിപ്തമായിരിക്കുന്ന ചുമതലകളും പരിപൂർണ്ണ സമർപ്പണത്തോടെ ചെയ്യുവാൻ അവന് / അവൾക്ക് സാധിക്കണം. ഈ ഉപമയിൽ വിതയ്ക്കുന്നവൻ ദൈവമാണ്. പരിപൂർണ്ണതയിലാണ് അവൻ അത് ചെയ്യുന്നത്. അതിനാലാണ് നൂറു മേനി വിളവെടുപ്പ് ലഭിക്കുന്നത്. തന്റെ ജനത്തെ ഒരുക്കുവാനും, ദൈവിക കൃപയിൽ വഴി നടത്തുവാനും പ്രതികൂലങ്ങളായ പല അവസ്ഥാന്തരങ്ങളെയും അതിജീവിക്കുവാനും ക്രിസ്തുശിഷ്യന് കഴിയണം. അങ്ങനെ ഒരുക്കപ്പെട്ട വയലുകളാകുന്ന, ഹൃദയങ്ങളിൽ ദൈവചൈതന്യം ആഴത്തിൽ വേരൂന്നി വളരുകയും, തന്മൂലം അനേകർക്ക് വെളിച്ചമായിത്തീരുവാനുള്ള ഉപകരണങ്ങളായി നാം മാറ്റപ്പെടുകയും ചെയ്യും. അവിടെയാണ് സങ്കീർത്തനക്കാരൻ സൂചിപ്പിക്കുന്ന കൊയ്ത്തുത്സവത്തിന്റെ ആർപ്പുവിളിയും, ആഹ്ലാദങ്ങളും ഉണ്ടാകുന്നത് (സങ്കീർത്തനം 126.6). നിരാശയും പ്രതികൂലവും വെടിഞ്ഞ്, ധൈര്യത്തോടെ വിത്തുമായി നമുക്ക് പോകാം, വിതയ്ക്കാം. നിശ്ചയമായും ഫലമുണ്ടാകും.

2. നിരാശയെ അതിജീവിക്കുന്ന പ്രതീക്ഷ ജീവിതത്തിൽ ഉണ്ടായിരിക്കുക

വളരെ ശ്രദ്ധയോടും കരുതലോടും ആത്മസമർപ്പണത്തോടും കൂടി ഒരുക്കപ്പെട്ട വയലിലേക്കാണ് കർഷകൻ വിതയ്ക്കുവാനായി പോകുന്നത്. എന്നാൽ വിതസമയത്ത് മറ്റു ചില സ്ഥലങ്ങളിലും കുറെ വിത്തുകൾ വീണേക്കാം. അതിനെപ്പറ്റി ആകുലപ്പെടാതെ, തന്റെ ജോലിയിൽ മുഴുകുകയും, നൂറു മേനിയുടെ വിളവ് തന്റെ ഈ അധ്വാനത്തിലൂടെ ദൈവം തരുമെന്ന് അവൻ പ്രതീക്ഷിക്കുന്നു (ആവർത്തനം 11.10 - 17). വഴിയരികിൽ വീണതും, പാറപ്പുറത്ത് വീണതും, മുള്ളിനിടയിൽ വീണതുമെല്ലാം വിത്തിന്റെ ഉള്ളിലുള്ള ജീവനെ ക്ഷണഭംഗുരമാക്കുന്നതായ അവസ്ഥകളായിരുന്നു. വിത്തിനുള്ളിലുള്ള ജീവൻ പൂർണമായ അർത്ഥത്തിൽ മുളച്ചത് നല്ല നിലത്തു വീണപ്പോൾ മാത്രമായിരുന്നു. അതിനാൽ തന്നെ നഷ്ടപ്പെട്ടുപോയ വിത്തുകളെ കേന്ദ്രീകരിച്ചല്ലായിരുന്നു കർഷകൻ തന്റെ പ്രവൃത്തി തുടർന്നുകൊണ്ടിരുന്നത്. അതെല്ലാം വിത്തു വിതയ്ക്കുമ്പോൾ സംഭവിക്കാവുന്ന ഒന്നായി മാത്രമാണ് കർഷകൻ കണ്ടത്.

ഈ ഉപമയുടെ ആരംഭത്തിൽ, പുരുഷാരത്തിന്റെ ആധിക്യം കാരണമാണ് ക്രിസ്തു പടകിൽ കയറി, അതിലിരുന്ന് തന്റെ വചനങ്ങളെ പറഞ്ഞത് എന്ന് നാം കാണുന്നു. എന്നാൽ പിന്നീട് ക്രിസ്തു തനിച്ചിരിക്കുമ്പോൾ ഒരു ചെറിയ കൂട്ടം ആളുകൾ മാത്രമാണ് മുമ്പ് താൻ പറഞ്ഞ ഉപമയുടെ പൊരുൾ അറിയുവാൻ ക്രിസ്തുവിന്റെ അടുക്കൽ ചെന്നത്. അപ്പം തിന്നു തൃപ്തരായതുകൊണ്ടു മാത്രം ക്രിസ്തുവിനെ അന്വേഷിക്കുന്ന ഒരു ജനവിഭാഗവും അവന്റെ ചുറ്റിനുംഉണ്ടായിരുന്നു (യോഹ. 6.26). ക്രിസ്തുവിന്റെ വചനങ്ങളെ കേൾക്കാൻ താത്പര്യമുണ്ടായിട്ടല്ല, മറിച്ച് അവനിൽ നിന്നും ലഭിക്കുന്ന അത്ഭുതങ്ങളുടെ പങ്കുകാരാകുവാനാണ് ക്രിസ്തുവിനു ചുറ്റും നിന്ന് തിരക്കുകൂട്ടി അവനെ പിന്തുടർന്നത്. ഇവരെപ്പറ്റിയാണ് തന്റെ ഉപമയിൽ കൂടി മൂന്ന് വ്യത്യസ്ത തരത്തിലുള്ള മണ്ണിനെപ്പറ്റിയും അതിൽ വീണ വിത്തിന്റെ അവസ്ഥാന്തരങ്ങളെപ്പറ്റിയും ക്രിസ്തു സൂചിപ്പിച്ചത്. വഴിയരികെ വീണ വിത്തുകൾ ഉടൻതന്നെ പക്ഷികളാൽ നശിപ്പിക്കപ്പെടുന്നു. പാറപ്പുറത്ത് വീണവ പാറയുടെ ഉഗ്രതയാൽ വേരിറക്കമില്ലാതായിത്തീരുന്നു. മുള്ളിനിടയിൽ വീണവ മറ്റുള്ളവയുടെ ഞെരുക്കങ്ങളാൽ ഇടറിപ്പോകുന്നു. വചനം വിതയ്ക്കപ്പെട്ട മനുഷ്യന്റെ മൂന്ന് അവസ്ഥകളാണ് ഇവ. പരുക്കരും കഠിനഹൃദയരുമായതിനാൽ എത്തിനോക്കാൻ പോലും ആകാതെ മാറി നടക്കുന്നവർ, ജീവിതം പൊള്ളയായ ചില ഏച്ചുകെട്ടലുകളിൽ ആടിത്തീർക്കുന്നവർ, എന്തിനെപ്പറ്റിയും വിചാരപ്പെടുകയും, ഉത്കണ്ഠപ്പെടുകയും ചെയ്തിട്ട് നിരാശാജീവിതം നയിക്കുന്നവർ. ഇവരൊന്നും 'ചെവിയുള്ള യഥാർത്ഥ' കേൾവിക്കാർ അല്ലായിരുന്നു എന്നാണ് വചനം നമ്മോട് പറയുന്നത്. അതിനാലാണ് തന്നെ യഥാർത്ഥമായി അനുഗമിച്ച, തന്റെ വചനം കേട്ട് അനുസരിച്ച് നടന്ന ഒരു കൂട്ടം ആടുകളെ 'ചെറിയ അജഗണമേ' (ലൂക്കോസ് 12.32) എന്ന് ക്രിസ്തു എപ്പോഴും വിളിച്ചിരുന്നത്.

നമ്മുടെ മിനിസ്ട്രിയിലും ഇത് സംഭവിക്കാവുന്നതാണ്. നൂറു മേനി പ്രതീക്ഷിച്ച് നാം വിതയ്ക്കുമ്പോൾ, ചില ആടുകളിൽ നിന്നും, നേതാക്കളിൽ നിന്നുമൊക്കെ തീർത്തും വിപരീതമായ പ്രതികരണങ്ങൾ ഉണ്ടാവുമ്പോൾ, അവിടെ തളർന്നുപോകാതെ, കർഷകന്റെ യഥാർത്ഥ സ്വപ്നത്തിന്റെ ആഹ്ലാദ ഭാവങ്ങൾ വിട്ടുകളയാതെ മുന്നേറണമെന്നാണ് ക്രിസ്തു പഠിപ്പിക്കുന്നത്. അപ്പോൾ വഴിയരികെ വീണ വിത്തിന്റെയും, പാറപ്പുറത്ത് വീണവയുടെയും മുള്ളിനടിയിൽ വീണവയുടെയും എല്ലാം കൂടി ചേർന്ന് നൂറു മേനിയുടെ വിളവ് ലഭിക്കുവാൻ ഇടയാകും. കൂട്ടത്തിൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഞെരുക്കങ്ങളും ഒഴിച്ചുകൂടാനാകാത്തവയാണെന്നും അതിനെ തരണം ചെയ്യാൻ 'നല്ല നില'ത്തിന്റെ അനുഭവം നമുക്ക് പ്രതീക്ഷ നൽകുന്നു. നിരാശയും പ്രതികൂലവും വെടിഞ്ഞ് ധൈര്യത്തോടെ വിത്തുമായി നമുക്ക് പോകാം, വിതയ്ക്കാം. നിശ്ചയമായും ഫലമുണ്ടാകും. ഈ ശുഭാപ്തിയിൽ ദൈവവചനമാകുന്ന വിത്ത് വിതയ്ക്കാൻ ഓരോ ക്രിസ്തുശിഷ്യനും സാധിക്കട്ടെ ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഉറവ വറ്റാത്ത നന്മയുടെ കരുതൽ

പഴഞ്ഞി: ഓല മേഞ്ഞ കൂരയിൽ അടച്ചുറപ്പില്ലാതെ നനഞ്ഞും, വൈദ്യുതി ഇല്ലാതെയും ദുരവസ്ഥയിൽ കഴിഞ്ഞിരുന്ന പഴഞ്ഞി മാർ ബസേലിയോസ് സ്കൂളിലെ വിദ്യാർത്ഥിയുടെ വീടിന്റെ നവീകരണം അധ്യാപകരുടെ നേതൃത്വത്തിൽ പൂർത്തിയാക്കി. സ്കൂൾ മാനേജർ ഫാ ജോസഫ് ചെറുവത്തൂർ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ നൽകിയ TV യുടെ സ്വിച്ച് ഓൺ വാർഡ് മെമ്പർ മോളി തമ്പി നിർവഹിച്ചു. തദവസരത്തിൽ ഈ കൂട്ടായ്മക്ക് കരുതലായി നിന്ന കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് മെമ്പർ വിജയ ഗോപി, വയറിംഗ് മെറ്റിരിയൽ ഉൾപ്പെടെ സൗജന്യമായി വയറിംഗ് നടത്തി തന്ന ഇലക്ട്രീഷൻമാരായ ഷിബു ജോബ് സി , പ്രിൻസ് എ കെ , കുടുക്കയിലെ മുഴുവൻ സമ്പാദ്യവും സഹപാഠിക്ക് നൽകിയ മാസ്റ്റർ സായൂജ് എസ്. എസ്. എന്നിവരെയും ആദരിച്ചു.

പഴഞ്ഞി കത്തീഡ്രലിന്റെ മാനേജ്മെൻറിലാണ് മാർ ബസ്സേലിയോസ് സ്കൂൾ പ്രവർത്തിക്കുന്നത്. കുന്നംകുളം ഭദ്രാസന സെക്രട്ടറിയും പഴഞ്ഞി കത്തീഡ്രൽ വികാരിയുമായ ഫാ. ജോസഫ് ചെറുവത്തൂർ, മാർ ബസ്സേലിയോസ് സ്കൂളിന്റെ പ്രധാനാധ്യാപകനും കുന്നംകുളം ഭദ്രാസന കൗൺസിൽ മെമ്പറുമായ ജീബ്ലസ്സ് ജോർജ്ജ്, പഴഞ്ഞി കത്തീഡ്രൽ കൈ സ്ഥാനി സുമേഷ് പി. വിൽസൺ, സെക്രട്ടറി ലിജിൻ ചാക്കോ, സ്കൂളിലെ മറ്റ് അദ്ധ്യാപകർ തുടങ്ങി നിരവധി സുമനസുകളുടെ അശ്രാന്ത പരിശ്രമങ്ങളാണ് ഈ സംരംഭത്തിന് കരുത്തേകിയത്.



കോവിഡ് നൽകിയ നിയോഗം

ന്യൂഡൽഹി: കോവിഡ്-19 പോസിറ്റീവ് ആയി ഒരു മാസം പിന്നിട്ടപ്പോൾ ശരീരത്തിൽ രൂപപ്പെട്ട ആന്റിബോഡിയിൽ നിന്ന് ഒരംശം നൽകി രണ്ടു പേർക്ക് പുതുജീവൻ പ്രദാനം ചെയ്ത ജോജി നൈനാനെ ആദരിക്കുന്നു. ഡൽഹി സർക്കാർ വസന്ത് കുഞ്ജിൽ തുടങ്ങിയ പ്ലാസ്മ ബാങ്കിൽ 500 മില്ലി പ്ലാസ്മയാണ് ജോജി നൽകിയത്. ഇനി ദൈവം അനുവദിച്ചാൽ 15 ദിവസം കഴിഞ്ഞു വീണ്ടും നൽകാൻ ആഗ്രഹിക്കുന്നതായി ജോജി അറിയിച്ചു. അടുത്ത രണ്ടു മാസം ആന്റിബോഡി ശരീരത്തിൽ ഉണ്ടാകും എന്നാണ് ആരോഗ്യപ്രവർത്തകർ പറയുന്നത്. ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കേന്ദ്ര കമ്മിറ്റിയംഗമാണ് ജോജി നൈനാൻ.



ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ ഓർമ്മദിനത്തിൽ റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ കബറിങ്കൽ നടന്ന ധൂപപ്രാർത്ഥന. ഡോ യൂഹാനോൻ മാർ ദിയസ്ക്കോറോസും ജോഷ്വ മാർ നിക്കോദിമോസും നേതൃത്വം നൽകി.



ജൈവപച്ചക്കറി കൃഷി വിളവെടുപ്പ്

കോലഞ്ചേരി: കണ്ടനാട് വെസ്റ്റ് ഭദ്രസനാസ്ഥാനമായ കോലഞ്ചേരി പ്രസാദം സെന്ററിന്റെ അങ്കണത്തിൽ നടത്തിയ ജൈവപച്ചക്കറി കൃഷിയുടെ ആദ്യ വിളവെടുപ്പ് ഇടവക മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസ് നിർവഹിച്ചപ്പോൾ.

മരോട്ടിച്ചാൽ സെന്റ് ജോർജ്ജ് പള്ളി മലങ്കര ഓർത്തഡോക്സ് സഭയുടേത്

തൃശൂർ ഭദ്രാസനത്തിലെ മരോട്ടിച്ചാൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, മലങ്കര ഓർത്തഡോക്സ് സഭയുടെതാണെന്ന് ഹൈക്കോടതി ഉത്തരവായി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ നിയോഗിക്കുന്ന വികാരിക്ക് മാത്രം കർമ്മങ്ങൾ നടത്താനാണ് അനുമതി. വിഘടിത വിഭാഗം നടത്തിയ കലാപത്തിന്റെ ഫലമായി കഴിഞ്ഞ 21 വർഷമായി പള്ളി പൂട്ടി കിടക്കുകയായിരുന്നു.